# കരയോഗ സൗഹൃദം


*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 ലക്കം - 10 കന്നി - 1194 ഒക്ടോബർ 2018






എറണാകുളം കരയോഗം നവരാത്രി ആഘോഷമത്സരങ്ങൾ കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ ഉദ്ഘാടനം ചെയ്യുന്നു.



മുഖ്യമന്ത്രിയുടെ പ്രളയ ദുരാതാശ്വാസ നിധിയിലേക്ക് എറണാകുളം കരയോഗത്തിന്റെ വകയായി 5,55,555 രൂപയുടെ ചെക്ക് ശ്രീ ജോൺ ഫെർണാണ്ടസ് എം എൽ എയ്ക്ക് കൈമാറുന്നു



എറണാകുളം കരയോഗവും, മഹാകവി കാളിദാസ സാംസ്കാരിക വേദിയും സംയുക്തമായി പ്രളയ ദുരന്തത്തിൽ ജീവൻ വെടിഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിക്കുന്നു



പ്രശസ്ത ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞൻ ശ്രീ.നമ്പി നാരായണന് എറണാകുളം കരയോഗത്തിന്റെ സ്നേഹോപഹാരം പ്രസിഡന്റ് കെ.പി.കെ.മേനോൻ സമ്മാനിക്കുന്നു.



എറണാകുളം കരയോഗം സാമൂഹ്യ സേവന വിഭാഗമായ ചൈത്രം പ്രളയബാധിതർക്കായി ചേരാനെല്ലൂരിൽ സംഘടിപ്പിച്ച സൗജന്യമെഡിക്കൽ ക്യാമ്പിൽ നിന്ന്.....



എറണാകുളം ജനറൽ ഹോസ്പിറ്റലിലെ പാലിയേറ്റിവ്, ഡയാലിസിസ്, ART വിഭാഗവുമായി സഹകരിച്ച് കിടപ്പുരോഗികൾക്കുള്ള സൗജന്യഭക്ഷ്യോല്പന്ന കിറ്റ് വിതരണം ഫോർട്ട്കൊച്ചി ആർ.ഡി.ഒ. ശ്രീ.എസ്. ഷാജഹാൻ നിർവ്വഹിക്കുന്നു.



എറണാകുളം കരയോഗം ഫിലിം ക്ലബ്ബും മെട്രോ ഫിലിം സൊസൈറ്റിയും സംയുക്തമായി ടി.ഡി.എം. ഹാളിൽ സംഘടിപ്പിച്ച ഷോർട്ട് ഫിലിം & ഡോക്യുമെന്ററി ഫെസ്റ്റിവലിൽ പി.രാമചന്ദ്രൻ (വേണു) സംസാരിക്കുന്നു.



എഡിറ്റോറിയൽ

# വില നിയന്ത്രണം അനിവാര്യം

നിത്യേനയെന്നോണം വർദ്ധിച്ചു കൊണ്ടിരിക്കുന്ന അവശ്യസാധങ്ങളുടെ വിലനിലവാരത്തെക്കുറിച്ചോ അതുമൂലം സാമാന്യജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ചോ  കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ വേണ്ടും വിധം ചിന്തിക്കുന്നില്ലായെന്നും ഈ വിഷയം അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നില്ലായെന്നുമുള്ള  സത്യം ആമുഖമായിത്തന്നെ പറഞ്ഞു കൊള്ളട്ടെ. അത്രയ്ക്കു രൂക്ഷമാണ് പ്രശ്നം. എന്നിട്ടും രണ്ടു സർക്കാരുകളും എന്തേ അനങ്ങാപ്പാറ നയം സ്വീകരിക്കുന്നു?

പച്ചക്കറി കടയിലെ സാധനങ്ങളുടെ വില കണ്ടാൽ ഏതൊരു സാധാരണക്കാരനും അന്ധാളിച്ചു പോകും. ഒരു കിലോ കാരറ്റ് 69/70 രൂപ, ഒരു കിലോ നേന്ത്രപ്പഴത്തിന് / കായ്ക്ക് 59/60 രൂപ, നാളികേരമാണെങ്കിൽ ഓരോ കടയിലും അവർക്ക് തോന്നുന്ന വിലയാണ് ഈടാക്കുന്നത്. വെളിച്ചെണ്ണയുടെ കാര്യം പറയേണ്ടതുമില്ല. പച്ചക്കറിയുടെ അവസ്ഥയെക്കാളും കഷ്ടമാണ്  അരിയുടെയും പലവ്യഞ്ജനങ്ങളുടെ കാര്യം. ഒന്നിനും വില കുറയുകയല്ല - ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. അവശ്യ സാധനങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും വേണ്ടതുപോലെയുള്ള ഇടപെടലുകൾ നടത്തുകയെന്നുള്ളതും സാമാന്യ ജനത്തിന്റെ ക്രയശേഷിക്കനുസരിച്ച് സാധനങ്ങൾ ലഭ്യമാക്കുക എന്നുള്ളതുമാണ് ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്ന ഒരു സർക്കാരിന്റെ പ്രഥമ കർത്തവ്യം. എന്തുകൊണ്ടോ നമ്മുടെ സർക്കാരുകൾ ഈ കാര്യത്തിൽ വേണ്ടപോലെ ഇടപെടുന്നില്ലയെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. അഥവാ ഇടപെടലുകൾ ഉണ്ടെങ്കിൽ തന്നെ അത് ഒട്ടും ഫലപ്രഥമാകുന്നില്ലയെന്നുള്ളതാണ് യാഥാർത്ഥ്യം.

# ഉള്ളടക്കം

വാല്യം 11 | ലക്കം 10 | ഒക്ടോബർ 2018

എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 11
ക്ഷേത്രങ്ങളിലൂടെ 14
മഹാഭാരത കഥ 17
മണ്ണിന്റെ മണമുള്ള ഓർമ്മകൾ 20
ശ്രീ. എസ്. നമ്പി നാരായണൻ.... 23
ഹരിസുധാലഹരി 27
പാതഞ്ജലയോഗ ദർശനം 29
ചില പ്രകൃതി നിയമങ്ങൾ 31
മഴയുടെ മണം 34
ദശപുത്രസമഃ 36
ശ്രീരാമൻ സുഗ്രീവനെ ഉപദേശിക്കുന്നത് 38
ആദരാഞ്ജലികൾ 39
പറയാൻ ബാക്കിവെച്ചത് 40
പഞ്ചാംഗ വിചാരം 43
വൻകരകളുടെ നീക്കം 48
99 ലെ വെള്ളപ്പൊക്കം 50
തൈറോയ്ഡ് രോഗങ്ങൾ 53
മാസഫലം 55
മാട്രിമോണിയൽ 56-66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

നിത്യോപയോഗ സാധനങ്ങളുടെ വില ഇത്രയധികം വർദ്ധിക്കുവാനുള്ള പ്രധാന കാരണം പെട്രോളിയം ഉത്പന്നങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റമാണ്. വില തീരുമാനിക്കുവാനുള്ള അവ കാശം എന്ന് ഇന്ധന കമ്പനികൾക്ക് നൽകിയോ അന്ന് തുടങ്ങി വിലക്കയറ്റമെന്ന ഈ ദുര്യോഗം. സർക്കാരുകളും നയങ്ങളും മാറിയിട്ടും ഇതു മാത്രം മാറ്റുന്നില്ല. ജി.എസ്.ടി നടപ്പാക്കുമ്പോൾ സാധങ്ങളു ടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് ധരി ച്ചവശായാണ് ജനം അതിനെ രണ്ടു കയ്യും നീട്ടി സ്വാഗതം ചെയ്തത്. അതുണ്ടായില്ലെന്ന് മാത്രമല്ല, അതുകൊണ്ട് (GST) അല്പമെങ്കിലും വില കുറവു ണ്ടാകാൻ സാധ്യതയുള്ള പൊട്രോളിയം ഉത്പന്ന ങ്ങളെ GST യുടെ പരിധിയിൽ കൊണ്ടു വന്നുമില്ല. പെട്രോളിയം ഉത്പന്നങ്ങളെ GST പരിധിയിൽ കൊണ്ടു വന്നാൽ സാമാന്യ ജനങ്ങൾക്ക് അല്പം ആശ്വാസം ലഭിച്ചേക്കാം. എന്നാൽ അതുമാത്രം ചെ യ്യുന്നില്ല, എന്നു മാത്രമല്ല കേന്ദ്ര സർക്കാരോ കേരള സർക്കാരോ , തങ്ങൾ ഈ ഇനത്തിൽ ചുമത്തിയി രിക്കുന്ന നികുതിയിന്മേൽ അല്പം കുറവ് വരുത്തി ജനത്തെ സഹായിക്കാം എന്നു ചിന്തിക്കുന്നുമില്ല.

ഏറ്റവും പ്രതിഷേധർഹമായ മറ്റൊന്ന് നൂറ്റാ ണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതിയിൽ പെട്ട് സർവ്വതും നശിച്ച് ജീവിതം മുമ്പോട്ട് കൊണ്ടുപോ കുവാൻ വഴികാണാതെ അങ്കലാപ്പിൽ പെട്ട് അല യുന്ന ജനത്തിന്റെ തലയിൽ GST സെസ്സ് എന്ന സാമ്പത്തിക ഭാരം കൂടി അടിച്ചേൽപ്പിക്കാൻ പോ കുന്നു പോലും. കേരളത്തിന്റെ പുനർനിർമ്മാണ ത്തിന് ധാരാളം മാർഗ്ഗങ്ങൾ വേറെ ഉണ്ടായിരിക്കെ, നിലവിലെ നികുതി ഭാരം കൊണ്ടു വീർപ്പുമുട്ടുന്ന ജനത്തിന്റെ നടുവൊടിക്കുന്ന ഈ പുതിയ സെസ്സ് ഒരു തരത്തിലും ന്യായീകരിക്കത്തക്കതല്ല. ഭരണം ജനക്ഷേമകരമാക്കാൻ സാധിച്ചില്ലെങ്കിലും ജനദ്രോ ഹപരമാക്കരുത്. ധനകാര്യ വകുപ്പ് അതു കേന്ദ്ര ത്തിന്റെയായാലും, സംസ്ഥാനത്തിന്റെയായാലും 'ഷൈലോക്യൻ' സാമ്പത്തിക സിദ്ധാന്തമല്ല നടപ്പാ ക്കേണ്ടത്. എന്തിനും ഏതിനും നികുതി വർദ്ധിപ്പി ച്ച് പരിഹാരം കാണുന്നത് സാമ്പത്തിക ശാസ്ത്ര വൈദഗ്ദ്ധ്യമല്ല പാപ്പരത്തമാണ് കാണിക്കുന്നത്.

കേന്ദ്രസർക്കാരിനോടും, കേരള സർക്കാരി നോടും ഒന്നു മാത്രമേ പറയാനുള്ളു, വിലക്കയത്തിൽ പെട്ടുഴലുന്ന, ജീവിതം മന്നോട്ടു കൊണ്ടു പോകാൻ ബുദ്ധിമുട്ടുന്ന സാമാന്യ ജനം മാറി ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. മറ്റെന്തെല്ലാം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയാലും സാധാരണക്കാ രനെ സംബന്ധിച്ചിടത്തോളം അതൊന്നുമല്ല പ്രശ് നം അവന് വേണ്ടത് മിതമായ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭിക്കുക, വലിയ അലോസരങ്ങളി ല്ലാതെ ജീവിക്കാൻ സാധിക്കുക; അതു മാത്രമാണ്. അതിനുതകുന്ന നടപടികൾ കൈക്കൊള്ളാൻ കേ ന്ദ്രവും, സംസ്ഥാനവും തയ്യാറാകണം ജനങ്ങളെ ഈ ദുരിതക്കയങ്ങിൽ നിന്നും കരകയറ്റണം.


**കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷം സേവനപാരമ്പര്യമുള്ള ഈ സമുദായ സംഘടനയിൽ അംഗത്വം എടുക്കാനുള്ള അവസരം. കരയോഗാംഗങ്ങളുടെ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ആയവർക്ക് കരയോഗം നിയമാവലി അനുസരിച്ച് അംഗത്വം എടുക്കാ നുള്ള അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**

***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**

**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**

**ഡി.എച്ച്.റോഡ്, കൊച്ചി 682 016**

**ഫോൺ: 0484 2361160 (Ext.32), 2369589**

**Web: www.karayogammangalyam.com/ www.karayogammangalyam.in**

**Email: ekmkgm@gmail.com**






# ജനറൽ സെക്രട്ടറിയുടെ പംക്തി

ജനാധിപത്യ രാജ്യത്ത് നിയമവ്യവസ്ഥയിൽ പരമോന്നത കോടതിയും അവരുടെ തീ രുമാനങ്ങളും അനുസരിക്കുവാൻ നമ്മൾ ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്. വിധി എന്തു തന്നെ ആയാലും അതിലെ അന്തഃസത്ത ഉൾക്കൊ ണ്ടു കൊണ്ട് പ്രായോഗികമായി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമുദായികവും സാംസ്ക്കാരികവും പ്രാദേശികവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യു വാനും ആ തീരുമാനം ഏതെങ്കിലും ഒരു വിഭാഗത്തെ വ്രണ പ്പെടുത്തുന്നുണ്ടോ, എന്ന് പരിശോധിക്കുവാ നും ആ അഭിപ്രായം സത്യസന്ധമായി പരമോന്നത കോടതിയെ ബോദ്ധ്യപ്പെടുത്തുവാനും നമ്മുടെ സർ ക്കാരുകൾ പലപ്പോഴും പരാജയപ്പെടുന്നു.കക്ഷി രാഷ്ട്രീയവും അധികാരവും മാത്രം കണ്ടുകൊണ്ട് കുറച്ചു വോട്ടുകൾക്ക് വേണ്ടി പുരോഗമനത്തിന്റെ മേലങ്കി സ്വയം അണിഞ്ഞ് വലിയൊരു വിഭാഗം ജന തയെ അവഹേളിക്കുവാനും അവരുടെ സംസ്കാരിക പാരമ്പര്യം ചോദ്യം ചെയ്തു വ്രണപ്പെടുത്തുവാനും ശ്രമിക്കുന്നത് അപകടകരമാണ്.

കാലത്തിനനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണ്. അത് എവിടെ തുടങ്ങണം, ആരിലൂടെ തുടങ്ങണം, എപ്പോൾ തുടങ്ങണം ഏതു രീതിയിൽ നടപ്പിലാ ക്കണം എന്നെല്ലാം ചിന്തിക്കുവാനും തീരുമാനിക്കു വാനും ഉള്ള സ്വാതന്ത്ര്യം മാറ്റങ്ങൾ കൊണ്ട് ഗുണ ദോഷങ്ങൾ അനുഭവിക്കുന്ന സമൂഹത്തിനാവണം. അതിന്റെ ആചാര്യന്മാർ, അതിൽ വിശ്വസിക്കുന്നവർ, അതിന്റെ ഗുണഭോക്താക്കൾ എന്നിവർ കൂടിയിരുന്ന് ആലോചിച്ച് എടുക്കേണ്ട തീരുമാനം മൗലികമായ തു ല്യഅവകാശത്തിന്റെ പേരിൽ അടിച്ചേല്പിക്കുമ്പോൾ വ്രണപ്പെടുന്ന ഒരു സമൂഹമുണ്ട് എന്ന് ഇവിടത്തെ സർക്കാരുകൾ മറക്കരുത്. ഇത്രയും സൂചിപ്പിച്ചത്, കഴിഞ്ഞ ദിവസങ്ങളിൽ പരമോന്നത കോടതിയിൽ നിന്നുണ്ടായ 'ചരിത്രപരം' എന്ന് വിശേഷിപ്പിക്കുന്ന വിധികളാണ്. ഭാരതീയ സംസ്ക്കാരത്തിൽ നമുക്ക് ഉൾക്കൊള്ളാനാകാത്തതും പ്രത്യേകിച്ച് സ്ത്രീക ളുടെ തുല്യ അവകാശത്തിന്റെ പേരിൽ നൽകിയ 'ക്രിമിനൽ കുറ്റമല്ല' എന്ന സ്വാതന്ത്ര്യവും അതു പോലെ തന്നെ ദക്ഷിണ ഭാരതത്തിലെ ഭക്തൻമാ രുടെ ആരാധനാമൂർത്തിയായ ശബരിമല ശ്രീഅയ്യപ്പ ധർമ്മശാസ്താക്ഷേത്രത്തിൽ നിലവിലുണ്ടായിരുന്ന ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മാറ്റി മറിച്ചു കൊണ്ട് എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കുള്ള പ്രവേശനം എന്നതും നമ്മെ അലോസരപ്പെടുത്തു ന്നത് കുറച്ചൊന്നുമല്ല.

എത്രയും പെട്ടെന്ന് ശബരിമല വിഷയത്തിൽ തീരുമാനം നടപ്പിലാക്കുവാൻ കേരളസർക്കാർ കാ ണിക്കുന്ന വ്യഗ്രത നമ്മെ വേദനിപ്പിക്കുന്നുണ്ട്. ഈ വിധത്തിലുള്ള തീരുമാനങ്ങൾ ഒരു മതവിഭാഗത്തി ന്റെ വിശ്വാസങ്ങൾക്ക് എതിരെയാണെങ്കിൽ കൂടി വിവിധ മതസ്ഥർക്കിടയിൽ ഇപ്പോൾ തന്നെ ഭിന്നസ്വ രങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്. ഇത് ജനങ്ങൾക്കിടയിൽ അസ്വസ്ഥതകൾ സൃഷ്ടിച്ചാൽ അതിന്റെ ഉത്തരവാ ദിത്തം ബന്ധപ്പെട്ട അധികാരികൾക്ക് മാത്രമായിരി ക്കും എന്ന് ഈ 'കക്ഷി രാഷ്ട്രീയ സർക്കാർ' ഒന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. ഹിന്ദു സമൂഹ ത്തിന്റെ വോട്ടുകൾ വേണ്ട എന്ന തോന്നലാണോ ഈ ധൃതിക്കുള്ള കാരണം എന്ന് സംശയിക്കുന്നു. എന്തായാലും, ഏതായാലും ഹിന്ദു സമൂഹം ദൃഢ മായ ഒരു പ്രതിജ്ഞയെടുക്കുവാൻ തയ്യാറാവണം. **'എന്റെ വോട്ട് എന്റെ മതാചാരങ്ങളെ സംരക്ഷി ക്കുന്നവർക്ക് മാത്രം'** എന്ന ഉറച്ചനിലപാടും അതി ന് പ്രചരണവും നൽകണമെന്ന് പറഞ്ഞുകൊണ്ട് തല്ക്കാലം ഈ വിഷയം നിങ്ങളുടെ യുക്തിക്കും ചിന്തയ്ക്കും വിടുന്നു.

എറണാകുളം കരയോഗം പ്രളയ ദുരിതാശ്വാസ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 5,55,555 രൂ പ സംഭാവന ചെയ്തതുൾപ്പെടെ ആകെ മൊത്തം 11,59,500 രൂപ പ്രളയബാധിതർക്ക് ഭക്ഷണം, പായ, പുതപ്പ്, വസ്ത്രം, മറ്റ് അവശ്യസാധനങ്ങൾ എന്നിവ വിവിധ ക്യാമ്പുകളിലും മറ്റും നല്കുന്നതിന് ചിലവാ യി. ഇതോടൊപ്പം സമൂഹത്തിലെ വിവിധ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകരെയും ഉൾക്കൊള്ളി ച്ചുകൊണ്ട് പ്രളയത്തിൽ ജീവൻ വെടിഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും നവകേരളം സൃഷ്ടി ക്കുന്നതിന് വേണ്ടിയുള്ള വിവിധ കർമ്മ പദ്ധതികൾ

തയ്യാറാക്കി മുഖ്യമന്ത്രിക്ക് അയച്ചു കൊടുക്കുകയുമുണ്ടായി. ഇതിനു വേണ്ടി 5.9.2018ൽ സംഘടിപ്പിച്ച യോഗം കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ പ്രൊഫ. എം.കെ.സാനു, ഹൈബി ഈഡൻ എംഎൽഎ, കെ.ജെ. മാക്സി എം.എൽ.എ, ജോൺ ഫെർണാണ്ടസ് എം.എൽ.എ, കൊച്ചി മേയർ സൗമിനി ജെയിൻ, ഡോ.കെ.എസ്. രാധാകൃഷ്ണൻ മുൻ പി.എസ്.സി.ചെയർമാൻ, കെ. എൽ. മോഹനവർമ്മ, പി.ബി.മേനോൻ, കൊച്ചി സിറ്റി അസിസ്റ്റന്റ് കമ്മീഷണർ ലാൽജി, സി.ജി.രാജഗോപാൽ തുടങ്ങിയവർ സംബന്ധിച്ചു.

അതുപോലെ കഴിഞ്ഞ 24 വർഷമായി നമ്മുടെ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ മനസ്സുകളിൽ നിരപരാധിയായ ഒരു ശാസ്ത്രജ്ഞനോടുള്ള ക്രൂരമായ ചെയ്തികൾ നമ്മൾ വായിച്ച് അനാവശ്യമായി പ്രചരിപ്പിക്കുകയായിരുന്നില്ലെ? ഐ.എസ്.ആർ.ഒ.യിലെ ശാസ്ത്രജ്ഞനായിരുന്ന ശ്രീ.എസ്.നമ്പി നാരായണനും അദ്ദേഹത്തിന്റെ കുടുംബവും അനുഭവിച്ച മാനസ്സിക വ്യഥയ്ക്ക് എന്ത് വില കൊടുത്താലും മതിയാവില്ല.കേട്ടത് സത്യമെന്നോ അസത്യമെന്നോ തിരിച്ചറിയുവാനുള്ള കഴിവ് നഷ്ടപ്പെട്ട മരവിച്ച നമ്മുടെ മനസ്സുകളിലേക്ക് സത്യത്തിന്റെ തീജ്വാലകളെറിഞ്ഞു കൊണ്ട് എഴുപത്തിഏഴാം വയസ്സിൽ ഒറ്റയ്ക്ക് നിയമപോരാട്ടം നടത്തി വിജയിച്ച ശ്രീ.നമ്പി നാരായണനുമായി ഒരു മുഖാമുഖ പരിപാടി 24.9.18ന് ടിഡിഎം ഹാളിൽ സംഘടിപ്പിക്കുകയുണ്ടായി. ജനങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് സമ്പന്നമായ സദസ്സിന്റെ ഓരോ ചോദ്യങ്ങൾക്കും വ്യക്തമായ ഉത്തരം നൽകി സമ്പുഷ്ടമാക്കിയ പ്രസ്തുത യോഗത്തിൽ എറണാകുളം കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോൻ ശ്രീ.നമ്പി നാരായണന് കരയോഗത്തിന്റെ സ്നേഹോപഹാരം നല്കി ആദരിച്ചു. ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു), സീനിയർ അഡ്വക്കേറ്റ് എം.ആർ. രാജേന്ദ്രൻ നായർ, ജയചന്ദ്രൻ.ടി. തുടങ്ങിയവർ സംസാരിച്ചു.

ഈ ലക്കം സൗഹൃദം നിങ്ങളുടെ കൈയിൽ എത്തുമ്പോൾ തന്നെ 2018 ലെ നവരാത്രി ആഘോഷങ്ങൾ ടിഡിഎം ഹാളിൽ ആരംഭിച്ചിട്ടുണ്ടാവും. മുൻ വർഷങ്ങളിലെപ്പോലെ വിവിധ കലാപരിപാടികളോടെ 10 ദിവസം നീണ്ടുനില്ക്കുന്ന ആഘോഷങ്ങളിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ 'ബകവധം' കഥകളി ഒക്ടോബർ 16, ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടിയിൽ ഒക്ടോബർ 12, വെള്ളിയാഴ്ച, വൈകുന്നേരം 6.30ന് ഡോ.സദനം ഹരികുമാറിന്റെ 'കർണ്ണാടക സംഗീത കച്ചേരി' യും പ്രളയകെടുതി കാരണം മാറ്റി വച്ച ഓഗസ്റ്റ് മാസ പരിപാടിയായ സത്യൻ അച്ചതിന്റെ 'വെൻട്രിലോക്കിസം' നവംബർ മാസം 9-ാം തീയതി, വൈകുന്നേരം 6.30നും ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെയും മെട്രോഫിലിം സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സെപ്തംബർ മാസം 23ന്, ഫിലിം അക്കാഡമിയിൽ പ്രദർശിപ്പിച്ച ഹ്രസ്വചിത്രങ്ങളുടെയും, ഡോക്യുമെന്ററികളുടെയും പ്രദർശനവും ചർച്ചയും സംഘടിപ്പിച്ചു. ഒക്ടോബർ മാസ പരിപാടിയിൽ 28, ഞായറാഴ്ച, വൈകുന്നേരം 5.00 മണിക്ക് 'നവരാത്രി' എന്ന സിനിമയുടെ പ്രദർശനം നടത്തുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**

**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**

**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഒക്ടോബർ മാസത്തിന്റെ പ്രത്യേകത കൂട്ടുകാർക്കറിയാമല്ലോ? ഒന്ന് ഗാന്ധിജയന്തി, അടുത്തത് നവരാത്രി ഉത്സവം.

രാഷ്ട്രപിതാവായ ഗാന്ധി അപ്പൂപ്പന്റെ ആദർശങ്ങളെക്കുറിച്ചു കുറെയൊക്കെ കൂട്ടുകാർ കേട്ടിട്ടുണ്ടാവുമല്ലോ ?

നമ്മുടെ നാടിനെ ഐക്യകേരളമാക്കിയത് മഹാത്മ ഗാന്ധിയാണ് കൂട്ടുകാരെ. തികഞ്ഞ രാജ്യസ്നേഹിയായ അദ്ദേഹം ഓരോ ലക്ഷ്യത്തോടെ അഞ്ചു തവണ കേരളത്തിൽ വന്നിട്ടുണ്ട്. ശ്രീരാമകൃഷ്ണന്റെയും, വിവേകാനന്ദന്റെയും ആരാധകനായിരുന്നു അദ്ദേഹം. ഇന്ന് പ്രളയം കവർന്നെടുത്ത വയനാട് ഗാന്ധിജി ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. അക്കാലത്തു കോടമഞ്ഞു മൂടിക്കിടക്കുന്ന വയനാട്ടിലേക്ക് പോവാൻ ആളുകൾ മടിച്ചു നിന്നു. എന്നാൽ അവിടുത്തെ പ്രകൃതി ദൃശ്യങ്ങളും, കോടമഞ്ഞും, വന്യമൃഗങ്ങളും, തേയിലത്തോട്ടത്തിൽ പണിയെടുക്കുന്നവരും അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. ഇതിന്റെ ഫലമായി കല്പറ്റ എന്ന സ്ഥലത്തു ഒരു ഹരിജനോദ്ധാരണ കേന്ദ്രവും അദ്ദേഹം പടുത്തുയർത്തി. കഷ്ടത അനുഭവിക്കുന്ന ആദിവാസികളെക്കണ്ടു അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു. 'ദുരിതം അനുഭവിക്കുന്ന മനുഷ്യവർഗത്തിൽ പെട്ട വന്യരൂപങ്ങളെ ഞാൻ കണ്ടു'. എന്നത്രെ ഗാന്ധിജി ഒരിക്കൽ കോഴിക്കോട് വെച്ച് അവിടെ കൂടിയിരിക്കുന്നവരോട് പറഞ്ഞത്. എന്തൊരു സഹജീവിസ്നേഹം അല്ലെ കൂട്ടുകാരെ ?

മറ്റുള്ളവർ കഷ്ടപ്പെടുന്നത് കാണുമ്പോൾ കൂട്ടുകാർക്കും സങ്കടം തോന്നാറില്ലേ ?

ഗാന്ധിജിയെക്കുറിച്ചു ആൽബർട്ട് ഐൻസ്റ്റിൻ എന്ന ശാസ്ത്രജ്ഞൻ പറഞ്ഞത് എന്താണെന്നോ കൂട്ടുകാരെ 'വിശിഷ്ടമായ , അതുല്യമായ ഒരു മനുഷ്യപുത്രൻ' എന്നത്രെ. ചിരിതൂകി ചിരിതൂകി ഇവിടെ ജനിച്ചു മരിച്ച ഇതുപോലൊരു മനുഷ്യപുത്രൻ വേറെ ഉണ്ടാവില്ല. നമ്മൾ സാധാരണയായി മറ്റുള്ളവരെക്കുറിച്ചു പറയാറുണ്ട്, ആ കുട്ടി ഇങ്ങിനെയാണ്, അങ്ങിനെയാണ് എന്നൊക്കെ. യഥാർത്ഥത്തിൽ ഇത്തരം ഒരു വിധിനിർണയം നടത്താൻ നാമാരാണെന്നു കൂട്ടുകാർ ചിന്തിച്ചിട്ടുണ്ടോ? ആർക്കും അതിനർഹതയില്ല. ഗാന്ധിയപ്പൂപ്പൻ ആരെക്കുറിച്ചും വിധിനിർണയം നടത്താറില്ല. അത് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടനീളം പാലിച്ചുപോന്ന ഒരു നിഷ്ഠയായിരുന്നു. എന്തൊക്കെ നല്ല കാര്യങ്ങളാണ് അദ്ദേഹത്തിൽ നിന്ന് നമുക്ക് പഠിക്കാനുള്ളത്. ചിലതെങ്കിലും സ്വായത്തമാക്കാൻ കൂട്ടുകാരും ശ്രമിക്കണെ.

ഇനി നവരാത്രിയെക്കുറിച്ചു ചില കാര്യങ്ങൾ കൂട്ടുകാർക്കറിയണ്ടെ ?-

ഭാരതത്തിൽ എല്ലായിടത്തും ഒരുപോലെ പ്രസിദ്ധമായ ഒരു ഉത്സവകാലം തന്നെയാണ് 'നവരാത്രി'. കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ പ്രഥമ മുതൽ നവമി വരെയുള്ള ഒമ്പതു രാത്രികളെയാണ് നവരാത്രി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ എട്ടാമത്തെയും ഒമ്പതാമത്തെയും ദിനങ്ങൾ ദുർഗ്ഗാഷ്ടമി മഹാനവമി എന്നീ പേരുകളിലും തുടർന്ന് വരുന്ന ദിവസം വിജയദശമി എന്ന പേരിലും കേരളീയർ കൊണ്ടാടുന്നു. മറ്റിടങ്ങളിൽ ദസറ ( പ്രഥമ മുതൽ ദശമി വരെ ചടങ്ങുകളുള്ളതിനാൽ ) എന്ന പേരിൽ ഈ ഉത്സവം കൊണ്ടാടുന്നു.

നവരാത്രി പൂജ സമർപ്പിക്കുന്നത് ദുർഗ്ഗാദേവിക്കാണ്. ദുർഗ്ഗാദേവി മഹിഷാസുരനെ വധിച്ച് വിജയം കൈവരിച്ച ദിനമാണ് വിജയദശമി. തിന്മയുടെ മേൽ നന്മയുടെ വിജയമായി ഈ ദിനത്തെ സങ്കല്പിച്ച് നാം ആരാധിക്കുന്നു. പണ്ട് ദക്ഷയാഗം മുടക്കുവാൻ ഭയങ്കരിയായ ദുർഗ്ഗാദേവി അവതരിച്ചത് അഷ്ടമി ദിനത്തിലാണെന്ന് ദേവീഭാഗവതം പറയുന്നു. ദുർഗ്ഗയുടെ രൂപാന്തരസങ്കൽപമാണ് വിദ്യയുടെ അധിദേവതയായ വാണി അഥവാ സരസ്വതി. അതിനാൽ ജീവിത വിജയത്തിനുപകരിക്കുന്ന സകല ഉപാധികളുടെയും കലകളുടെയും അഭ്യസനാരംഭത്തിന് ഈ ദിനം വിശിഷ്ടമത്രേ. ഒരു സംഗീതോപാസകൻ തന്റെ സംഗീതോപകരണങ്ങളേയും, ഒരു സാഹിത്യകാരൻ തന്റെ തൂലികയേയും ഗ്രന്ഥങ്ങളേയും, ഒരു യോദ്ധാവ് തന്റെ ആയുധങ്ങളെയും എല്ലാം തന്നെ ദേവിയുടെ സമക്ഷത്തിൽ സമർപ്പിച്ച് പൂജിച്ച ശേഷം വിജയദശമി ദിനത്തിലെ ശുഭമുഹൂർത്തത്തിൽ തിരികെ എടുക്കുന്നു. വാഹനങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവയും പൂജാവേളയിൽ സമർപ്പിക്കുന്ന പതിവുണ്ട്.

സാധാരണയായി അഷ്ടമി ദിനത്തിൽ സായാഹ്നത്തോടെയാണ് പൂജവെയ്പ് എന്ന ചടങ്ങ് തുടങ്ങുന്നത്. വീടുകളിലോ അമ്പലങ്ങളിലോ പ്രത്യേകം സജ്ജമാക്കി അലങ്കരിച്ച പീഠത്തിൽ ദേവീദേവവിഗ്രഹങ്ങൾക്കു മുമ്പിൽ പുസ്തകക്കെട്ടുകൾ , സംഗീതോപകരണങ്ങൾ എന്നിവയെല്ലാം അടുക്കി വെക്കുന്നു. അവിൽ, മലർ, കരിമ്പ്, ശർക്കര, അപ്പം, പായസം തുടങ്ങിയവയെല്ലാം യഥാവിധി പൂജാദ്രവ്യങ്ങളായൊരുക്കുന്നു. അഷ്ടമി ദിനത്തിലെ പൂജ, നവമി ദിനത്തിലെ പ്രഭാതത്തിലും രാത്രിയിലും ഉള്ള പൂജകൾ, പിന്നെ ദശമി ദിനത്തിലെ വിശേഷാൽ

പൂജ എന്നിവക്കുശേഷം ശുഭമുഹൂർത്തത്തിൽ വിദ്യാരംഭം കുറിക്കുന്നു. കുഞ്ഞുങ്ങൾക്ക് ആദ്യമായി അക്ഷരമധുരം പകരുവാൻ ശ്രേഷ്ഠരായ ആചാര്യന്മാർ സന്നിഹിതരാവാറുണ്ട്. ക്ഷേത്രങ്ങളിലെല്ലാം തന്നെ വിദ്യാരംഭ ചടങ്ങുകൾക്കായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ട്. സംഗീതജ്ഞർ ക്ഷേത്രങ്ങളിലും മറ്റും സംഗീതാർച്ചന നടത്തുന്നു. നർത്തകർ നൃത്തോപാസന നടത്തുന്നു. മലയാളത്തിന്റെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകമായ മലപ്പുറം ജില്ലയിലെ തുഞ്ചൻപറമ്പ്, പാലക്കാട് ജില്ലയിലെ ലക്കിടി കുഞ്ചൻ സ്മാരകം എന്നിവിടങ്ങളിലും വിദ്യാരംഭ ചടങ്ങുകൾ വർഷം തോറും നടത്തി വരുന്നു. ഇവിടങ്ങളിലെല്ലാം കാവ്യസദസ്സുകളും അന്നേ ദിവസം ഉണ്ടാകാറുണ്ട്.

ബ്രാഹ്മണഗൃഹങ്ങളിൽ നവരാത്രിക്കാലം മുഴുവൻ ബൊമ്മക്കൊലു ഒരുക്കുന്ന പതിവുമുണ്ട് . ദേവീദേവന്മാരുടെ കുഞ്ഞുപ്രതിമകൾ പടിപടിയായി നിരത്തി അലങ്കരിച്ചു വെക്കുന്നു. വളരെ ചേതോഹരമായ ഒരു കാഴ്ച തന്നെയാണ് ഇത്. ഇതിനു മുൻപിലാണ് പൂജാകർമ്മങ്ങൾ നിർവഹിക്കുന്നത്. നവരാത്രി പൂജയിലെ മറ്റൊരു ചടങ്ങാണ് കുമാരീപൂജ. കുമാരിയെന്നാൽ രണ്ടു വയസ്സുള്ള പെൺകുട്ടി. എന്നാൽ കുമാരീ പൂജയിൽ നവകന്യകമാരിൽ ആരെയും പൂജിക്കാവുന്നതാണ്.

**നവകന്യകമാർ...**

| പ്രായം | നാമം |
|---|---|
| രണ്ട് | കുമാരി |
| മൂന്ന് | ത്രിമൂർത്തി |
| നാല് | കല്യാണി |
| അഞ്ച് | രോഹിണി |
| ആറ് | കാളി |
| ഏഴ് | ചണ്ഡിക |
| എട്ട് | ശാംഭവി |
| ഒമ്പത് | ദുർഗ്ഗ |

## എറണാകുളം കരയോഗം
## 16.10.2018 മുതൽ 15.11.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.10.2018 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്- കഥകളി-ബകവധം |
| 17.10.2018 | ബുധൻ | 3.00 p.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 18.10.2018 | വ്യാഴം | 4.00 p.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 19.10.2018 | വെള്ളി | 5.00 p.m | : കരയോഗം നവരാത്രി ആഘോഷം സമാപനം, സമ്മാനദാനം |
| 20.10.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 22.10.2018 | തിങ്കൾ | 2.00 p.m | : ചൈത്രം - 11-ാമത് വാർഷികം |
| 24.10.2018 | ബുധൻ | 3.00 p.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 25.10.2018 | വ്യാഴം | 4.00 p.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 27.10.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 28.10.2018 | ഞായർ | 5.00 p.m | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം-നവരാത്രി |
| 31.10.2018 | ബുധൻ | 3.00 p.m | : ദേവി ഭാഗവതം ക്ലാസ്സ് |
| 1.11.2018 | വ്യാഴം | 4.00 p.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.11.2018 | ശനി | 10.00 a.m | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 9.11.2018 | വെള്ളി | 6.30 p.m | : ബീം നവംബർ മാസ പരിപാടി-വെൻട്രിലോക്കിസം |
| 11.11.2018 | ഞായർ | 10.00 a.m | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 13.11.2018 | ചൊവ്വ | 6.00 pm-8.00pm | : ഉപനിഷദ് വിചാരയജ്ഞം ആരംഭം- ആചാര്യൻ-സംപൂജ്യസ്വാമി ചിദാനന്ദപുരി |
| 14.11.2018 | ബുധൻ | 3.00 p.m | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.00pm-8.00p.m | : ഉപനിഷദ് വിചാരയജ്ഞം ആരംഭം- ആചാര്യൻ-സംപൂജ്യസ്വാമി ചിദാനന്ദപുരി |
| 15.11.2018 | വ്യാഴം | 4.00 p.m | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00pm-8.00pm | : ഉപനിഷദ് വിചാരയജ്ഞം ആരംഭം- ആചാര്യൻ-സംപൂജ്യസ്വാമി ചിദാനന്ദപുരി |





രാഗപരിചയം

# സാവേരി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

15 -ാമത്തെ മേളകർത്താരാഗമായ മായാമാളവഗൗളയുടെ ജന്യരാഗമാണ് സാവേരി.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ നി ധ പ മ ാ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളി നിഷാദം

ആരോഹണത്തിൽ അഞ്ചു സ്വരങ്ങളും അവരോഹണത്തിൽ ഏഴു സ്വരങ്ങളും വരുന്നതുകൊണ്ട് സാവേരി ഒരു ഔഡവ - സമ്പൂർണ്ണ രാഗമാണ്. ഗ, നി എന്നീ സ്വരങ്ങൾ ആരോഹണത്തിൽ വർജ്ജ്യമാണ്.

കരുണ രസപ്രധാനമായ രാഗമാണിത്. ഇതൊരു സർവ്വകാലിക രാഗമാണ്. ഏതു സമയത്ത് ആലപിച്ചാലും ശോഭനീയം. അന്യസ്വരങ്ങൾ ഇല്ലാത്തതുകൊണ്ട് ഉപാംഗ രാഗവും കൂടിയാണ്. ഹിന്ദുസ്ഥാനി രാഗമായ 'ഗോജിയ' സാവേരി രാഗത്തോടു സാമ്യത പുലർത്തുന്നു. ഭൈരവ്ഥാട്ടിൽ ജന്യമാണ് 'ഗോജിയ'.

ഷഡ്ജത്തോടു ചേർന്നു നില്ക്കുന്ന രിഷഭമാണ് സാവേരി രാഗത്തിന്റെ പ്രത്യേകത. 'സ' തന്നെയാണ് 'രി' എന്ന അർത്ഥത്തിൽ ആണത്രെ സാ - വേ -രി എന്ന പേര് എന്നു പറയപ്പെടുന്നു. വളരെയധികം സംഗീത രൂപങ്ങൾ -ഗീതം, വർണ്ണം, കൃതി, കീർത്തനം തുടങ്ങിയവ സാവേരി രാഗത്തിൽ ഉള്ളതായി കാണാം. രാഗം, നിരവൻ, സ്വരം എന്നിവയ്ക്ക് വളരെയധികം സാദ്ധ്യത ഉള്ള രാഗമാണിത്. പല്ലവി ശേഷയ്യർ സാവേരി രാഗം എട്ടു മണിക്കൂർ തുടർച്ചയായി ആലപിച്ചതായി ചരിത്രമുണ്ട്. ഈ രാഗത്തിലുള്ള 'ആഞ്ജനേയ' എന്നു തുടങ്ങുന്ന സ്വാതി തിരുനാൾ കൃതി 'സ്വാതി തിരുനാൾ' എന്ന ചലച്ചിത്രത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. ശ്രീരാജഗോപാല | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 2. ശങ്കരി ശങ്കുരു | ആദി (തിശ്രനട) | ശ്യാമാശാസ്ത്രി |
| 3. ദേവീ പാവനേ | ആദി | സ്വാതി തിരുനാൾ |
| 4. കരികളഭമുഖം | ത്സംപ | മുത്തുസ്വാമി ദീക്ഷിതർ |
| 5. തുളസീ ജഗജ്ജനനീ | രൂപകം | ത്യാഗരാജ സ്വാമി |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. ദീനദയാപരനേ | ബാലൻ |
| 2. സ്വരരാഗമധുതൂകും | യൗവനം (ചാരുശീലേ നിന്റെ മിഴികൾ എന്നു തുടങ്ങുന്ന ഭാഗം ) |
| 3.സന്ധ്യാപുഷ്പങ്ങൾ | ആനക്കളരി |
| 4. ചെന്താർ നേർ മുഖീ | കാംബോജി (യാമിനീ മുഖം എന്നു തുങ്ങുന്ന ഭാഗം) |
| 5. ശബരി ഗിരീശ്വര സൗഭാഗ്യ ദായക | ശരണമയ്യപ്പ (ഭക്തിഗാനം) |
| 6. മധുരമീനാക്ഷി | അയ്യപ്പ തീർത്ഥം (ഭക്തിഗാനം) |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ഒക്ടോബർ മാസം 14-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

വാസ്തു

# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

പലരും ചോദിക്കുന്നത് എന്തുകൊണ്ടാണ് വാസ്തു നോക്കി പണിത വീടുകൾ വെള്ളപൊക്കത്തിൽ ഒലിച്ചു പോയത്, അല്ലെങ്കിൽ കേടു വന്നത്.

വാസ്തു വിദ്യ എന്ന് പറയുന്നത് കെട്ടിടങ്ങളെ ഏതു രീതിയിലാണ് ആകാശം, വായു, അഗ്നി, ഭൂമി, വെള്ളം എന്നിവയുമായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തുക എന്നതാണ്. അങ്ങിനെ നോക്കിയാൽ പ്രകൃതിയിലുള്ള വെള്ളത്തിന്റെ ഒഴുക്ക്, കാറ്റിന്റെ ഗതി ഭൂമിയുടെ പ്രകൃതിയാലുള്ള കുന്നും, മലയും ഇവയ്ക്കൊന്നും യാതൊരു മാറ്റവും വരുത്തരുത്. അഥവാ, മാറ്റം വരുത്തണമെങ്കിൽ കാറ്റിന്റെ ഗതിക്കും, വെള്ളത്തിന്റെ ഒഴുക്കിനും, മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തി യിരിക്കണം. ഒരു കുന്ന് ഇടിച്ച് മണ്ണു മാറ്റിയാൽ ആ കുന്നിന്റെ ബാക്കി ഭാഗങ്ങൾ എപ്പോൾ വേണമെങ്കിലും അടർന്ന് വീഴാമെന്ന് ആർക്കാണ് അറിയാത്തത്.




കേരളത്തിലെ ഏറ്റവും വലിയ അപകടങ്ങൾ ഉണ്ടായ സ്ഥലം ആലപ്പുഴ ജില്ലയിലെ കുട്ടനാട് ആണ്. 60 കൊല്ലം മുമ്പു വരെ അവിടെ എല്ലാ വീടുകളിലും അവരവരുടെ നിലവാരം അനുസരിച്ച് വഞ്ചികൾ, ബോട്ടുകൾ എന്നിവ ഉണ്ടായിരുന്ന അവിടത്തുകാരുടെ യാത്ര അത്തരം വാഹനങ്ങളിലായിരുന്നു. വീടു പണിയുമ്പോൾ തന്നെ വഞ്ചി അല്ലെങ്കിൽ ബോട്ടുകൾ വീടുകളിലേക്ക് കയറ്റാനുള്ള സംവിധാനം ഉണ്ടായിരുന്നു. അന്നെല്ലാം കാർപോർച്ചിനു പകരം ബോട്ടു ജട്ടികളായിരുന്നു. ഇപ്പോൾ എല്ലാ വീടുകളിലേക്കും കായലിന്റെ നടുവിൽകൂടി തിരിച്ചും മറിച്ചും റോഡുകളുണ്ടാക്കി, പ്രകൃതിയിലെ ജലം ഒഴുക്കിനെ താറുമാറാക്കി. അതുപോലെ തന്നെ പുഴകളുടെയും, തോടുകളുടെയും വീതി ജനം കയ്യേറി വീടുകളും മറ്റു ഇതരസ്ഥാപനങ്ങളും ആയി മാറ്റി. പണ്ട് നൂറു മീറ്റർ ഉണ്ടായിരുന്ന പല പുഴകളും, തോടുകളും പകുതിയും അതിലും കുറവുമായി മാറിക്കൊണ്ടിരിക്കുന്നു. പണ്ടെല്ലാം പുഴയുടെ കരയിൽ കൂടി 15- 20 കി.മീറ്റർ ദൂരം വരെ ജനങ്ങൾ നടന്നു പോകുമായിരുന്നു. ഇപ്പോൾ ഏതെങ്കിലും പുഴയുടെ കരയിൽ കൂടി നൂറു മീറ്റർ നീളത്തിൽ പോലും നടക്കാൻ കഴിയില്ല. ജനങ്ങൾ പുഴക്കരകൾ മുഴുവൻ മതിൽ കെട്ടിയും കയ്യേറിയും പുഴയുടെ ഒഴുക്കിനെ പല വിധത്തിൽ തടസ്സപ്പെടുത്തിയിരിക്കുകയാണ്. പുഴകളും, തോടുകളും ജലാശയങ്ങൾ മിക്കതും ജനങ്ങൾക്ക് ആവശ്യമില്ലാത്തതായ മാലിന്യങ്ങൾ ഇടാനും ഉപയോഗിക്കുന്ന തരത്തിലാക്കിയിരിക്കുന്നു. ആയതിനാൽ പ്രകൃതിയെ നശിപ്പിക്കാതെ വേണം എല്ലാ വിധ നിർമ്മാണപ്രവർത്തനങ്ങളും അല്ലെങ്കിൽ പ്രകൃതിയുടെ തിരിച്ചടി ഉണ്ടാകും.

എറണാകുളത്തു രണ്ടു കൊല്ലം പഴക്കമുള്ള ഒരു വീട്ടിൽ പോകേണ്ടതായി വന്നു. അവിടുത്തെ പ്രധാന പ്രശ്നങ്ങൾ പുതിയ വീട്ടിൽ ആർക്കും ശരിയാം വണ്ണം ഉറങ്ങാൻ കഴിയുന്നില്ല. വീട് പണിതീർത്തപ്പോൾ നല്ല പൂന്തോട്ടം ഉണ്ടാക്കാൻ വേണ്ടി മുഴുവൻ സ്ഥലവും മുൻവശത്ത് സ്ഥലം വിട്ടിട്ടാണ് പണി തീർത്തത്. പടിഞ്ഞാട്ട് മുഖം ഉള്ള വീടിന്റെ കിഴക്ക് തീരെ സ്ഥലം വിടാതെ, പടിഞ്ഞാറെ ഭാഗത്ത് ധാരാളം സ്ഥലം വിടുകയും ചെയ്തിരിക്കുന്നു. പറമ്പിന്റെ വടക്കു കിഴക്കേ മൂല മുറിഞ്ഞും, തെക്കു കിഴക്കേമൂല തള്ളിയും ഇരിക്കുന്നു. വീടിന് വടക്കു വശത്തും തെക്കുവശത്തും സ്കെച്ചിൽ കാണുന്നതുപോലെ വീടിന് സമാന്തരമായി ചെറിയ മതിൽ കെട്ടണം. A, B, C, D കിഴക്കു സ്ഥലം കുറവും പടിഞ്ഞാറ് സ്ഥലക്കൂടുതലുമായതുകൊണ്ട് പടിഞ്ഞാറു ഭാഗത്ത് കിഴക്കിനേക്കാൾ കു

**(ശേഷം 13-ാം പേജിൽ)**





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ഏക്നാഥ്

പതിനാലാം നൂറ്റാണ്ടിലും പതിനഞ്ചാം നൂറ്റാണ്ടിലും മഹാരാഷ്ട്രയിൽ ആത്മീയ നവോത്ഥാനത്തിനു വഴിതുറന്ന ഭക്തി സമ്പ്രദായത്തിന്റെ മുഖ്യപ്രണേതാക്കളിലൊരാളായിരുന്നു ഏക്നാഥ്. ജ്ഞാനേശ്വറിന്റെ മഹാനായ പിൻഗാമി എന്ന നിലക്ക് ചരിത്രം ഏക്നാഥിനെ വാഴ്ത്തുന്നു.ഗുരുവിന്റെ ഭഗവദ്ഗീതാവ്യാഖ്യാനമായ ജ്ഞാനേശ്വരിയെ വീണ്ടെടുത്തതും, ആവശ്യം വേണ്ട മോടിപിടിപ്പിക്കലുകളോടെ സംരക്ഷിച്ചതും ഇദ്ദേഹമാണ്. മികച്ച ഒരു കവിയും ഗദ്യകാരനുമായിരുന്നു ഏക്നാഥ്. വ്യാഖ്യാനങ്ങൾ, ഗീതങ്ങൾ, അഭംഗുകൾ എന്നിവക്കു പുറമെ 'ഗൗലൻ' എന്നറിയപ്പെടുന്ന നാടൻ ഗാനങ്ങളും അദ്ദേഹം രചിച്ചു. അർദ്ധഗദ്യങ്ങളായ 'ഭരൂദു'കളും ക്ലാസിക്കൽ ശൈലിയിലുമുള്ള 'ആഖ്യാനു'കളും ഏക്നാഥിന്റെ മഹാപ്രതിഭ വെളിപ്പെടുത്തുന്ന രചനകളാണ്. എ.ഡി. 1570 നും 1578 നു മിടക്ക് തന്റെ കാശിവാസത്തിനിടെ അദ്ദേഹം രചിച്ച ഭാഗവതവ്യാഖ്യാനം പണ്ഡിതന്മാർക്കിടയിൽ ഏറെ വിമർശനമുയർത്തി. സംസ്കൃതകാവ്യങ്ങൾക്കു മാത്രം പ്രസക്തിയുള്ള കാലഘട്ടമായിരുന്നു അത് എന്നതോർക്കണം. ഏക്നാഥിന്റെ മറാത്തി ഭാഗവതവ്യാഖ്യാനം സാധാരണക്കാർക്ക് ഏറെ സ്വീകാര്യമായി. രുഗ്മിണീസ്വയംവരം, ഭാവാർത്ഥരാമായണം തുടങ്ങിയ കൃതികൾ അദ്ദേഹത്തിന് ഏറെ ആരാധകരെ നേടിക്കൊടുത്തു. മുന്നോറോളം ഭരൂദുകൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. നാടൻ കലകളുടെ മാധ്യമം വഴി ഇവയെ അദ്ദേഹം നിരക്ഷരർക്കിടയിലും പ്രചരിപ്പിച്ചുപോന്നു. ഭക്തിയുടെ മധുരഭാവമാണ് ഏക്നാഥ് കൃതികളുടെ മുഖമുദ്ര. ജ്ഞാനേശ്വറിന്റെ നിലവാരത്തിലുള്ള ദാർശനികനും ചിന്തകനുമായിരുന്നില്ല അദ്ദേഹം. എന്നാൽ സാമൂഹ്യ പരിഷ്കർത്താവ്, സാധാരണക്കാരന്റെ ആത്മീയാചാര്യൻ തുടങ്ങിയ നിലകളിൽ അദ്ദേഹം ഏറെ ജനസമ്മതനായിരുന്നു. തികഞ്ഞ സന്യാസിയായ ഏക്നാഥ് ജാതിവ്യവസ്ഥകളെ അവഗണിച്ചു. അധ:കൃതവർഗത്തെ ഉദ്ധരിക്കുന്നതിലായിരുന്നു അദ്ദേഹം ശ്രദ്ധപതിപ്പിച്ചത്. ഏക്നാഥ്, ദാസോപന്ത്, രാംജനാർദ്ദൻ, ജാനിജനാർദ്ദൻ, വിംജനാർദ്ദൻ എന്നീ അഞ്ചു ഋഷികവികൾ അടങ്ങിയ കവികുലം 'നാഥ് പഞ്ചായതൻ' എന്ന് അറിയപ്പെട്ടു.

### ദാസോപന്ത്

ഏക്നാഥിന്റെ സമകാലികനായിരുന്നു ദാസോപന്ത്. പ്രഭാഷകൻ, താർക്കികൻ എന്നീ നിലകളിൽ പ്രഗൽഭനായ അദ്ദേഹം ബൃഹത്തായ കൃതികൾ രചിച്ചു. ഭഗവദ്ഗീതയെ ആധാരമാക്കി അദ്ദേഹം രചിച്ച 'ഗീതാർണവം' എന്ന വ്യാഖ്യാനം ഇന്നോളം മറാത്തി ഭാഷയിലുണ്ടായിട്ടുള്ള ഏറ്റവും ദീർഘമേറിയ കൃതിയാണ്. ഇതിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ഗ്രന്ഥറായ് എന്ന കൃതിയിൽ ലൗകിക ജീവിതം, ഗുരുവിന്റെ മഹത്വം, വിവിധഭാഗങ്ങളിൽപ്പെടുന്ന ശിഷ്യന്മാർ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ദീർഘപഠനങ്ങൾ അടങ്ങിയിരിക്കുന്നു. പദാർണവം എന്ന കൃതി അതിലളിതമെങ്കിലും ഭക്തിയുടെ ഉദാത്തഭാവങ്ങൾ വെളിപ്പെടുത്തുന്നു. സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നെങ്കിലും ശുദ്ധമായ മറാത്തി ഭാഷയിലാണ് അദ്ദേഹം കൃതികൾ രചിച്ചത്.

### ഫാദർ സ്റ്റീഫൻസ്

ക്രിസ്തുപുരാണം എന്ന മറാത്തികൃതിയിലൂടെ മഹാരാഷ്ട്രയിൽ വ്യത്യസ്തമായ രീതിയിൽ ഒരു ഭക്തിധാരക്കു രൂപം നൽകിയ കവിയാണ് ഫാദർ സ്റ്റീഫൻസ് (1549-1619). 1579ൽ ജെസ്യൂട്ട് മിഷ്യണറി എന്ന നിലക്ക് ഗോവയിലെത്തിയ അദ്ദേഹം നാൽപതുവർഷക്കാലം തന്റെ പ്രവർത്തനമേഖലയിൽ തിളങ്ങിനിന്നു. ജ്ഞാനേശ്വറിന്റെ ജ്ഞാനേശ്വരി എന്ന കൃതി അദ്ദേഹത്തിനു വലുതായ പ്രചോദനം പകർന്നു. മറ്റു മഹാരാഷ്ട്ര ഋഷികവിമാരുടെ കാവ്യങ്ങളും അദ്ദേഹത്തിന്റെ ദർശനങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. ഇതിന്റെ അനന്തരഫലമാണ് ക്രിസ്തുപുരാണം. 'പാറക്കല്ലുകൾക്കിടയിലെ വൈഡ്യൂര്യം! നവരത്നങ്ങൾക്കിടയിലെ വജ്രം! പുഷ്പങ്ങൾക്കിടയിലെ മുല്ല! സുഗന്ധദ്രവ്യങ്ങൾക്കിടയിലെ കസ്

തൂരി! പക്ഷികൾക്കിടയിലെ മയിൽ!' എന്നെല്ലാമാണ് അദ്ദേഹം മറാത്തി ഭാഷയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. ഫാദർ സ്റ്റീഫൻസിനെ തുടർന്നു മറ്റു ചില ക്രിസ്ത്യൻ കവികളും മറാത്തിയിൽ കൃതികൾ രചിച്ചു.

**ജനാബായി**

പതിമൂന്നാം നൂറ്റാണ്ടിന്റ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന പ്രശസ്തയായ മറാഠി ഭക്തകവിയാണ് ജനാബായി. ജ്ഞാനേശ്വർ, നാംദേവ്, ഏക്നാഥ്, തുകാറാം തുടങ്ങിയവർക്കൊപ്പം ജനാബായിക്കും സ്ഥാനമുണ്ട്.മഹാരാഷ്ടയിലെ ഗംഗാഖേദിൽ രന്ദ് -കരന്ദ് ദമ്പതികളുടെ പുത്രിയായി ജനാബായി ജനിച്ചു. ദളിതരായിരുന്ന മാതാപിതാക്കൾക്ക് പുത്രിക്കു വേണ്ടുംവിധം വിദ്യാഭ്യാസം നൽകാനായില്ല. മാതാവിന്റെ നിര്യാണത്തെ തുടർന്ന് പിതാവ് ജനാബായിയെയും കൂട്ടി പണ്ഡർപൂരിലെത്തി. അവിടെ ജനാബായി ദാമാഷെട്ടി എന്ന ധനികന്റെ ഗൃഹത്തിൽ വീട്ടുജോലിക്കാരിയായി കഴിഞ്ഞുകൂടി. മറാത്തി ഭക്തകവിയായ നാംദേവിന്റെ പിതാവായിരുന്നു ദാമാഷെട്ടി. പ്രായത്തിൽ മുതിർന്നവളായ ജനാബായി നാംദേവിന് സ്നേഹവാൽസല്യങ്ങൾ പകർന്നുനൽകി. ജീവിതകാലമത്രയും നാംദേവിന്റെ പരിചാരികയായി കഴിഞ്ഞുകൂടി. അവരുടെ രചനകളിൽ സ്വയം 'നാമ്യാസിദാസി' (നാംദേവിന്റെ ദാസി) എന്നു വിശേഷിപ്പിച്ചുകാണാം.

അക്കാലത്തുതന്നെ ആദ്ധ്യാത്മികപ്രസക്തിയുള്ള ഒരു തീർത്ഥാടന കേന്ദ്രമെന്ന നിലക്ക് പണ്ഡർപൂറിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ദാമാഷെട്ടിയും പത്നി ഗോനായിയും പണ്ഡർപൂറിലെ വിഠോബാസ്വാമിയിൽ അഗാധഭക്തിയുള്ള വരായിരുന്നു. ഇവരുമായുള്ള സമ്പർക്കം ജനാബായിയിൽ ജന്മസിദ്ധമായുണ്ടായിരുന്ന ഭക്തിഭാവത്തെ ഉണർത്തി. അവർ വിഠലനാഥന്റെ പരമഭക്ത യായിത്തീർന്നു. ഔപചാരികവിദ്യാഭ്യാസമില്ലാഞ്ഞിട്ടും അവർ ഉൽകൃഷ്ടമായ അനേകം ഭഅഭംഗു' കൾ രചിച്ചു. നാംദേവിന്റെ കൃതികൾ വീണ്ടെടുക്കപ്പെട്ട കൂട്ടത്തിൽ ജനാബായിയുടെ ഏകദേശം മുന്നൂറോളം കൃതികളുണ്ടായിരുന്നു. മഹാരാഷ്ട്രയിലെ വാർക്കരി സമ്പ്രദായം അക്കാലത്ത് സമൂഹത്തിൽ ഏറെ അംഗീകാരമുള്ള ഭക്തിധാരയായിരുന്നു. ഈ സമ്പ്രദായത്തിലെ മുൻശ്രേണിയെ അലങ്കരിച്ച ജനാബായിയെ ചരിത്രം സന്ത്ജനാബായി എന്നു വാഴ്ത്തുന്നു.കൃഷ്ണജന്മ, താളിപാക്ക, പ്രഹ്ലാദചരിത്ര, ബാൽക്രീഡ, ഹരിശ്ചന്ദ്രാഖ്യാന്, ദ്രൗപദീസ്വയംവര് തുടങ്ങിയവയാണ് ജനാബായിയുടെ മുഖ്യകൃതികൾ. ഇവയിൽ താളിപാക്കും ദ്രൗപദീസ്വയംവരവും പ്രശസ്തമറാത്തി കവിയായ മുക്തേശ്വേറിനുപോലും (സന്ത്ഏക്നാഥിന്റെ പൗത്രൻ) പ്രചോദനം പകർന്നു.ജനാബായിയുടെ, ലളിതപദാവലികൾ കോർത്തിണക്കിയ കൃതികൾ ജനഹൃദയങ്ങളെ സ്പർശിച്ചു. ഉപാസനാമൂർത്തിയെ സ്തുതിച്ചും സ്നേഹിച്ചും ചിലപ്പോഴൊക്കെ പരിഭവിച്ചും അവർ വിഠലനാഥനുമായി താദാത്മ്യം പ്രാപിച്ചു. എ.ഡി. 1350-ൽ പണ്ഡർപൂറിലെ വിഠലനാഥന്റെ സന്നിധിയിൽവെച്ച് ജനാബായിയുടെ ആത്മാവ് ഇഷ്ടദേവനിൽ ലയിച്ചു.നാംദേവ് തന്റെ കൃതികളിൽ ജനാബായിയുടെ മഹിമയെക്കുറിച്ചു വാഴ്ത്തുന്നുണ്ട്.

**ഛോഖാമേള**

മഹാരാഷ്ട്രയിലെ വാർക്കരി സമ്പ്രദായത്തിന്റെ പ്രചാരകരിൽ പ്രമുഖനായിരുന്നു പുലയനായ ഛോഖാമേള. പതിമൂന്നാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജനിച്ച അദ്ദേഹം പതിനാലാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് സമാധിയായത്. സന്ത്നാംദേവിനെ ഗുരുവായി സ്വീകരിച്ച ഛോഖാ ഗുരുവിന്റെ പ്രീതിപാത്രവുമായിരുന്നു. പതിനാലംഗങ്ങളുള്ള ഒരു കൂട്ടുകുടുംബമായിരുന്നു നാംദേവിന്റേത്. ദാസിയായ ജനാബായിയെയും നാംദേവ് തന്റെ കുടുംബാംഗമായി കരുതി. ഇവരെല്ലാവരും വിഠോബയെ ഉപാസിച്ചു പോന്നു.നാംദേവ്ശിഷ്യനായ ഛോഖയും വിഠോബയെ ഉപാസനാ മൂർത്തിയായി സ്വീകരിച്ചു. ഛോഖായുടെ പത്നിയായ സൊയ്റാബായിയും പുത്രൻ കർമമേളയും വിഠോബയുടെ ഭക്തരായിരുന്നു. ഛോഖയ്ക്ക് നിർമല എന്നൊരു സഹോദരിയുണ്ടായിരുന്നു. ഭംഗാ എന്നായിരുന്നു അവരുടെ ഭർത്താവിന്റെ പേര്. ഇരുവരും വിഠോബയെത്തന്നെ ഉപാസിച്ചുപോന്നു. ഛോഖയും കുടുംബാംഗങ്ങളും വിഠോബയെ പ്രകീർത്തിച്ചു കൊണ്ട് അഭംഗുകൾ രചിച്ചു. മറ്റു വാർക്കരി ഭക്തജനങ്ങൾക്കൊപ്പം അവർ പണ്ഡർപൂറിലേക്കു തീർത്ഥയാത്ര പോയി. വാർക്കരി സമ്പ്രദായം ജാതി വ്യവസ്ഥകൾ പാലിച്ചിരുന്നില്ലെങ്കിലും തീർത്ഥയാത്രാസംഘത്തിൽ ഉൾപ്പെട്ട ദളിതർക്ക് ക്ഷേത്രത്തിനകത്തേക്കു പ്രവേശനം ലഭിച്ചില്ല.

കവി എന്ന നിലക്ക് ഏറെ പ്രശസ്തിനേടിയ കാലത്തും ഉപജീവനത്തിനായി ഛോഖ കൂലിവേല ചെയ്തുകൊണ്ടിരുന്നു. ഒരിക്കൽ മംഗളവേഢ എന്ന ഗ്രാമത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെ ഒരു ചുമർ ഇടിഞ്ഞു വീണു. അതിനടിയിൽപ്പെട്ട ഛോഖാ മരണമടഞ്ഞു എന്നാണ് ശ്രുതി. എന്നാൽ സവർണ്ണരായ ചില എതിരാളികൾ ഛോഖായെ





കൊലപ്പെടുത്തുകയായിരുന്നു എന്ന് അദ്ദേഹത്തിന്റെ അനുയായികളും ആരാധകരും വിശ്വസിക്കുന്നു.ഛോഖായുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ രണ്ടു വനിതളായിരുന്നു പത്നിയായ സൊയ്റാബായിയും സഹോദരിയായ നിർമലയും! ഇരുവരും തങ്ങളുടേതായ കവിതകൾ രചിച്ചു. സൊയ്റാബായി പണ്ഡർപൂറിലാണ് താമസിച്ചിരുന്നത്. ഔറംഗബാദിനുസമീപം മെഹുൺപുരിയിലായിരുന്നു നിർമലയുടെ വാസം. സൊയ്റാബായിയുടെ സഹോദരനായ ഭംഗായാണ് നിർമലയെ വിവാഹം ചെയ്തിരുന്നത്.ഛോഖായോട് അതിരറ്റ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നെങ്കിലും കുടുംബത്തെ അവഗണിക്കുന്നതിനെ ചൊല്ലി പത്നിയും സഹോദരിയും അദ്ദേഹത്തെ വിമർശിച്ചിരുന്നു. പുത്രനായ കർമമേളയോട് വാത്സല്യം പ്രകടിപ്പിക്കാൻപോലും ഛോഖാ അമാന്തിക്കുമായിരുന്നത്രേ!താനെഴുതിയ 'അഭംഗു'കളിൽ സ്വയം 'ഛോഖാപുലയന്റെ പുലക്കള്ളി' എന്നാണ് സൊയ്റാബായി വിശേഷിപ്പിച്ചത്. അവർ രചിച്ച കൃതികളെല്ലാം ഉന്നതശ്രേണിയിലുളളതായിരുന്നു. സംസാരവ്യാപാരങ്ങൾ എല്ലാംതന്നെ മിഥ്യയെന്നും ഭഗവാൻ മാത്രമാണു സത്യമെന്നും അവരുടെ ദർശനങ്ങൾ വെളിപ്പെടുത്തുന്നു. നിർമ്മലയുടെ അഭംഗുകൾ ദാസ്യഭക്തിയാണ് പ്രതിഫലിച്ചത്. അവരുടെ കൃതികളിൽ ഭർത്താവായ ഭംഗായെക്കുറിച്ചു സൂചിപ്പിക്കുന്നില്ലെങ്കിലും സഹോദരനായ ഛോഖയെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം.

**വാസ്തു**
**(10-ാം പേജിൽ നിന്ന് തുടർച്ച)**

റഞ്ഞ് ചെറിയ അതിർത്തി തിരിക്കണം. സ്കെച്ചിൽ "B - C" വീടിന്റെ തെക്കു പടിഞ്ഞാറ് മുറിഞ്ഞാണ് വീട് പണിതിരിക്കുന്നത്. അവിടെയും ചെറിയ 24 സെ. മി. ഉയരത്തിൽ കുട്ടിമതിൽ കെട്ടി ചതുരമാക്കണം ചിത്രത്തിൽ E, F, G ശ്രദ്ധിക്കുക.

വീട് പണിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത് പടിഞ്ഞാറിനേക്കാൾ കൂടുതൽ സ്ഥലം കിഴക്കും, തെക്കിനേക്കാൾ കൂടുതൽ സ്ഥലം വടക്കും ഒഴിച്ചിട്ട് വേണം പണിയാൻ. വടക്കുകിഴക്കു മൂല ഒരിക്കലും മുറിഞ്ഞു പോകരുത്. പറമ്പിലെ വെള്ളം കിഴക്ക് ഭാഗത്തേയ്ക്ക് അല്ലെങ്കിൽ വടക്കു ഭാഗത്തേയ്ക്ക് ഒഴുകാൻ അനുവദിക്കണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

# അഭിനന്ദനങ്ങൾ



**NITTE യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന A.B. Shetty Dental College ൽ നിന്നും Periodentology യിൽ MDS (Master of Dental Syrgery) പരീക്ഷയിൽ ഉന്നത വിജയവും ഗോൾഡ് മെഡലും കരസ്ഥമാക്കിയ ഡോ. അഞ്ജന അശോക് നമ്മുടെ കരയോഗാംഗമായ ശ്രീ. അശോക് ദാമോദരന്റെയും ശ്രീമതി. മഞ്ജുള. വി. നായരുടെയും മകളാണ്.**

**ഡോ. അഞ്ജന അശോകിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ...**

ക്ഷേത്രങ്ങളിലൂടെ

# പനച്ചിക്കാട് സരസ്വതിദേവീക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ദേവീസങ്കല്പം പുരാണകഥകളിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ദേവന്മാരുടെ ഐതിഹ്യകഥകൾ ഭാരതത്തിൽ പല ദേശങ്ങളിലും പല പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടുമ്പോൾ ദേവീകഥകൾ എല്ലാ ദേശങ്ങളിലും ഏകദേശം ഒരുപോലെ തന്നെ പ്രചരിച്ചു പോരുന്നു. ദേവിയെ വേദജനനിയായും ദേവജനനിയായും ആരാധിച്ചു പോരുകയും ചെയ്യുന്നു. പുരാണങ്ങളിൽ ദേവന്മാരും തങ്ങളുടെ കാര്യസാദ്ധ്യത്തിനായി ഭഗവതിയെ പൂജിച്ച് പ്രീതിപ്പെടുത്തിയ പല കഥകളുമുണ്ട്. നവരാത്രി ആഘോഷങ്ങളുടെ പിന്നിലും അപ്രകാരമുള്ള ഒരു ശക്തി പൂജയാണ് ഉള്ളത്. വിവിധ രൂപത്തിലും ഭാവത്തിലുമുള്ള പ്രതിഷ്ഠകളുള്ള ക്ഷേത്രങ്ങളുണ്ടെങ്കിലും സരസ്വതീ ദേവി പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ കേരളത്തിൽ വിരളമാണ്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഒരു സരസ്വതീക്ഷേത്രമാണ് പനച്ചിക്കാട് സരസ്വതി ദേവീക്ഷേത്രം. കേരളവും കർണ്ണാടകവും തമ്മിലുള്ള ബന്ധത്തേയും സൂചിപ്പിക്കുന്നതാണ് പനച്ചിക്കാട് ദേവിയുടെ ഐതിഹ്യം. ദക്ഷിണ മൂകാംബിക എന്നും ഈ ക്ഷേത്രം അറിയപ്പെടുന്നുണ്ട്.

കോട്ടയം ജില്ലയിൽ ചിങ്ങവനത്തു നിന്നും നാലു കിലോമീറ്റർ കിഴക്കു മാറിയാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കോട്ടയം ജില്ലയിലെ കടമുറി എന്ന ഗ്രാമത്തിൽ ഒരു നമ്പൂതിരി വസിച്ചിരുന്നു. തനിക്ക് മക്കളുണ്ടെങ്കിലും ആൺമക്കളില്ലാത്തതിൽ നമ്പൂതിരി വളരെയേറെ ദു:ഖിച്ചിരുന്നു. പെൺമക്കളുടെ വിവാഹശേഷം കുടുംബപ്പേരു നിലനിർത്തുവാനും തന്റെ ശേഷക്രിയകൾ നടത്തുവാനും ഒരു മകനില്ലല്ലോ എന്ന ചിന്തയാൽ അദ്ദേഹം ദു:ഖിച്ചു. ഭക്തനായ ആ നമ്പൂതിരി ഗംഗാസ്നാനം നടത്തി മോക്ഷം നേടുവാനായി തീർത്ഥാടനത്തിനു പുറപ്പെട്ടു. യാത്രാമദ്ധ്യേ അദ്ദേഹം കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലെത്തി കുറച്ചു ദിവസം ദേവിയെ ധ്യാനിച്ച് പ്രാർത്ഥനാനിരതനായി അവിടെ കഴിയുവാൻ തീരുമാനിച്ചു. കുറെ ദിവസങ്ങൾ അങ്ങനെ കഴിഞ്ഞപ്പോൾ ഒരു ദിവസം രാത്രി ഉറക്കത്തിൽ അദ്ദേഹത്തിനു സ്വപ്നദർശനവുമുണ്ടായി. നാളെത്തന്നെ നിങ്ങൾ നിങ്ങളുടെ ഇല്ലത്തേക്ക് മടങ്ങിക്കൊള്ളുക. നിങ്ങളുടെ ഇല്ലത്തിനടുത്തുള്ള കരുണാട്ട് എന്ന ഇല്ലത്തെ ഒരന്തർജ്ജനത്തിന് ഇരട്ടകുട്ടികൾ ജനിക്കും. രണ്ടും ആൺകുട്ടികളായിരിക്കും. അതിൽ ഒരു കുട്ടിയെ നിങ്ങൾക്ക് ദത്തു നൽകുവാൻ ആ അന്തർജ്ജനത്തിന്റെ ഭർത്താവിനോടപേക്ഷിക്കുക. ആ കുട്ടിയെ നിങ്ങൾ സ്വന്തം മകനായി വളർത്തികൊള്ളുക. ആ കുട്ടിയിലൂടെ നിങ്ങളുടെ ഇല്ലത്ത് പുരുഷപ്രജകളുണ്ടാകും. തന്റെ ശേഷക്രിയകൾക്കാരുമില്ല എന്നു വിചാരിച്ച് ഇനി വിഷമിക്കേണ്ടിവരില്ല. അങ്ങയുടെ ഇല്ലത്ത് ഇനിയൊരിക്കലും ആൺകുട്ടികളില്ല എന്ന വിഷമം ഉണ്ടാകുകയില്ല. എന്റെ അനുഗ്രഹം നിങ്ങൾക്കുണ്ട്. എന്നിങ്ങനെ ദേവി വന്നു പറയുന്നതായാണ് നമ്പൂതിരി സ്വപ്നത്തിൽ ദർശിച്ചത്. ഉറക്കത്തിൽ നിന്നും അദ്ദേഹം ഞെട്ടിയുണർന്നു. ചുറ്റും നോക്കിയ നമ്പൂതിരിക്ക് അവിടെയെങ്ങും ആരെയും കാണാൻ കഴിഞ്ഞില്ല. താൻ കണ്ട സ്വപ്നം ദേവിയുടെ അരുളപ്പാടു തന്നെയാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. പിറ്റേ ദിവസം അദ്ദേഹം മൂകാംബികാദേവിയെ ഭക്തിപൂർവ്വം തൊഴുതു പ്രാർത്ഥിച്ചശേഷം തന്റെ ഓലക്കുടയുമായി ഇല്ലത്തേക്ക് മടങ്ങി. തന്റെ ഗ്രാമത്തിൽ മടങ്ങിയെത്തിയ നമ്പൂതിരി കരുണാട്ട് ഇല്ലത്തെ നമ്പൂതിരിയെ ചെന്നു കണ്ട് തനിക്കുണ്ടായ സ്വപ്നദർശനത്തെപ്പറ്റി പറഞ്ഞു. തന്റെ ഭാര്യ ഗർഭിണിയാണെന്ന് കരുണാട്ടില്ലത്തെ നമ്പൂതിരിക്കു ഉറപ്പുണ്ടായിരുന്നില്ല. എങ്കിലും നമ്പൂതിരി ഭക്തനായ അദ്ദേഹത്തിന്റെ വാക്കുകളെ വിശ്വസിച്ചു. തന്റെ ഭാര്യ ഇരട്ടക്കുട്ടികൾക്കു ജന്മം നല്കുകയാണെങ്കിൽ ദേവിയുടെ ഇംഗിതംപോലെ ഒരു കുട്ടിയെ അങ്ങേയ്ക്കു ദത്തു നൽകാം എന്ന് കരുണാട്ടു നമ്പൂതിരി സമ്മതിക്കുകയും ചെയ്തു. തനിക്കൊരു ആൺകുട്ടിയെ ലഭിക്കും എന്നറിഞ്ഞ നമ്പൂതിരി വളരെ സന്തോഷവാനായി. അദ്ദേഹം ഇല്ലത്തിനടുത്തു തന്നെയുള്ള മഹാവിഷ്ണുക്ഷേത്രത്തിൽ പോയി കുളിച്ചു തൊഴുതു പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

വിഷ്ണുക്ഷേത്രത്തിലെത്തിയ നമ്പൂതിരി ക്ഷേത്രത്തിനു കിഴക്കു വശത്തുള്ള ക്ഷേത്രക്കുളത്തിന്റെ





പടിഞ്ഞാറെ കരയിൽ തന്റെ ഓലക്കുട വച്ചിട്ട് കുളത്തിലിറങ്ങി കുളിച്ചു. കുളികഴിഞ്ഞു വന്ന നമ്പൂതിരി തന്റെ ഓലക്കുട എടുക്കുവാൻ നോക്കിയിട്ട് കുട അവിടെനിന്നും അനക്കാൻ പോലും സാധിച്ചില്ല. ഈ സമയം എവിടെനിന്നോ ഒരു ദിവ്യരൂപം അദ്ദേഹത്തിനു മുന്നിലെത്തി ഇങ്ങനെ പറഞ്ഞു. ശ്രീമൂകാംബികാദേവി കൊല്ലൂരു നിന്നും നിങ്ങളുടെ കൂടെ വന്ന് ഇതുവരെയും നിങ്ങളോടൊപ്പമുണ്ടായിരുന്നു. ഇനി ഈ ഓലക്കുടയിൽ ഇവിടെ തന്നെ ഇരിക്കാനാണ് ദേവി ഇഷ്ടപ്പെടുന്നത്. പടിഞ്ഞാറു ഭാഗത്തു കാണുന്ന കാട്ടിനുള്ളിൽ ഒരു കരിങ്കൽ വിഗ്രഹമുണ്ട്. കാട്ടിനുള്ളിലുള്ള ആ വിഗ്രഹം ഒരു യക്ഷിയാണ് കാത്തു സൂക്ഷിക്കുന്നത്. യക്ഷിയെ പ്രീതിപ്പെടുത്തിയാൽ മാത്രമേ ആ വിഗ്രഹം കണ്ടെടുക്കുവാൻ സാധിക്കുകയുള്ളു. അരി വറുത്തു പൊടിച്ച പൊടിയും ശർക്കരയും കരിക്കും ചേർത്തുണ്ടാക്കുന്ന വറപൊടി നിവേദിച്ചാൽ യക്ഷിയെ പ്രീതിപ്പെടുത്താം. ആ കരിങ്കൽ വിഗ്രഹം കണ്ടെടുത്ത് ദേവീചൈതന്യത്തെ വിധിപ്രകാരം ആ വിഗ്രഹത്തിലേക്കു മാറ്റി കിഴക്കോട്ടു ദർശനമായി വിഗ്രഹപ്രതിഷ്ഠ നടത്തുക. പണ്ടുകാലത്ത് വനപ്രദേശമായിരുന്ന ഈ സ്ഥലത്തു വസിച്ചിരുന്ന മഹർഷിമാർ പൂജിച്ചാരാധിച്ചിരുന്ന വിഗ്രഹമാണത്. ആ വിഗ്രഹത്തെ പൂജിക്കുന്നതിനു വേണ്ട ആത്മീയശക്തിയുള്ളവരാരും ഇപ്പോൾ ഇവിടെയില്ല. അതിനാൽ പടിഞ്ഞാട്ടു ദർശനമായി ദേവിയുടെ ഒരു പ്രതിബിംബം കൂടി സ്ഥാപിക്കണം. പൂജാരിമാർ എല്ലാ വിധ പൂജാദികർമ്മങ്ങളും രണ്ടാമത്തെ വിഗ്രഹത്തിൽ മാത്രമേ നടത്തുവാൻ പാടുള്ളു. പൂജാ വേളകളിൽ ആദ്യത്തെ വിഗ്രഹത്തെ പ്രാർത്ഥിച്ചു വണങ്ങുക. ഭക്തിപൂർവ്വം ഉള്ള പ്രാർത്ഥനകൊണ്ട് ദേവി തൃപ്തയാകും. ഇത്രയും പറഞ്ഞ് ആ ദിവ്യരൂപം അപ്രത്യക്ഷമായി. നമ്പൂതിരി ആ ദിവ്യരൂപധാരിയുടെ വാക്കുകളനുസരിച്ച് യക്ഷിയെ പ്രീതിപ്പെടുത്തി ആ വിഗ്രഹം കണ്ടെടുത്തു. നല്ല രൂപഭംഗിയുള്ളതും ചതുർബാഹുവും രണ്ടു കൈകളിൽ അഭയമുദ്രകളുമുള്ള അപൂർവ്വമായ സരസ്വതിവിഗ്രഹമായിരുന്നു അത്. ദിവ്യോപദേശമനുസരിച്ചു വിഗ്രഹപ്രതിബിംബത്തേയും പ്രതിഷ്ഠിച്ചു. തലച്ചോറിന്റെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനും ഓർമ്മശക്തി വർദ്ധിപ്പിക്കുവാനും കഴിവുള്ള ഔഷധസസ്യമായ ബ്രഹ്മിപ്പടർപ്പിനുള്ളിലാണ് ഈ വിഗ്രഹങ്ങൾ ഇന്നും കാണപ്പെടുന്നത്. നമ്പൂതിരി കുളിക്കുവാൻ പോയപ്പോൾ ഓലക്കുട വെച്ച സ്ഥലത്തുതന്നെയാണ് ഈ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഓലക്കുടയും വിഗ്രഹങ്ങൾക്കടുത്തു തന്നെ കാണാം. കുളം വളരെ താഴെയാണ് കാണപ്പെടുന്നത്. കുളത്തിനു ചുറ്റും വളരെ ഉയരത്തിലുള്ള ചുറ്റുമതിലും കാണാം. ദേവീപ്രതിഷ്ഠക്കും പ്രതിബിംബത്തിനും മുന്നിലെ ഈറൻ തറയിൽ പലകയിലിരുന്നാണ് പൂജാരിമാർ പൂജകൾ നടത്തുന്നത്. ദേവീപ്രതിഷ്ഠയ്ക്ക് ചുറ്റും നിറയെ വള്ളിപ്പടർപ്പുകളും അതിനുചുറ്റും ഉയരമുള്ള മതിൽക്കെട്ടുകളുമാണ്. മതിൽക്കെട്ടിന്റെ താഴ്ന്ന ഭാഗങ്ങളിൽ വിരിച്ചിരിക്കുന്ന മണലിൽ എല്ലാ ഭക്തജനങ്ങളും അക്ഷരാംബികയായ ദേവിയെ പ്രാർത്ഥിച്ചുകൊണ്ട് അക്ഷരങ്ങളെഴുതാറുണ്ട്.

നമ്പൂതിരി തന്റെ ഓലക്കുടയുമായി കുളിച്ചു തൊഴാൻ വന്ന മഹാവിഷ്ണു ക്ഷേത്രത്തിന് ആയിരത്തിലധികം വർഷങ്ങളുടെ പഴക്കമുണ്ടെന്നു വിശ്വസിക്കുന്നു. കണ്ണൂരിലെ ചിറക്കൽ രാജകുടുംബത്തിന്റെ ഒരു ശാഖ ഇന്ന് ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തിനു സമീപം വസിച്ചിരുന്നു. അവിടുത്തെ ഒരു രാജകുമാരിയെ പനച്ചിക്കാട്ട് ഈ ക്ഷേത്രത്തിനടുത്തുള്ള ഒരില്ലത്തെ നമ്പൂതിരി വിവാഹം കഴിച്ചു. വിഷ്ണു ഭഗവാന്റെ ഉത്തമഭക്തയായ ആ രാജകുമാരി നിത്യവും ഒരു സാളഗ്രാമത്തെ പൂജിച്ചിരുന്നു. ചിറക്കൽ രാജാവ് മഹാവിഷ്ണു ഭക്തയായ അവർക്കു വേണ്ടി പണി കഴിപ്പിച്ച ക്ഷേത്രമാണിത്. ക്ഷേത്രകാര്യങ്ങളുടെ നടത്തിപ്പിനുള്ള ചിലവിലേക്കായി ഭൂസ്വത്തുക്കൾ നല്കുകയും ചെയ്തു. അവർ പൂജിച്ചിരുന്ന സാളഗ്രാമമാണ് ഇന്നും ഈ വിഷ്ണുക്ഷേത്രത്തിലുള്ളത്. ശ്രീകോവിലിലെ വിഷ്ണു വിഗ്രഹത്തിന്റെ തൃപ്പാദങ്ങളിൽ ഈ സാളഗ്രാമം വച്ച് നിത്യവും പൂജിക്കുന്നു. പിന്നീടാണ് നമ്പൂതിരിയുടെ ഓലക്കുടയിൽ എത്തിയ സരസ്വതി ദേവിയും ഈ ക്ഷേത്രത്തിന്റെ ഭാഗമായത്. എന്നാൽ ഇന്ന് സരസ്വതിക്ഷേത്രമായാണ് ഈ ക്ഷേത്രം അറിയപ്പെടുന്നത്. കാലപ്പഴക്കം മൂലം ക്ഷേത്രത്തിനു മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും പഴമയുടെ മഹിമ ഒട്ടും മായാതെയാണ് ഇന്നും ഈ ക്ഷേത്രം കാണപ്പെടുന്നത്. ഭഗവാൻ ശ്രീമഹാവിഷ്ണുവിന്റെ പാദങ്ങളിൽ നിന്നും പുറപ്പെടുന്ന ജലസ്രോതസ്സ് ഭൂഗർഭ മാർഗ്ഗത്തിലൂടെ ദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ഥാനത്തുകൂടി ഒഴുകി കുളത്തിലെത്തുന്നു. സരസ്വതി നദിയുമായി ഈ ജലസ്രോതസ്സിനെ പലരും താരതമ്യപ്പെടുത്താറുണ്ട്. കിഴക്കോട്ടു ദർശനമായാണ് വിഷ്ണുക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്ത് പ്രധാന പാതയോടു ചേർന്ന് മൂന്നു നിലയുള്ള ഒരു പടിപ്പുരയുണ്ട്. ഇവിടെ നിന്ന് കുത്തനെയുള്ള പടിക്കെട്ടുകളിറങ്ങിയാണ് ഈ വിഷ്ണുക്ഷേത്രത്തിലെത്തുന്നത്. ചതുർബാഹുവായ മഹാവിഷ്ണുവിന്റെ ശിലാവിഗ്രഹമാണ് ശ്രീകോവിലിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ശ്രീകോവിൽ സമചതുരത്തിലുള്ളതും ഓടുമേഞ്ഞതുമാണ്. ബലിക്കൽപുരയുടെ മച്ചിൽ ബ്രഹ്മാവിന്റെയും അഷ്ടദിക് പാലകരുടെയും രൂ

പങ്ങൾ കാണാം. ഗണപതി, ശിവൻ, ശാസ്താവ്, നാഗദേവതകൾ, ബ്രഹ്മരക്ഷസ്സ് എന്നീ ഉപദേവതകളുമുണ്ട്.

പനകളും വള്ളിപ്പടർപ്പുകളും തിങ്ങി നിറഞ്ഞ കാട്ടിൽ യക്ഷി സരസ്വതി വിഗ്രഹം സൂക്ഷിച്ചിരുന്ന സ്ഥലത്തു ഒരു യക്ഷിപ്രതിഷ്ഠയുണ്ട്. ശാന്ത സ്വരൂപിണിയായ ഈ യക്ഷിയെ പ്രീതിപ്പെടുത്തിയാണ് ദേവീ വിഗ്രഹം കണ്ടെടുത്തത്. പാലയും ഇലഞ്ഞിയും വള്ളിക്കെട്ടുകളും തീർക്കുന്ന പർണ്ണശാലയിൽ വസിക്കുന്ന യക്ഷിണിദേവിയെ ദർശിക്കാതെ പനച്ചിക്കാട്ടമ്മയെ മാത്രം ദർശിക്കുവാൻ പാടില്ല എന്നാണ് വിശ്വാസം. ഈ കാട്ടിലുള്ള യക്ഷിയമ്മയ്ക്ക് രണ്ടു നേരവും നിവേദ്യവും വിളക്കുമുണ്ട്. യക്ഷി വസിച്ച പനകൾ നിറഞ്ഞ കാട് പനയക്ഷിയുടെ കാടായും പിന്നീട് ലോപിച്ച് പനച്ചിക്കാടായി എന്നും കരുതുന്നു. പനച്ചി മരങ്ങളുടെ കാടാണ് പനച്ചിക്കാടായതെന്നും അഭിപ്രായമുണ്ട്. പുരാതനമായ മഹാവിഷ്ണു ക്ഷേത്രമാണ് എങ്കിലും പനച്ചിക്കാട് സരസ്വതിദേവി ക്ഷേത്രം എന്നാണ് ഇപ്പോൾ ഈ ക്ഷേത്രം അറിയപ്പെടുന്നത്. കിഴുപ്പുറം , കുറുനാട്, കൈതമുക്ക്, എന്നീ മൂന്നില്ലക്കാരുടെ മേൽനോട്ടത്തിലാണ് ഈ ക്ഷേത്രം . ധ്വജപ്രതിഷ്ഠയോ കൊടിയേറി ഉത്സവമോ ഈ ക്ഷേത്രത്തിലില്ല. വിജയദശമിയും നവരാത്രിയും വളരെ വിപുലമായി ആഘോഷിക്കുന്നു. നവരാത്രി വളരെ വിശേഷമാണ്. ജാതിമതഭേദമെന്യേ ധാരാളം ആളുകൾ വിദ്യാരംഭത്തിനെത്തുന്നു. ദുർഗ്ഗാഷ്ടമിയും മഹാനവമിയും ഒഴികെ വർഷത്തിലെ എല്ലാ ദിവസവും ഇവിടെ വിദ്യാരംഭം നടത്തുന്നുണ്ട്. വിഷ്ണുക്ഷേത്രങ്ങളിലും സരസ്വതിക്ഷേത്രങ്ങളിലുമുള്ള എല്ലാ വഴിപാടുകളും ഇവിടെയും പ്രധാനമാണ്. താളിയോല ഗ്രന്ഥങ്ങളിലെ വിധിപ്രകാരം തയ്യാറാക്കുന്ന സ്വാരസ്വതഘൃതം മന്ത്രജപത്തോടെ സരസ്വതി ദേവിക്കു മുന്നിൽ പൂജിച്ച് പ്രസാദമായി ഭക്തജനങ്ങൾക്കു നൽകുന്നു. ഇത് കുട്ടികൾക്ക് ഓർമ്മ ശക്തി വർദ്ധിപ്പിക്കുവാൻ അത്യുത്തമമാണ്.

ക്ഷേത്രം എന്നത് മനുഷ്യമനസ്സിന്റെ വേദനകൾ നീക്കി മനസ്സിന് കുളിർമയും ഉന്മേഷവും നൽകുന്ന ഉത്തമസ്ഥാനമാണ്. അതിമഹത്തായ നമ്മുടെ സംസ്കാരത്തെപ്പറ്റി ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയതുകൊണ്ടു മാത്രം നമുക്ക് അറിവുണ്ടാകുകയില്ല. അറിവുകൾ ജീവിതത്തിൽ പ്രതിഫലിക്കുമ്പോൾ മാത്രമേ അറിവുകൾ കൊണ്ടു ഫലമുള്ളൂ. അറിവിന്റെ ദേവതയായ സരസ്വതിദേവിക്കു മുന്നിൽ അറിവിന്റെ ആദ്യാക്ഷരം കുറിക്കുന്നു.

സരസ്വതിദേവിയെ പല ഭാവങ്ങളിലാണ് ഭക്തർ ആരാധിച്ചു പോരുന്നത്. വീണാസരസ്വതി, താണ്ഡവസരസ്വതി, വാഗീശ്വരി, ലിപിസരസ്വതി, ഹംസാരൂഢയായ സരസ്വതി, പത്മാരൂഢയും പത്മാസനസ്ഥയുമായ സരസ്വതി, രുദ്രസരസ്വതി എന്നിങ്ങനെ ഓരോ രൂപഭേദങ്ങൾക്കനുസരിച്ച് കൈകളിൽ ധരിച്ചിരിക്കുന്ന ആയുധങ്ങൾക്ക് വ്യത്യാസവും കാണാവുന്നതാണ്. സൂക്ഷ്മബുദ്ധിയും കൂർമ്മ ബുദ്ധിയും പ്രദാനം ചെയ്യുന്ന ഈ മാതൃദേവതയെ മഹായോദ്ധാക്കൾ തങ്ങളുടെ മന്ത്രമൂർത്തിയായി നിത്യവും ആരാധിച്ചു പോന്നിരുന്നു. അവതാര പുരുഷനായ ശ്രീരാമൻ നവരാത്രിവ്രതം ആചരിച്ച് ദേവിയെ പ്രീതിപ്പെടുത്തി. രാവണവധത്തിനുമുമ്പ് ശക്തിസ്വരൂപിണിയായ സരസ്വതിദേവിയെ തപസ്സു ചെയ്ത് ശ്രീരാമൻ അനുഗ്രഹം നേടിയിരുന്നു എന്ന് പുരാണകഥയിൽ കാണുന്നുണ്ട്. വിദ്യക്കായി ഒരു ദേവത തന്നെ ഹൈന്ദവസംസ്കാരത്തിൽ ഉൾച്ചേർന്നിരിക്കുന്നു. മനുഷ്യജീവനും പ്രകൃതിയുടെ നിലനില്പിനും ആവശ്യമായ എല്ലാ വിദ്യകളും ചേർന്നതാണ് വിദ്യാദേവതയുടെ സ്വരൂപം. ആയുസ്സ്, ആരോഗ്യം, ആയോധനം, സുകുമാര കലകൾ സംഗീത വിദ്യ, വാദ്യോപകരണവിദ്യ, ശീലം,രാഗം, വാക്ക് തുടങ്ങി മനുഷ്യജീവിതത്തിനാവശ്യമായ എല്ലാ വിഷയങ്ങളും അതിന്റെശാസ്ത്രീയതയും വിദ്യ എന്ന വാക്കിൽ അടങ്ങിയിരിക്കുന്നു. അങ്ങനെയുള്ള വിദ്യകളുടെയെല്ലാം അധിദേവതയായി സരസ്വതീദേവിയെ സങ്കല്പിച്ചിരിക്കുന്നു. വിദ്യയും വീണയും അമൃത കലശവും അഭയവും നാലു തൃകൈകളിൽ വഹിച്ച് മന്ദസ്മിതവുമായി സരസ്വതിദേവി വെള്ളത്താമരയിൽ വിരാജിക്കുന്നു. സരസ്വതി ദേവിയുടെ കൈകളിലുള്ള പുസ്തകം അറിവിനെയും വീണ സംഗീത കലകളെയും അക്ഷരമാല ആത്മജ്ഞാനത്തേയും സൂചിപ്പിക്കുന്നു. വിദ്യാദേവതയായ സരസ്വതീദേവിയാണ് പനച്ചിക്കാട് ദേവീക്ഷേത്രത്തിൽ കുടിക്കൊള്ളുന്നത്.

വിദ്യയുടെ ദേവി കടാക്ഷിച്ചാൽ മാത്രമേ വിദ്യയുണ്ടാവുകയുള്ളൂ. സരസ്വതീകടാക്ഷത്താൽ വിദ്യയും ദേവീപ്രസാദമായ സാരസ്വതഘൃതത്താൽ നല്ല ഓർമ്മശക്തിയും ബുദ്ധിയും നല്കി ദേവി ഏവരേയും അനുഗ്രഹിക്കുന്നു. സകലജീവികളിലും ബോധമായി നില്ക്കുന്ന ശക്തിയാണ് സരസ്വതീ ദേവിഭാവം. അറിവിന്റെ ദേവതയായ പനച്ചിക്കാട് സരസ്വതീദേവിയുടെ തൃപ്പാദങ്ങളിൽ ജീവിതത്തിന്റെ മുന്നോട്ടുള്ള പാതകളിലെ കടമ്പകൾ കടക്കുവാൻ അറിവിന്റെ അമൃതു നല്കി അനുഗ്രഹിക്കേണമേ എന്നു ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.

*ശ്രീവിദ്യാരൂപിണി സരസ്വതി സകലകലാവല്ലീ*
*സാരബിംബാദി ശാരദാദേവി ശാസ്ത്രവല്ലീ*
*വീണാപുസ്തകധാരിണി വാണി കമലപാണീ*
*വാക്ദേവീ വരദായകി പുസ്തകഹസ്തേ നമോസ്തുതേ.*





# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

**ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)**

മഹാഭാരതം ഒരു പുരാണഗ്രന്ഥമാണ്, സാഹിത്യ ഗ്രന്ഥമാണ്, ഒരു ചരിത്രഗ്രന്ഥമാണ്. ഭാരതത്തിൽ ഉത്തരേന്ത്യയിൽ ജീവിച്ചിരുന്ന ചക്രവർത്തിമാരുടെ ജീവിതം ഒരു കുടുംബരേഖയായി സൂക്ഷിക്കത്തക്ക വിധത്തിൽ വരച്ചിരിക്കുന്നതുകൊണ്ട് ആധുനികശാസ്ത്രം പറയുന്നതുപോലെ ഒരു ഫാമിലി ട്രീ വരക്കാൻ ഈ ചരിത്രം ഉപകരിക്കും. അതുപോലെ തന്നെ ഈ കാലഘട്ടത്തിൽ ഉള്ള പല പല വ്യക്തികളുടെയും കുടുംബചരിത്രം മഹാഭാരതത്തിൽ വിവരിക്കുന്നതുകൊണ്ട് ഒരു പ്രാവശ്യം ഈ ശ്ലോകങ്ങളിൽ കൂടി കടന്നുപോയാൽ ഒന്നും തന്നെ വായനക്കാരന്റെ മനസിൽ രേഖാചിത്രമാക്കാൻ കഴിയില്ല. ഈ കൃതിയിൽ മതം, ധാർമ്മികമൂല്യങ്ങൾ, നീതിശാസ്ത്രം, നിയമം, സാധാരണക്കാരുടെ വിശ്വാസങ്ങൾ, സാംസ്കാരിക മൂല്യങ്ങൾ, സാമൂഹ്യ കാഴ്ചപ്പാടുകൾ, ഭൂമിശാസ്ത്രപരമായ ചരിത്രങ്ങൾ, ഇവയിൽ പ്രധാന നദികൾ, പർവ്വതങ്ങൾ ഇവയൊക്കെത്തന്നെ ഉൾക്കൊള്ളിച്ചുകൊണ്ട് ഭാരതത്തിന്റെ വിജ്ഞാനകോശമെന്ന് പറയാവുന്ന ഈ കൃതിയേക്കുറിച്ച് പറയുന്നത്, ഇതിൽ ഉള്ളത് മറ്റൊന്നിലും കാണില്ലായെന്നാണ്.

പ്രാചീന ഭാരതത്തിൽ സംഭവിച്ച രാജാക്കന്മാരുടെ വീരസാഹസിക കഥകളുടെ ചരിത്രമാണ് ഭാരതകഥ. കൃഷ്ണദ്വൈപായനെന്ന 28 ാമത് വ്യാസനാണ് ഈ കഥ ലിഖിതരൂപത്തിൽ സാധാരണജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നത്. ഈ ചരിത്രഗ്രന്ഥത്തിന്റെ രചനയുടെ ശരിയായ രീതി അറിവില്ലാത്തതുകൊണ്ട് പലരും ഈ ഗ്രന്ഥത്തെ പല തരത്തിലുള്ള നിരൂപണത്തിനു മുതിർന്നിട്ടുണ്ട്. അശ്വലയനഗൃഹ്യസൂത്രം എന്ന ഗ്രന്ഥത്തിൽ രാമായണവും മഹാഭാരതവും ചില സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുപോലെതന്നെ ബൗദ്ധായനഗ്രഹ്യസൂത്രായിൽ ഭഗവദ്ഗീതയിലെ ഒരു ശ്ലോകം ഉണ്ട്. ഇവ രണ്ടും ഏതാണ്ട് 400 ബി.സി യിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. കുടാതെ പാണിനി തന്റെ ഗ്രന്ഥത്തിലും യുധിഷ്ടരന്റെയും ഭീമന്റെയും പേരുകൾ പറയുന്നു. ( മഹാഭാരതം, സംസ്കൃതം എം.എൻ. ദത്തയുടെ ഇംഗ്ലീഷ് പരിഭാഷ). ഇങ്ങനെ പലരും പല തെളിവുകളും പറയുന്നതുകൊണ്ട് ഏകദേശം 100 എ.ഡി. യിലാണ് ഒരു ലക്ഷം ശ്ലോകങ്ങളോടു കൂടി ഈ ഗ്രന്ഥം പുറത്തിറങ്ങിയതെന്നു പറയപ്പെടുന്നു.

ഈ ഗ്രന്ഥം ദ്വൈപായനവ്യാസന്റെ മാത്രം അല്ലായെന്നും പിന്നീട് ആദ്യകഥാതന്തുവിനോടു പലരും പല ശ്ലോകങ്ങളും കൂട്ടി ചേർത്തിട്ടുണ്ടെന്നും പറയപ്പെടുന്നു. ഇപ്പോൾ കിട്ടുന്ന മഹാഭാരതം സംസ്കൃതം മൂന്നു മാററങ്ങളോടെയുള്ളതാണെന്ന് പറയപ്പെടുന്നു. ജയ എന്ന പേരിലാണ് ഈ കൃതിയുടെ ആദ്യ സംരംഭമെന്നും വ്യാസൻ തന്റെ അഞ്ച് ശിഷ്യന്മാരെ പഠിപ്പിച്ചുവെന്നും അതിൽ വൈശമ്പായൻ ജനമേജയന്റെ സദസ്സിൽ പ്രചരിപ്പിച്ച രണ്ടാമത്തെ ഭാരതം (ഇതുപോലെ മറ്റ് അഞ്ചുപേരും അവരുടേതായ കൂട്ടിചേർക്കൽ നടത്തി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും പറയപ്പെടുന്നു). രണ്ടാമത്തേതിൽ 24000 ശ്ലോകങ്ങളുണ്ട്. മൂന്നാമതായി ഉഗ്രശ്രവസ് എന്ന സൂത പൗരാണികൻ ശൗനകനോടു പറഞ്ഞ മഹാഭാരതമാണ്. ശൗനകമുനിയും മറ്റും 12 വർഷം തുടർച്ചയായി നടത്തിയ യാഗത്തിൽ ഉഗ്രശ്രവസ് ഭാരത കഥ പറഞ്ഞു. അപ്പോഴപ്പോൾ ശൗനകമഹർഷിയുടെ ചേദ്യങ്ങൾക്കുള്ള വിശദമായ മറുപടി ഉൾപ്പെടെ 18 പർവ്വങ്ങളായാണ് ഇപ്പോഴുള്ള മഹാഭാരതം. ഈ മഹാഭാരതത്തിലെ ഓരോ ശ്ലോകങ്ങളും പിന്നീട് വളരെ വിശദമായി പല കവികളും ഉപയോഗിച്ചിട്ടുണ്ട്.

ഇങ്ങനെ സാഹിത്യപരമായും ചരിത്രപരമായും ധാരാളം പേർ പിന്നീടുപയോഗിച്ച കഥാതന്തുവാണ് ഭാരതകഥ. ഈ ചരിത്രഗ്രന്ഥം മനസിലാക്കാൻ ശ്രമിക്കുന്നവർക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ ഇവയിൽ വിശദമായി വിവരിച്ചിരിക്കുന്നു. ആദ്യ ശ്ലോകകർത്താവുതന്നെ ഈ ഗ്രന്ഥത്തിൽ പല ഭാഗത്തും പ്രത്യക്ഷപ്പെട്ട് ഈ ഗ്രന്ഥത്തിന്റെ അനസ്യൂത ഒഴുക്കിന് സഹായകമായി വന്നിട്ടുണ്ട്. മഹാഭാരതകഥ രാമായണ കഥ വിവരിക്കുന്നതുപോലെ തുടർച്ചയായ ഒന്നല്ല. രാമായണത്തിൽ രാമന്റെ കഥയുടെ വിശദാംശങ്ങൾ വിവരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കുടുംബബന്ധങ്ങളും ചരിത്രങ്ങളും രാജ്യഭരണവും ഇങ്ങനെ നീണ്ടുപോകുന്ന ഒരു ചരി

ത്രസത്യമാണ്. ജനനം മുതൽ മരണം വരെ ഒരു വ്യക്തിയെന്ന നിലയിലും രാജാവെന്ന നിലയിലും ഉള്ള പ്രവർത്തനങ്ങൾ, തുടർന്നു സംഭവിക്കാവുന്ന പ്രശ്നങ്ങൾ ഇവയെല്ലാംതന്നെ സുന്ദരമായ ഒരു നദിയുടെ ഒഴുക്കുപോലെ വിവരിക്കുന്നു. നദി ഒഴുകി കടലിലേക്കെത്തുമ്പോൾ സംഭവിക്കുന്ന തിരമാലകളുടെ ശക്തിയും കൊടുങ്കാറ്റും ശാന്തതയും സംഭവഗതികൾക്കും മാറ്റം വരുത്തുന്നു. രാമായണത്തിൽ രാമൻ ഭാരതത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ നടന്ന് ലങ്കയിലേക്കു കടക്കുന്ന വിവരണം ഭാരതദർശനം എന്നുതന്നെ പറയാം. രാമൻ വളരെ നല്ല ഒരു മനുഷ്യനാണ്. ധർമ്മവും യുദ്ധവീര്യവും ജ്ഞാനവും ഭാരതീയ പുത്രധർമ്മവും ആചരിച്ച് നല്ല മാതാപിതാക്കൾക്ക് അനുസരണയുള്ള പുത്രനായി വളർന്ന് പത്നീധർമ്മം പാലിച്ചു കഴിയുമ്പോൾ ജന്മോദ്ദേശം എല്ലാവർക്കുമെന്നപോലെ രാമനും ഉണ്ടായിരുന്നു. ഒരു സാഹചര്യത്തിൽ നിന്നും മറ്റൊരു തികച്ചും വ്യത്യസ്തമായ അന്തരീക്ഷത്തിൽ സംഭവിക്കാവുന്നതെല്ലാം സംഭവിച്ചു. പലരുടേയും സഹായത്താൽ ലക്ഷ്യം നേടുകയും ചെയ്തു. ഈ വിവരണത്തിനിടക്ക് വന്ദനീയരായ ഗുരുക്കന്മാരുടെ കഥയല്ലാതെ മറ്റൊന്നും ഇല്ല. രാമായണം രാമചരിതമാണെന്നതിന് സംശയമില്ല. എന്നാൽ മഹാഭാരത കഥ അങ്ങനെയല്ല. ഒരു പ്രത്യേകസാഹചര്യത്തിൽ വ്യാസൻ ലോകനന്മക്കുതകുന്ന ചരിതം രചിക്കുകയും ഇതു കേട്ടയാൾ വേറൊരു സാഹചര്യത്തിൽ ആവർത്തിക്കുകയും അതു കേട്ടയാൾ മറ്റൊരു സാഹചര്യത്തിൽ വിവരിക്കുകയും ചെയ്യുന്നതായിട്ടാണ് മഹാഭാരതം നമ്മുടെ വായനാമണ്ഡലത്തിലേക്കിറങ്ങിവരുന്നത്. വായ്മൊഴിയിൽ നിന്നും ലിഖിത രൂപത്തിൽ പുനരാവിഷ്കാരം നടത്തിയിരിക്കുന്നു. ഇവിടെ ചോദ്യവും കഥാതന്തുവിന്റെ കാര്യകാരണ സഹിതമുള്ള സന്ദർഭത്തിനനുയോജ്യമായ ഉദാഹരണങ്ങളും തത്ത്വചിന്താപരമായ ഉത്തരങ്ങളും കൂടി വരുമ്പോൾ പരസ്പര ബന്ധങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ തങ്ങേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇവയെ കൂട്ടിയിണക്കി മനസിലാക്കുകയെന്നത് കുറച്ചു ദുഷ്കരമാണ്. വൈശമ്പായൻ ജനമേജയനോട് കൗരവ പാണ്ഡവകഥ ചുരുക്കി പറഞ്ഞപ്പോൾ തന്റെ പൂർവ്വികരുടെ കഥ വിശദമായി തനിക്കറിയണമെന്ന് ജനമേജയനാവശ്യപ്പെട്ടു. വൈശമ്പായൻ പറഞ്ഞു, വേദവ്യാസനാൽ വിരചിതമായ ഒരു ലക്ഷം ശ്ലോകങ്ങളുള്ള ഈ കഥ കേട്ടാൽ :

*യ ഇദം ശ്രാവയേദ്വിദ്വാന്യേ ചേദം ശൃണുയുർനരാ*

*തേ ബ്രഹ്മണഃ സ്താനമേത്യ പ്രാപ്നുയുദ്രേവതുല്യതാം*

ഈ ഗ്രന്ഥം ഏതു ജ്ഞാനിയാണോ മറ്റുള്ളവർക്കുവേണ്ടി വായിച്ചുകൊടുക്കുന്നത് അല്ലെങ്കിൽ ശ്രവിക്കുന്നത് അയാൾ ബ്രഹ്മലോകം പ്രാപിക്കും. വൈശമ്പായൻ പറഞ്ഞത് ഉഗ്രശ്രവസ് ശൗനകമുനിയോടു പറഞ്ഞപ്പോൾ മുനി പറഞ്ഞത്:

*അക്കഥയെല്ലാം നിനക്കുൾക്കാമ്പിൽ പാഠമെന്നാ*

*ലൊക്കെ ഞങ്ങൾക്കു കേൾപ്പാനറിയിച്ചിടേണം*

*എന്നാണ്.*

ഭാരതം വേദങ്ങൾക്കു തുല്യമാണ്. അർത്ഥകാമമോക്ഷാദി ധർമ്മങ്ങൾക്ക് പാഠ്യപുസ്തകവും മോക്ഷപ്രാപ്തിക്കുതകുന്നവയുമാണ്. പുണ്യപ്രാപ്തിക്കുതകുന്ന ഈ കൃതി ഏതുകാലത്തും അനുയോജ്യമാണ്.

*മുച്യതേ സർവപാപേഭ്യേ രാഹുണാചന്ദ്രമാ യഥാ*

*ജയോ നാമേതിഹാസോളയം ശ്രോതവ്യോ വിജിഗോഷുണാ*

മഹാപാപിയായ ഒരുവന് അയാളുടെ പാപങ്ങളിൽ നിന്നും മുക്തനാവാൻ ഈ ഗ്രന്ഥം സഹായിക്കും; അധർമ്മത്തിന്റെ മേലുള്ള ധർമ്മത്തിന്റെ വിജയമാണ് ഇതിലെ പ്രതിപാദ്യ വിഷയം വിജയം ആഗ്രഹിക്കുന്ന ഏതൊരാൾക്കും പ്രചോദനമാണീ ഗ്രന്ഥം. ഒരു പടികൂടി കടന്ന് വൈശമ്പായൻ പറയുന്നു, ഈ ഗ്രന്ഥം ധർമ്മ ശാസ്ത്രവും, മോക്ഷശാസ്ത്രവും അർത്ഥശാസ്ത്രവുമാണ്. ഈ ഗ്രന്ഥം വർത്തമാനകാലത്തിനും ഭാവികാലത്തിനും ഒരുപോലെ മുതൽകൂട്ടാണ്. കലുഷിതമായ മാനസികനിലയിൽ പെട്ടു നിരാശാബോധത്തിനടിമപ്പെടുന്ന യുവത്വത്തിന്

*ശരീരേണ കൃതം പാപം വാചാ ച മനസൈവ ചാ*

*സർവ സംത്യജതി ക്ഷിപ്രം യ ഇദം ശൃണുയാന്നരഃ*

ശരീരത്തിനും മനസ്സിനും മോചനം ലഭിക്കും. കൂടാതെ മറ്റുള്ളവരിൽ എപ്പോഴും കുറ്റമാരോപിക്കുന്ന രക്ഷപ്പെടൽ എന്ന രോഗത്തിനടിമയാകുന്ന വ്യക്തിക്കു സ്വന്തം വ്യക്തിത്വം എന്താണെന്നും തന്റെ ജീവിതോദ്ദേശം എന്താണെന്നും മനസ്സിലാക്കാൻ പറ്റിയ ഒരു ദിവ്യ ഔഷധമാണ് ഭാരതകഥ. മഴക്കാലം പ്രകൃതിയെ ശുദ്ധീകരിക്കുന്നതുപോലെ മഹാഭാരത കൃതിയുടെ വായന മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുന്നു. മഹാഭാരതകഥയിലെ ഒരു ഭാഗമായ ഭഗവദ്ഗീത മനുഷ്യമനസ്സിന് ഉത്തേജക ഔഷധമാണെന്നതിന് സംശയമില്ല. ലോകത്തിലുള്ള് ചരിത്രഗ്രന്ഥങ്ങളിൽ മഹാഭാരതം പ്രഥമഗണനീയമാണ്.

കലികാലമദോഷങ്ങളകറ്റാൻ നൈമിശാരണ്യത്തിൽ വെച്ച് ശൗനകമഹർഷി നത്തിയ മഹായജ്ഞമണ്ഡപത്തിൽ വച്ച് ഉഗ്രശ്രവസ്സ് സവിസ്തരം പറഞ്ഞതാണ് ഭാരതകഥ. പക്ഷേ ഉഗ്രശ്രവസ്സ് പഠിച്ചത് ജനമേജയന്റെ യാഗസ്ഥലത്ത് വ്യാസൻ പറഞ്ഞിട്ട് വൈശമ്പായൻ വിശദമായി പറഞ്ഞ ഭാരതകഥയിൽ നിന്നാണ്. ഉഗ്രശ്രവസ്സ് ലോമഹർഷണസൂതന്റെ പുത്രനാണ്. ബ്രാഹ്മണവനിതയിൽ ക്ഷത്രിയനുണ്ടായ മകനായതുകൊണ്ട് സൂതൻ എന്നും പെട്ടെന്നു കേൾക്കുന്നതു ഗ്രഹിക്കുവാനും പറയുവാനും സാധിക്കുന്നതുകൊണ്ട് സൂതപൗരാണികനെന്നും അദ്ദേഹത്തെ വിളിച്ചിരുന്നു. ബ്രഹ്മപുത്രനായ ഭൃഗുവിന്റെ പുത്രനായ ച്യവനമഹർഷിയുടെ പുത്രനായ പ്രമതിക്ക് ഒരു അപ്സരസര സ്ത്രിയിലുണ്ടായ രണ്ടു പുത്രന്മാരാണ് രുരുവും ശുനകനും. ശുനകന്റെ മകനാണ് ശൗനകമഹർഷി. ഇത് ഭൃഗുവംശചരിത്രം എന്ന ഭാഗത്ത് വിശദമായി പറയുന്നുണ്ട്.

ബ്രഹ്മപുത്രനായ ഭൃഗുമുനിക്ക് ഖ്യാതിയെന്ന ആത്മവല്ലഭയിൽ ച്യവനൻ ജനിച്ചു. ഈ ഖ്യാതി ഗർഭിണിയായിരിക്കുമ്പോൾ പുലോമനെന്ന രാക്ഷസൻ അവിടെ ചെന്നു. ഖ്യാതി അതിഥിസൽക്കാരമെല്ലാം നടത്തി. ഈ രാക്ഷസൻ ഇവരിൽ ആകൃഷ്ടനായി അവരെ എടുത്തു കൊണ്ടോടി. വഴിയിൽ ഗർഭിണിയായ അവർ വീഴുകയും കുഞ്ഞു പുറത്തുവരികയും ചെയ്തു. ഇവൾ ഭൃഗുവിന്റെ ഭാര്യയാണെന്ന കാര്യം രാക്ഷസനെ ധരിപ്പിച്ചത് അഗ്നിയാണെന്നറിഞ്ഞ മുനി അഗ്നിയെ ശപിച്ചുവെന്നും കുറ്റാരോപണത്തിനു മറുപടി പറഞ്ഞ ശേഷം അഗ്നി അവിടെനിന്നും മറഞ്ഞുവെന്നും അഗ്നിയില്ലാതെ വലഞ്ഞ മുനികൾ ബ്രഹ്മാവിനോട് സങ്കടം ഉണർത്തിച്ചുവെന്നും അഗ്നിയെ അദ്ദേഹം വരുത്തിയെന്നും, അഗ്നി ഏതു മലിന വസ്തു ഭക്ഷിച്ചാലും അതിന്റെ അഴുക്ക് അഗ്നിയെ ബാധിക്കില്ലായെന്നും ഏത് അശുദ്ധമായ വസ്തുവും അഗ്നി തൊട്ടാൽ ശുദ്ധമാകുമെന്നും ഉള്ള വരം നൽകിയെന്നും അഗ്നി സന്തോഷവാനായിയെന്നും കഥയുണ്ട്.

ഭൃഗുവിന്റെ പുത്രനായ ച്യവനൻ ഒരു വലിയ മഹർഷിയായി മാറി. ച്യവനൻ ജ്ഞാനത്തിലും ദീനാനുകമ്പയിലും അഗ്രഗണ്യനായിരുന്നു. ച്യവനന് ഘൃതാചിയിൽ ഉണ്ടായ മകനാണ് രുരു. വിശ്വവസു എന്ന ഗന്ധർവ്വന് മേനകയിൽ ജനിച്ച കുഞ്ഞിനെ സ്ഥൂലകേശൻ എന്ന മുനിയുടെ ആശ്രമത്തിലുപേക്ഷിച്ച് മേനക പോയി. ഈ കുഞ്ഞ് പ്രമദ്വര വളർന്ന് വലുതായി. രുരു ഇവളിലനുരക്തനായി. കല്യാണത്തിനു കുറച്ചു ദിവസം മുൻപ് പ്രമദ്വരയെ പാമ്പു കടിച്ചു മരിച്ചു. തപോബലം കൊണ്ട് തന്റെ പകുതി ആയുസ്സു നൽകി രുരു പ്രമദ്വരയെ ജീവിപ്പിച്ചു. ഇങ്ങനെ സർപ്പദർശനം പ്രമദ്വരക്ക് ഉണ്ടായതുകൊണ്ട് രുരുവിന് സർപ്പങ്ങളോട് ദേഷ്യമായി. അവയെ കൊല്ലാനും തുടങ്ങി.

*പണ്ട് തൻ പത്നി തന്നെക്കടിച്ചു കൊന്നതുള്ളി*

*ലുണ്ടാകകൊണ്ട് വൈരമവനു മുഴുക്കയാൽ*

*ദണ്ഡമായ് നടന്നവൻ കുണ്ഡലികളെയെല്ലാ*

*ദണ്ഡഹസ്ഥന്റെ പുരത്തിങ്കലാക്കീടുമല്ലോ.*

എന്നാണ് എഴുത്തച്ഛൻ പറയുന്നത്. അങ്ങനെ ഒരു ദിവസം അദ്ദേഹം ഒരു ചേരയെ കൊല്ലാനൊരുങ്ങി. ആ ചേര സഹസ്രപാദൻ എന്ന മഹർഷിയുടെ ശാപത്താൽ സർപ്പമായ ഒരാളാണെന്നും രുരുമുനിയുടെ സാമീപ്യത്താൽ ശാപമോക്ഷം കിട്ടുമെന്നും വിചാരിക്കുന്ന ഒരാളാണെന്ന സത്യം പറയുകയും രുരുവിനാൽ ശാപമോക്ഷം നേടുകയും ചെയ്തു. അയാൾ ഹിംസ പാപമാണെന്നും ജനമേജയൻ നടത്തിയ സർപ്പസത്രം പോലും ആസ്തികമുനിയുടെ ശാപത്താൽ നിർത്തിയെന്നും മറ്റുമുള്ള കഥകൾ കൂടി പറഞ്ഞുകൊടുത്തു. ഇവിടെ സർപ്പയാഗവും അസ്തികമുനിയും പ്രത്യേകം പ്രസ്താവ്യമാണ്.

(തുടരും)

# അഭിനന്ദനങ്ങൾ



**ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും എം.ഡി. (Radiodiagnosis) ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ നമ്മുടെ കരയോഗാംഗമായ ഡോ. എസ്. മാലിനിക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ. ഡോ. മാലിനി നമ്മുടെ കരയോഗാംഗമായ ഡോ. ഹരിശങ്കറിന്റെ ഭാര്യയും എറണാകുളം കരയോഗം എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പറായ ശ്രീ. ഗിരിജാവല്ലഭന്റെ മരുമകളുമാണ്. ഡോ. മാലിനിക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.**

# മണ്ണിന്റെ മണമുള്ള ഓർമ്മകൾ

ശ്രീകുമാർ എസ്

കൊച്ചിയിലെമറൈൻഡ്രൈവ് അറിയാത്തവർ കേരളക്കരയിൽ ചുരുക്കമായിരിക്കും. അത്രയ്ക്കും പ്രാധാന്യം അർഹിക്കുന്ന നഗര ഘീരമശേീ ആണ് അത്. എന്നാൽ എറണാകുളം കായൽ നികത്തിയെടുത്താണ് മറൈൻ ഡ്രൈവ് ഉണ്ടാക്കിയിരിക്കുന്നത് എന്നുള്ളത് എത്രപേർക്കറിയാം? അതിന് പഴയ കാലത്തിലേക്കു മടങ്ങണം. വരൂ... എന്റെ കൂടെ വരൂ... പഴയ എറണാകുളത്തിന്റെ ഓർമ്മകളിലേക്കു മടങ്ങാം. എറണാകുളത്തുകാർക്കതൊരു ഓർമ്മപ്പെടുത്തലും പുതിയവർക്ക് പുത്തൻ അറിവുമായിരിക്കും. ഇന്നത്തെ മറൈൻ ഡ്രൈവിന്റെ പടിഞ്ഞാറ് ഭാഗം റോഡരുകിലായി അരപ്പൊക്കം മതിലുണ്ടായിരുന്നു. സന്ധ്യാസമയങ്ങളിൽ പടിഞ്ഞാറൻ കാറ്റേറ്റ് മേനകയിലെ കോളാമ്പിയിൽ നിന്നും ഒഴുകി വരുന്ന പാട്ടുകേട്ട് കടലയും കൊറിച്ച് കൊണ്ട് നഗരവിശേഷങ്ങൾ പങ്കിടുക എന്നത് ഹൃദ്യമായ ഒരു അനുഭവമായിരുന്നു അന്ന്. എറണാകുളത്ത് ആദ്യമായി സംസാരിക്കുന്ന മലയാള സിനിമ 'ബാലൻ' പ്രദർശിപ്പിച്ചത് മേനകയിലാണ്. ഫസ്റ്റ് ഷോ തുടങ്ങിയാൽ തീയറ്ററിലെ ഡോറിന്റെ മുകളിലെ മരപ്പാളികൾ തുറന്നിട്ടാൽ പടിഞ്ഞാറൻ കാറ്റേറ്റ് സുഖമായി സിനിമ കാണാമായിരുന്നു.' ഫാൻ തോറ്റു പിൻമാറും. സീലോഡ് ഹോട്ടൽ എറണാകുളത്തെ ആദ്യത്തെ ബഹുനില കെട്ടിടമത്രെ. ആ കാലത്ത് എറണാകുളത്തുകാർ അതുകണ്ട് അത്ഭുതം കൂറി നിന്നിട്ടുണ്ട്. അതിനും വടക്ക് കേരളത്തിലെ തന്നെ ആദ്യത്തെ എ. സി. തീയറ്ററായ ശ്രീധർ ഇന്നും പ്രൗഢിയോടെ നിലനിൽക്കുന്നു. മറൈൻ ഡ്രൈവിന്റെ കിഴക്കു ഭാഗം ബ്രോഡ്‌വേ അന്നും ഇന്നും എന്തും ഏതും കിട്ടുന്ന സ്ഥലമാണ്. അതിനും വടക്കു വശത്ത് പഴയകാലത്ത് ചന്തദിവസങ്ങളിൽ (തിങ്കൾ, വെള്ളി) വലിയ കെട്ടു വള്ളങ്ങളും, ചെറുവഞ്ചികളും നിരന്തരം പലചരക്കുകളുമായി എറണാകുളത്തോട് ചേർന്നു കിടക്കുന്ന നിരവധി ദ്വീപുകളിലേക്കു സഞ്ചരിച്ചിരുന്ന കാഴ്ച ഇന്നും കൺമുമ്പിലുണ്ട്. ഇന്ന് അവ ഒരു ഓർമ്മ മാത്രം. അതുപോലെ തന്നെ എറണാകുളം ചന്തയിൽ നിന്നും പലചരക്കു കളും, പച്ചക്കറികളും, തുണിത്തരങ്ങളും മറ്റുമായി കാളവണ്ടികൾ നിരനിരയായി രാത്രി എട്ടു മണിയോടു കൂടി വാഹന സഞ്ചാരം കുറയുന്നതോടെ യാത്ര തുടങ്ങി തിരുവാങ്കുളം, കോട്ടയത്തുപാറ, ചോറ്റാനിക്കര, ആമ്പല്ലൂർ, മുളന്തുരുത്തിവരേയും തെക്കോട്ട് കുരീക്കാട്, അരയൻകാവ്, കാഞ്ഞിരമറ്റം വരെയും പോയിരുന്നു. 6,7 കാളവണ്ടികൾ ഒരുമിച്ചാണ് യാത്ര. വണ്ടിക്കടിയിൽ 7–ാം നമ്പർ വിളക്ക് തൂങ്ങുന്നുണ്ടാവും. വലിപ്പമേറിയ കാളവണ്ടിയുടെ മരചക്രങ്ങളുടെ കടകട ശബ്ദം കാളകളുടെ കഴുത്തിലെ മണികിലുക്കവും അങ്ങ് രാത്രിയുടെ നിശബ്ദതയിൽ ദൂരെ അലിഞ്ഞലിഞ്ഞ് ഇല്ലാതാവുന്നത് ഇപ്പോഴും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. ഇങ്ങോട്ട് തെക്കോട്ട് വന്നാൽ ഇന്നത്തെ Children's Park പഴയ കാലത്തു Lady Irvin Park എന്നാണ് അറിയപ്പെട്ടിരുന്നത്. അതിന് വടക്ക് ആനിബസന്റ് പാർക്കും ഉണ്ടായിരുന്നു. ഇപ്പോഴത്തെ ചിൽഡ്രൻസ് പാർക്കിന്റെ എതിർ വശത്ത് കാണുന്നതാണ് പഴയ കൊച്ചി രാജ്യത്തിന്റെ നിയമസഭാ മന്ദിരം. (ഇപ്പോഴത്തെ ലോ കോളേജ്), അതിനകത്തെ ഹാൾ പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും അത് നിർമ്മിച്ചിരിക്കുന്നത് നിയമ സാമാജികർക്ക് ഇരിക്കാനുള്ള രീതിയിലാണ് എന്ന്. അതിന് തെക്കായി പണ്ട് ഹൈക്കോടതി ചീഫ് ജസ്റ്റിസ്സിന്റെ വാസസ്ഥലമായിരുന്നു. ഇപ്പോഴത്തെ റവന്യൂ ടവർ Children's Park ന്റെ തെക്കേ മൂലയോട് ചേർന്ന സ്ഥലത്ത് (ഇപ്പോൾ വിവേകാനന്ദ പ്രതിമ നിൽക്കുന്ന ഇടം) Sea scout എന്ന സ്ഥാപനം നില നിന്നിരുന്നു. കാലാന്തരത്തിൽ അത് നാമാവശേഷമായി. ഈ പാർക്കിന്റെ തെക്കു ഭാഗത്ത് ബോട്ട് ജെട്ടി സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു പഴയ എറണാകുളം കെ.എസ്.ആർ. ടി.സി ബസ്റ്റാന്റ് എല്ലാ ബസ്സുകളും ഇവിടെ നിന്നായിരുന്നു പുറപ്പെട്ടിരുന്നത്. കാല ക്രമേണ തിരക്ക് നിയന്ത്രണാതീതമാകയാൽ സ്റ്റാന്റ് ഇവിടെ നിന്ന് മാറ്റുവാൻ നിർബന്ധിതമായി. ഈ ബോട്ട് ജെട്ടി





യിൽ നിന്നും ഫോർട്ട് കൊച്ചി , മട്ടാഞ്ചേരി, ഐലന്റ് , വൈപ്പിൻ എന്നീ സ്ഥലങ്ങളിലേക്ക് സർക്കാർ ബോട്ടുകളും വടക്കു വശത്തെ ജെട്ടിയിൽ നിന്നും നിരന്തരം പ്രൈവറ്റ് ബോട്ടുകൾ എറണാകുളം കോട്ടപ്പുറം റൂട്ടിലേയ്ക്കും സർവ്വീസ് നടത്തിയിരുന്നു. ആ സ്ഥാനത്ത് ഇന്ന് ഒന്നു രണ്ടെണ്ണം മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. വളരെ ചിലവ് കുറഞ്ഞ മാർഗ്ഗമായിരുന്നു ജലയാത്ര. പഴയകാലത്ത് ഈ ബോട്ട് ജെട്ടിയിൽ നിന്നും ആലപ്പുഴ, കോട്ടയം, വൈക്കം അങ്ങ് കൊല്ലം വരെ യാത്രാ ബോട്ടുകൾ ഉണ്ടായിരുന്നു. കൂടാതെ സാധനങ്ങൾ കൊണ്ടു പോകാനും. അതെല്ലാം കാലത്തിന്റെ കുത്തൊഴുക്കിൽ ഇല്ലാതായി. ബോട്ട് ജെട്ടിക്ക് തെക്കു നിലനിൽക്കുന്ന സുഭാഷ് പാർക്ക് അന്നും ഇന്നും ഒരു ആശ്രയ കേന്ദ്രം പോലെയാണ്. പണ്ട് സന്ധ്യയ്ക്ക് ആകാശവാണിയിൽ കൂടി വന്നിരുന്ന വാർത്തകളും ഗാനങ്ങളുമെല്ലാം കോളാമ്പിയിലൂടെ പാർക്ക് അടയ്ക്കുന്ന സമയമായ 9 മണി വരെ തുടരുമായിരുന്നു. സായാഹ്നങ്ങളിൽ പാട്ടും കേട്ട് പടിഞ്ഞാറൻ കുളിർകാറ്റും ഏറ്റ് സൊറ പറഞ്ഞ് പുൽത്തകിടിയിൽ ഇരിക്കുക ഒരു വിനോദമായിരുന്നു മിക്കവർക്കും. പാർക്കിന്റെ എതിർവശത്തുള്ള എറണാകുളം ജനറൽ ആശുപത്രി കേരളത്തിലെ മികച്ച സൗകര്യങ്ങളുള്ള ഒന്നാണ് , അന്നും ഇന്നും. ഒരു കാലഘട്ടത്തിൽ ഇവിടുത്തെ കണ്ണാശുപത്രി വളരെ പേരുകേട്ടതായിരുന്നു. പ്രത്യേകിച്ച് ഈ മേഖലയിൽ പ്രൈവറ്റിന്റെ സാന്നിധ്യം കുറവായിരുന്നു ആ കാലത്ത്. അടുത്തത് പഴയ മഹാരാജാസ് പോസ്റ്റോഫീസാണ് ഇന്ന് ആ സ്ഥാനത്ത് തല ഉയർത്തി നിൽക്കുന്നത്. എറണാകുളം ഹെഡ് പോസ്റ്റോഫീസ് സമുച്ചയം ആണ്, പോസ്റ്റോഫീസ് റോഡിന്റെ തെക്കുവശത്തായി പണ്ട് ഉണ്ടായിരുന്ന പി. എച്ച്. ഇ. ഡി. വക ഒരു വലിയ ഇരുമ്പുകൊണ്ടുള്ള വാട്ടർ ടാങ്കാണ് ഇവിടങ്ങളിലെ ജനങ്ങളുടെ ദാഹം ശമിപ്പിച്ചിരുന്നത്. മഹാരാജാസ് കോളേജിനെ എറണാകുളത്തിന്റെ തിലകക്കുറി എന്നു തന്നെ പറയാം. രാജകീയ പ്രൗഢി വിളിച്ചോതുന്ന പഴയ പാരമ്പര്യത്തിന്റെ കണ്ണിയായി വിലസുന്ന ഈ കലാലയമുത്തശ്ശി എത്രയോ പ്രഗത്ഭന്മാർക്ക് ജന്മം നൽകിയിരിക്കുന്നു. ഈ കലാലയ കാമ്പസിൽ എത്ര എത്ര പ്രണയങ്ങൾ മൊട്ടിട്ടിരിക്കും, വാടിയിരിക്കും, സ്വാതന്ത്ര്യ സമരചരിത്രത്തിലെ സുവർണ്ണ മുഹൂർത്തങ്ങളിൽ പലതും ഈ കലാലയത്തിന്റെ അതിരുകൾക്കുള്ളിലാണ് സംഭവിച്ചത്. അത് ചരിത്രം. കോളേജിന്റെ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പോർച്ചുഗൽ മാതൃകയിലുള്ള കെട്ടിടം പഴയ കൊച്ചി രാജ്യത്തിന്റെ ഭരണസിരാകേന്ദ്ര മായിരുന്നു. തൊട്ടു തെക്ക് ഈ കരയുടെ അനുഗ്രഹമായി, വിളക്കായി, വഴികാട്ടിയായി ദേശനാഥൻ പ്രൗഢിയോടെ വാണരുളുന്നു. അമ്പലത്തിന്റെ നേരെ പടിഞ്ഞാറുവശം സ്ഥിതി ചെയ്യുന്ന രാജേന്ദ്രമൈതാനത്തിലെ ഓരോ മണൽത്തരിക്കും ഓരോ കഥകൾ പറയാനുണ്ടാകും. അത്രയ്ക്ക് ചരിത്രം വീണുറങ്ങുന്ന മണ്ണാണിത്. സ്വാതന്ത്ര്യ സമരത്തിന്റെ തീയും പുകയും ആവോളം ഏറ്റുവാങ്ങിയ ഒരു പ്രദേശമത്രെ ഇത്. പഴയകാലത്ത് ഇത് ഒരു ബോട്ട് ജട്ടി ആയിരുന്നു – മരപ്പലകകൾ പാകിയ ഒന്ന് – വിശേഷ അവസരങ്ങളിൽ ഉപയോഗിക്കാൻ മാത്രമുള്ളത്. പിൽക്കാലത്ത്, ചെറിയ തോതിൽ വള്ളംകളി നടന്നിരുന്നപ്പോൾ Finishing Point ആയി ഇവിടം ഉപയോഗിച്ചിരുന്നു. ഇപ്പോൾ തെക്കോട്ട് മാറിയാൽ ഗാന്ധിപ്രതിമ ഇരിക്കുന്ന സ്ഥലത്തിന് തൊട്ട് തെക്ക് ഇരിക്കുന്ന കെട്ടിടം (ഇപ്പോഴത്തെ K.S.E.B. Guest House) പഴയ കാലത്തെ എറണാകുളത്തെ വിദ്യുച്ഛക്തി വിതരണക്കാരായ ചന്ദ്രാ കമ്പിനിയുടേതായിരുന്നു അത്. ആ കാലഘട്ടത്തിൽ വിളിച്ചാൽ വിളിപ്പുറത്തായിരുന്നു ചന്ദ്രാ കമ്പിനിയുടെ സേവനം. കാലാന്തരത്തിൽ അത് K.S.E.B ഏറ്റെടുത്തു. പിന്നെയും തെക്കോട്ട് പോയാൽ തെക്കേ അറ്റത്ത് ഇൻഡോ സ്വിസ്സ് പ്രോജക്ടിനോട് ചേർന്ന് പണ്ട് ഒരു ബോട്ട് ജെട്ടി ഉണ്ടായിരുന്നു, പെരുമാനൂർ ജെട്ടി. ഒരണ കൊടുത്താൽ വില്ലിംങ്ടൺ അയലന്റിന്റെ തെക്കു വശത്ത് എത്തും. പഴയകാലത്ത് ഇവിടം കാട് പിടിച്ച് കിടക്കുകയായിരുന്നു. ഓണക്കാലത്ത് കുട്ടി സഞ്ചിയുമായി ഐലന്റിലിറങ്ങി നിറയെ പല വിധത്തിലുള്ള പൂക്കളുമായി മടങ്ങുന്നത് ഓർമ്മിക്കാൻ സുഖമത്രെ. ഇന്ന് ജെട്ടിയില്ല. പഴയ ഫൈൻ ആർട്ട് ഹാൾ ഓല മേഞ്ഞതായിരുന്നു. പണ്ട് ഫൈൻ ആർട്ട് ഹാളിനും ഇൻഡോ സ്വിസ്സ് പ്രോജക്ടിനുമിടയിൽ പെരുമാനൂർ പള്ളി വക ഒരു കപ്പേള റോഡിന്റെ ഒത്ത നടുക്ക് സ്ഥിതി ചെയ്തിരുന്നു. അന്ന് വലിയ വാഹനങ്ങൾ ഇതുവഴി വരാൻ സാധിക്കില്ലായിരുന്നു. അതിന് കിഴക്ക് ശതാബ്ദി ആഘോഷിച്ച എറണാകുളം കരയോഗത്തിന്റെ രുദ്രവിലാസം സ്കൂൾ തികഞ്ഞ പ്രൗഢിയോടെ ഇന്നും തലയുയർത്തി നിൽക്കുന്നു– കുരുന്നുകൾക്ക് അക്ഷരവെളിച്ചം പകർന്നു കൊണ്ട്. പണ്ട് സന്ധ്യാസമയങ്ങളിൽ ഈ പ്രദേശമാകെ വിജനമായിരുന്നു. ഇങ്ങോട്ട് വരാൻ

തന്നെ ഭയമാകുമായിരുന്നു. ഡർബാർ റോഡിന്റെ തെക്കു ഭാഗത്തായി TDMH എന്ന ഗ്രിൽ പാകിയ, കിഴക്ക് പടിഞ്ഞാറായി കിടക്കുന്ന ഒറ്റ നില കെട്ടിടമായിരുന്നു ടി.ഡി.എം ഹാൾ എന്ന എറണാകുളം കരയോഗത്തിന്റെ കെട്ടിടം ഇന്ന് ഇത് മെട്രോ നഗരത്തിന്റെ പ്രൗഢിയോടെ, ആധുനിക സൗകര്യങ്ങളോടെ പടർന്ന് പന്തലിച്ച് നിൽക്കുന്ന കാഴ്ച എറണാകുളത്തുകാർക്ക് കുളിർമയേകുന്ന ഒന്നാണ്. പഴയ എറണാകുളത്തെ ഓർത്തെടുക്കുമ്പോൾ ഓർമ്മയിൽ തെളിഞ്ഞു വരുന്ന ഒരു പിടി സ്ഥാപനങ്ങളെയും വ്യക്തികളെയും സ്മരിക്കാതെ ഇത് മുഴുമിപ്പിക്കാൻ ആവില്ല, അവയിൽ ആദ്യത്തേത് കണ്ണിന് അസുഖം വന്നാൽ ഒരു സ്ഥലമേ ഉള്ളൂ ഓർക്കാൻ. പുത്തൂരാൻ. എറണാകുളം കോൺവന്റ് ജംഗ്ഷനിലെ പുത്തൂരാന്റെ ആശുപത്രി കെട്ടിടം ഇപ്പോഴും നില നിൽക്കുന്നു. അതുപോലെ പഴയ എറണാകുളത്തുകാർ ഓർക്കുന്ന ഒരു പേരാണ് ജപ്പാൻകാരനായ ഡെന്റിസ്റ്റ് ഡോ. നിഷിമുറ. ആദ്യം ബ്രോഡ്‌വേയിലും തുടർന്ന് ഇയ്യാട്ട്മുക്കിലും പിന്നീട് പാർത്ഥാസിനു പുറകിലും അദ്ദേഹം ക്ലിനിക് നടത്തി. അതുപോലെ ENT ക്ക് ഡോ. ഡിസൂസ ബാനർജി റോഡിൽ തന്റെ ക്ലിനിക് നടത്തിയിരുന്നു. അച്ഛനും അമ്മയുമൊഴികെ എന്ത് വേണമെങ്കിലും കിട്ടുന്ന ഒരു കടയെ അന്ന് എറണാകുളത്തുണ്ടായിരുന്നുള്ളു- അതത്രെ കൊച്ചിട്ട്യാതിയുടെ കട – അത്രയും പ്രസിദ്ധമായിരുന്നു അത്. 50 പണിക്കാർ നിരന്തരം അദ്ധ്വാനിച്ചാലും തിരക്ക് ബാക്കിയായിരുന്നു. പഴയ കാലത്ത് കൊച്ചികാർക്ക് ഓർക്കാൻ ഒറ്റ ബേക്കറിയെ ഉണ്ടായിരുന്നുള്ളു. കൊച്ചിൻ ബേക്കറി. ബേക്കറിയുടെ അവസാന വാക്കായിരുന്നു ആ കാലയളവിൽ അത്. വീടു വീടാന്തരം ആവശ്യകാർക്ക് ബേക്കറി സാധനങ്ങൾ തലച്ചുമടായി കൊടുത്തിരുന്ന ഒരവസ്ഥയും അന്നുണ്ടായിരുന്നു. വളഞ്ഞമ്പലം എന്നുള്ളത് പെരുമാനൂർക്കാവ് ആണെന്നുള്ളത് പഴയ ആൾക്കാർക്ക് മാത്രം അറിയാവുന്ന കാര്യം. തൊട്ട് കിഴക്കുള്ള ലക്ഷ്മൺ ടാക്കീസിലെ കോളാമ്പിയിലൂടെ 'പാലും പഴവും കയ്യിലേന്തി' തുടങ്ങി പഴയ ഗാനങ്ങൾ അലയടിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. സത്യനും, നസീറും, രാഗിണിയും, ഷീലയും, ജെമിനി ഗണേശനും എല്ലാം ഇവിടുത്തെ വെള്ളിത്തിരയിലൂടെ മിന്നിമറഞ്ഞു പോയി. സത്യജിത് റേയുടെ പ്രസിദ്ധമായ 'പഥേർ പാഞ്ചാലി' നാലണക്ക് കുട്ടികളെ കാണിച്ച ഓർമ്മ ഇന്നും മായാതെ നിലനിൽക്കുന്നു. ഇടവേളകളിൽ പാട്ടുപുസ്തകവും കടലയും ഒരുമിച്ച് വിറ്റിരുന്ന ഇങ്ങിനി വരാത്ത വണ്ണം പോയ്മറഞ്ഞ ഒരു കാലം. പഴയ കാലത്തെ എം. ജി. റോഡിലെ വുഡ്‌ലാന്റ്സ് ഹോട്ടലും സൗത്തിലെ തൃപുരസുന്ദരിയും രുചിയുടെ മുകുളങ്ങളെ വികസിപ്പിച്ച ഹോട്ടലുകളത്രെ. മേൽ വിവരിച്ചത് എന്റെ ഓർമ്മകളിൽ വന്നവയിൽ ചിലത് മാത്രം. സ്വാഭാവികമായും പലതും വിട്ട് പോയിട്ടുണ്ടാകാം. മാത്രമല്ല കൂടുതൽ അറിയുന്നവരും കാണും. ഗൃഹാതുരത്വം ഉയർത്തുന്ന ഓർമ്മകൾ പങ്ക് വയ്ക്കുക എന്നത് മാത്രമെ ഇത് കൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. തീർച്ചയായിട്ടും ഇത് പൂർണ്ണമല്ല.

**(കവിത)**

# മുത്തശ്ശി

**പറവൂർ ബാബു (ഫോൺ : 9961252496)**

**മ**രിക്കും മുമ്പ്
മുത്തശ്ശി ചൊല്ലി :
മരിച്ച ശേഷം
കാണാം
ഉണ്ണിക്ക് മുത്തശ്ശിയെ
അകലെയാകാശത്ത്
മന്ദഹസിച്ചു നില്ക്കും
നക്ഷത്രമായ്.

മരിച്ചുപോയ്
മുത്തശ്ശിയെങ്കിലും
ആകാശത്ത്
നോക്കിയില്ല ഞാൻ
മനസ്സിലിന്നും
ജീവിക്കുന്നു
മറക്കാനാവാത്ത
കഥകളുടെ
ആത്മാവായി.





## എറണാകുളം കരയോഗത്തിന്റെ ക്ഷണം സ്വീകരിച്ച് 24.9.2018 ന് കരയോഗം സന്ദർശിച്ച പ്രശസ്ത ശാസ്ത്രജ്ഞൻ ശ്രീ. എസ്. നമ്പി നാരായണൻ കരയോഗാംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചതിന്റെ സംക്ഷിപ്ത രൂപം:

സുഹൃത്തുക്കളെ,



എന്റെ ബുക്ക് നിങ്ങളെല്ലാവരും വായിച്ചിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. എന്നാലും ചില കാര്യങ്ങൾ "From the horses mouth" എന്നു പറയുന്നതുപോലെ എന്നിൽ നിന്ന് നിങ്ങൾക്ക് കേൾക്കാൻ ചിലപ്പോൾ ആഗ്രഹമുണ്ടാകും. നിങ്ങൾക്കു മനസ്സിലാവുന്ന വിധത്തിൽ ഞാൻ പറയാൻ ശ്രമിക്കാം. രണ്ട് ടെക്നോളജി ഞാൻ പ്രതിഫലം കൈപ്പറ്റി വിറ്റു എന്നതാണ് ഈ കേസ്. ഒരെണ്ണം ക്രയോജനിക് ടെക്നോളജി, രണ്ടാമത് വികാസ് എൻജിൻ ടെക്നോളജി. ഈ രണ്ടു ടെക്നോളജിയും 1994 – ൽ പാകിസ്ഥാനു വിറ്റു പൈസ വാങ്ങിച്ചു എന്നാണ് ചാർജ് ഷീറ്റ്. 94 – ൽ ക്രയോജനിക് എന്നു പറയുന്ന ഒരു ടെക്നോളജി ഇൻഡ്യയിൽ ഇല്ല. ക്രയോജനിക് ടെക്നോളജി എന്നു പറയുന്നത് 20 വർഷം കഴിഞ്ഞ് അതായത് 2014 –ൽ ആണ് വരുന്നത്. അതിനാൽ ആദ്യത്തെ ചാർജ് ഇല്ലാത്ത ടെക്നോളജി ഞാൻ വിറ്റു എന്നാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ട കാര്യമില്ല. രണ്ടാമത്തേത് വികാസ് എൻജിൻ ടെക്നോളജി. ഈ വികാസ് എൻജിൻ ടെക്നോളജി എന്നുള്ളത് നമ്മളൊരു collaboration ൽ വികസിപ്പിച്ചെടുത്ത ഒരു എൻജിനാണ്. ഇത് fabricate ചെയ്യാൻ അന്നും ഇന്നും നമ്മൾ പുറത്തുള്ള fabricators –ന് ഡ്രോയിംഗ്സ് കൊടുക്കാറുണ്ട്. ഡ്രോയിംഗ്സ് എന്നു പറഞ്ഞാൽ സ്കെച്ചസ് അല്ല. Full fledged fabrication drawings with tolerance. അതേപോലെ work fabricate ചെയ്യണം. Fabricate ചെയ്യാനുള്ള അറിവ് വേണം. മാത്രമല്ല അതിന്റെ ക്വട്ടേഷൻസും തരണം. 94 – ലും കൊടുത്തു, ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുന്നു. അതിന്റെ അർത്ഥം വെറും 4000 രൂപ നിങ്ങൾ തരികയാണെങ്കിൽ നിങ്ങളുടെ വീട്ടിൽ ആ ഡ്രോയിംഗ്സ് ഞങ്ങൾ എത്തിച്ചു തരും. എത്തിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് 400 കോടി രൂപ എനിക്ക് തന്ന് ആർക്കെങ്കിലും വാങ്ങിക്കേണ്ട ആവശ്യമുണ്ടോ? ഈ രണ്ടു ചാർജും നിങ്ങളാന്നൊലോചിച്ചു നോക്കണം. രണ്ടു ചാർജും അർത്ഥശൂന്യമാണ്. ഇത് തികച്ചും കള്ളമാണ് . കള്ളമെന്ന് നിങ്ങൾ പ്രൂവ് ചെയ്യണ്ട. എന്റെ സ്റ്റേറ്റ്മെന്റ് നിങ്ങൾ വായിച്ച് നോക്കിയാൽ മതി. ഇനി അടുത്തത് അതിന്റെ കൂടെ associated ആയിട്ട് വേറൊരു വിഷയം ഞാൻ പറയാം.

കേരള ഗവൺമെന്റിനോ അല്ലെങ്കിൽ കേരള പോലീസിനോ അധികാരപരിധി ഇല്ലാത്ത ഒരു കേസാണ് ഇത്. ഉദാഹരണത്തിന് ഒരു ട്രാഫിക് പോലീസിന് ഒരു കൊലക്കേസ് അന്വേഷിക്കാനോ അല്ലെങ്കിൽ ഒരു കൊലക്കേസ് പിടിക്കാനോ പറ്റുമോ. കണ്ടമാനം ലോയേഴ്സ് ഒക്കെ ഉള്ള ഒരു സദസ്സാണ് ഇത്. ട്രാഫിക് പോലീസ് ഒരു കൊലപാതകകേസ് കാണുകയാണെങ്കിൽ he has to go and report to the persons who have the jurisdiction. ഇവർക്ക് അധികാരപരിധി ഇല്ലാത്ത കേസാണ് ഈ Official Secrets Act. ഇതാണ് രസകരമായ ഒരു കാര്യം. അത് അറിയാതെയാണോ ഈ കേസ് അവരെടുത്തത് ? അറിഞ്ഞുകൊണ്ടു തന്നെയാണ് അവരെടുത്തത് എന്ന് ഞാൻ വിചാരിക്കുന്നു. അധികാരപരിധി ഇല്ല എന്ന് അവർക്കറിയാം. പക്ഷേ ഇതിൽ cognizance എടുത്ത ഒരു മജിസ്ട്രേറ്റ് ഉണ്ട്. Official Secrets Act ലേക്ക് അപ്രോപ്രിയേറ്റ് ഗവൺമെന്റിലെ കാര്യങ്ങളും ഇവർക്ക് അധികാരപരിധി ഇല്ല എന്നു പറയുന്ന കാര്യങ്ങളും മനസ്സിലാക്കാതെ ഒരാൾ കേസെടുക്കുന്നു. ഒരാൾ cognizance എടുക്കുന്നു. നമ്മൾ എങ്ങോട്ടാണ് പോകുന്നത് ?

Where are we? ഇപ്പോൾ ഇത് കള്ളകേസ് ആണെന്ന് എല്ലാവർക്കും മനസ്സിലായി എന്നു തോന്നുന്നു. ഇതിൽ കൂടുതൽ വിവരിക്കേണ്ട കാര്യമില്ല. കാരണം നിങ്ങൾ ഒരു elite educated community ആണ്. അതുകൊണ്ട് മനസ്സിലാവും. പക്ഷേ ചോ

ദ്യം അതല്ല, എന്തുകൊണ്ടാണ് ഈ കള്ളകേസ് ഉണ്ടാക്കിയത് ? ഒരു കാരണം അന്നത്തെ ചീഫ് മിനിസ്റ്ററെ അവരുടെ പാർട്ടി താല്പര്യങ്ങൾക്കു വേണ്ടി അവരെ താഴെ ഇറക്കാനുള്ള ശ്രമം നടന്നു. എന്നാൽ he is so popular. പെട്ടെന്ന് അവരെ മാറ്റാൻ കഴിഞ്ഞില്ല. അപ്പോൾ അവരെ unpopular ആക്കണം. unpopular ആക്കണമെങ്കിൽ അങ്ങേർക്ക് എന്തെങ്കിലും മോശമായ ഒരു പേര് ഉണ്ടാക്കണം. ചാരൻ എന്നുള്ള പേര് തീരുമാനിച്ചു. കരുണാകരൻ ചാരനാവുകയാണെങ്കിൽ ഈ കേസുമായിട്ട് കരുണാകരനെ ലിങ്ക് ചെയ്യാൻ ഒരാളു വേണം. അതിന് രമൺ ശ്രീവാസ്തവയെ ഉപയോഗിച്ചു. ആ വഴിക്ക് കരുണാകരൻ ചാരനായി. കരുണാകരൻ താഴെ ഇറങ്ങി പോകുകയും ചെയ്തു. അതോടുകൂടി ആ കേസ് അവിടെ അവസാനിച്ചില്ല. കരുണാകരനുമായി ലിങ്ക് ചെയ്യാൻ രമൺ ശ്രീവാസ്തവ മതിയല്ലോ. പിന്നെന്തിനാണ് നമ്പി നാരായണൻ? അപ്പോൾ വേറെ എന്തോ താല്പര്യം ഇതിനകത്ത് ഉണ്ട്. ആ താല്പര്യം ആണ് ഞാൻ പലപ്പോഴും ചില മീറ്റിംങുകളിലും ചില ഇന്റർവ്യൂകളിലും കൂടെകൂടെ സൂചിപ്പിക്കുന്ന ഒരു കാര്യം. നമുക്ക് മനസ്സിലാകുന്നില്ല എന്നുള്ള രീതിയിൽ അത് പറഞ്ഞു അവസാനിപ്പിക്കരുത്. ഇന്ന് ടൈംസ് ഓഫ് ഇൻഡ്യ ന്യൂസ് പേപ്പറിൽ വേറൊരു ന്യൂസ് കൂടെ ഉണ്ട്. ഈ കേസിൽ ആദ്യം അറസ്റ്റു ചെയ്യപ്പെട്ടത് മറിയം റഷീദ എന്നു പറയുന്ന ആ സ്ത്രീയെയാണ്. അവരിന്നൊരു ടെലിഫോൺ ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്നത് അവരെ ഐബി ഉദ്യോഗസ്ഥർ ടോർച്ചർ ചെയ്തു, ടോർച്ചർ ചെയ്തിട്ട് രണ്ടു ഫോട്ടോസ് കാണിച്ചു, രണ്ടു ഫോട്ടോസും ആരുടേതാണ് എന്ന് അറിയാമോ എന്ന് ചോദിച്ചു. അവർ അറിയില്ല എന്നു പറഞ്ഞു. ഒരാൾ നമ്പി നാരായണനാണ്, ഒരാൾ രമൺ ശ്രീവാസ്തവ ആണ് എന്നു പറയണം എന്നു നിർബന്ധിച്ചു. അവർ പറഞ്ഞില്ല, അതിനാൽ അവർ അടിയും വാങ്ങിച്ചു. ടോർച്ചർ ചെയ്യപ്പെട്ടു. പക്ഷെ പ്രധാനമായ ഒരു കാര്യം. കേസ് തുടങ്ങുമ്പോൾ തന്നെ ഈ രണ്ടു പേരുടെയും പേര് വന്നിട്ടുണ്ട് എന്നതാണ്. ഇതിന് വളരെ പ്രാധാന്യമുണ്ട്. ഒക്ടോബർ 20 അല്ലെങ്കിൽ 21–ാം തീയതി കേസ് തുടങ്ങുമ്പോൾ തന്നെ രണ്ടു പേരുടേയും പേര് വന്നിട്ടുണ്ട് എന്നാണ് ഇന്നത്തെ ഇന്റർവ്യൂവിൽ നിന്ന് മനസ്സിലാവുന്നത്. അപ്പോൾ അതിന്റെ അർത്ഥമെന്താണ് ? എല്ലാം നിശ്ചയിക്കപ്പെട്ടു. ആരെ എങ്ങനെ കുടുക്കണം എന്നുള്ള ഒരു ശ്രമം. ഒരു മാസം കഴിഞ്ഞാണ് എന്നെ അറസ്റ്റു ചെയ്യുന്നത്. നവംബർ 30. അതേ തീയതിയിലാണ് ഈ കേസ് സിബിഐക്ക് കൈമാറുന്നത്. എന്നെ അറസ്റ്റു ചെയ്യുന്ന കാര്യം സിബിഐ നോക്കിക്കോട്ടെ എന്ന ഒരു തീരുമാനം എടുത്തുകൂടായിരുന്നോ? എന്തായാലും നിങ്ങൾ സിബിഐക്ക് കേസ് കൈമാറാൻ പോവുകയല്ലേ, ശരി പോകട്ടെ. സാധാരണ ഗതിക്ക് എന്റെ വീടോ, എന്റെ ഓഫീസോ റെയിഡ് ചെയ്യേണ്ട കാര്യം ഉണ്ടോ ഇല്ലയോ? 8–ാം ക്ലാസ്സിൽ പഠിച്ചിട്ടുള്ള ഒരു കോൺസ്റ്റബിൾക്കറിയാം എന്റെ വീട് റെയിഡ് ചെയ്യണം എന്ന്. Official Secrets Act പ്രകാരം ഡോക്കുമെന്റ് ഒളിച്ചു കടത്തി വിറ്റ ഒരു പ്രതിയുടെ വീട് റെയിഡ് ചെയ്യണം. റെയിഡ് ചെയ്താൽ എന്തു സംഭവിക്കും? റെയിഡ് ചെയ്താൽ ഒന്നും കിട്ടില്ല. അപ്പോൾ അറസ്റ്റു ചെയ്യാൻ പറ്റില്ല, അല്ലെങ്കിൽ റെയിഡു ചെയ്താലും ചെയ്തില്ലെങ്കിലും ഇവനെ അറസ്റ്റു ചെയ്യണം. ചെയ്യേണ്ട അത്ര അത്യാവശ്യമെന്താ ? ഉണ്ട് . എന്നെ അവിടെ നിന്ന് മാറ്റി നിർത്തണം. മാറ്റി നിർത്തിയാൽ ക്രയോജനിക് ടെക്നോളജിയുടെ വികസനം വൈകും. ഇത് ഒരു തിയറി മാത്രം. ഞാൻ പറയുന്നത് സത്യമാകണമെന്നോ ഇതാണ് നടന്നത് എന്നോ ഞാൻ പറയുന്നില്ല, ഇത് ഒരു തിയറി, ഒരു അനുമാനം മാത്രം. നിങ്ങളൊന്നാലോചിച്ചു നോക്കൂ. ഞാൻ പറയുന്ന ഈ അനുമാനം ശരിയാണോ? ശരിയാകാനുള്ള ചാൻസ് ഉണ്ടോ? എന്നെ അറസ്റ്റു ചെയ്തതിനാൽ എനിക്കൊരു ചുമതല ഉണ്ടായി. ഞാൻ ചാരനല്ല എന്ന് സ്ഥാപിക്കേണ്ട ചുമതല. ആയതിലേക്ക് ഞാൻ കുറെ അന്വേഷണങ്ങൾ നടത്തി. അപ്പോൾ, എന്റെ മനസ്സിലേക്ക് ഓടിയെത്തിയ ചില കാര്യങ്ങളാണ് ഞാൻ നിങ്ങളോട് പങ്കു വെയ്ക്കുന്നത്. ഞാൻ പറയുന്നതിൽ ഒരു കാര്യം പോലും കള്ളമില്ല. എല്ലാം സത്യം, എല്ലാം facts. These are put in the record. വേറൊരു രസകരമായ കാര്യം കൂടി ഉണ്ട്. നമ്പി നാരായണൻ പ്രോജക്ട് ഡയറക്ടർ ക്രയോജനിക്, ശശികുമാർ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ക്രയോജനിക്, ചന്ദ്രശേഖർ ഗ്ലാസ്കാസ് ക്രയോജനിക് കമ്പനി, അലക്സി വാസിൻ ക്രയോജനിക്സ്, ജുനൈൽ ക്രയോജനിക്സ്. ഇതിനകത്ത് ഡോക്യുമെന്റ്സ് കടത്തിയെന്ന് ആരോപിക്കുന്ന കേസിൽ അകപ്പെട്ട എല്ലാവരും ക്രയോജനിക് ടെക്നോളജിയുമായി ബന്ധമുള്ളവർ മാത്രമാണ്. പക്ഷേ ഒരു കാര്യം എനിക്ക് വ്യക്തമായി, ഈ കേസ് ഉണ്ടാക്കിയവർ അസൽ മണ്ടന്മാരാണ്. കാരണം they are exposing themselves, they are making it very clear that ഇതൊരു പ്രത്യേക ഉദ്ദേശത്തോടു കൂടി ചെയ്തതാണ്, ഞാൻ ഇതുവരെ പറഞ്ഞതിൽ ചിലപ്പോൾ ചില കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടാവും.





പക്ഷെ ഒരു കാര്യം ഞാൻ പറയാം. പിന്നെ സിബിഐ രംഗത്തു വരുന്നു. പിന്നെ സിബിഐ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നു. ഒന്നര വർഷം കഴിഞ്ഞ് സിബിഐ പറയുന്നു ഇത് false കേസ് ആണ് എന്ന്. Means it is a fabricated case. The next question to me or I ask is if it is a fabricated case, I want to know who fabricated and why it was fabricated. നമ്മൾക്ക് ഉത്തരമില്ല. വെറും പോലീസാണോ, പോലീസും ഐബിയുമാണോ, രണ്ടുപേരും അല്ലാതെ വേറെ ആരെങ്കിലുമാണോ, വേറെ ആർക്കെങ്കിലും വേണ്ടി ഇവർ ചെയ്തതാണോ. പക്ഷേ ഒരു കാര്യം. ചാരനെന്നു വിളിച്ച കരുണാകരൻ ഇറങ്ങിപോയി എന്ന റിസൾട്ട് നമ്മൾ കണ്ടു. നമ്പി നാരായണനെ മാറ്റി നിർത്തിയതുകൊണ്ട് 12 വർഷം ഐ എസ് ആർ ഒയുടെ ക്രയോജനിക് ടെക്നോളജി പുറകിലേക്ക് പോയി. ഇതു രണ്ടും റിസൾട്ട് ആണ്. ഇനി നമുക്ക് വല്യ ഒരു ജോലിയുണ്ട്. എന്തുകൊണ്ടാണ് ഈ ചാരകേസ് ഇങ്ങനെയുണ്ടായത് ? എന്നെ നിങ്ങളെല്ലാവരും സഹായിക്കണം. എങ്ങനെയെങ്കിലും അത് കണ്ടു പിടിക്കണമെന്നുള്ള ആഗ്രഹം നമുക്കു വേണം. കണ്ടു പിടിക്കണം. എന്തിനാണ് കണ്ടു പിടിക്കേണ്ടത് ? ഉത്തരം വളരെ ലളിതമാണ്. ആരാണ് ഇതുണ്ടാക്കിയത് എന്ന് കണ്ടു പിടിച്ചാൽ അവർ ശിക്ഷിക്കപ്പെടും. പിന്നെ ഇതുപോലെ ആരും ഇത്തരം പ്രവൃത്തികൾ ചെയ്യാൻ മുന്നിലേക്ക് വരില്ല. ഇതിനകത്ത് നല്ലവണ്ണം ഒന്നു ആലോചിച്ചു നോക്കുകയാണെങ്കിൽ, കരുണാകരനെ ഇറക്കാനുള്ള കാരണമാണ് ഇതിനു പിന്നിലെങ്കിൽ, ഒരു പൊളിറ്റിക്കൽ പാർട്ടി അതിന്റെ വിംസ് ആന്റ് ഫാൻസീസിനു വേണ്ടി അവരുടെ ആഫീസിലോ വീട്ടിലോ അല്ല അവരുടെ പാർട്ടിക്കകത്തു കളിക്കണം. ISRO കളിക്കളമല്ല. അങ്ങനെ ഒരു പാർട്ടി കളിക്കുകയാണെങ്കിൽ നമ്മൾ ആ പാർട്ടിയെ മനസ്സിലാക്കണം. ഞാൻ ഒരു പാർട്ടിയിലും ചേർന്നവനല്ല. Please think it over. ISRO എന്നു പറയുന്ന ഒരു ഓർഗനൈസേഷൻ a prestigious, very intelligent, dedicated, deserving organization is being brought down to dust by some political people, persons who have passed SSLC or 8th standered to settle their scores. അതല്ല, പുറത്തുള്ള ഫോഴ്സിനു വേണ്ടിയാണ് അതു ചെയ്തതെങ്കിൽ അത് ചെയ്തത് ആരായിരിക്കും. നിങ്ങളുടെ കണ്ണിനു മുമ്പിൽ കാണുന്നത് കേരള പോലീസ് ആണ്. അവരാണ് മുമ്പിൽ നില്ക്കുന്നത്. അവരുടെ പുറകിൽ ഐബി. ഐബി ആയിരുന്നു മുന്നിൽ നില്ക്കേണ്ടിയിരുന്നത്. ഐബിയേയും കേരള പോലീസിനേയും നമ്മൾ കണ്ടു. ഇതു മാത്രമല്ല, ചാരക്കേസ് തുടങ്ങി വെച്ച കുറെ പത്രങ്ങൾ ഉണ്ട്. ശ്രീകണ്ഠൻ നായർ , ജയചന്ദ്രൻ, അജിത് കുമാർ അല്ലെങ്കിൽ അതിന്റെ അപ്പുറം ജോൺ മുണ്ടക്കയം അല്ലെങ്കിൽ ശേഖരൻ. ഒരു മിനിറ്റ് ആലോചിച്ചു നോക്കണം. Why not you understand these people properly. ഇന്ന് നിങ്ങൾക്കറിയാമല്ലോ. ചാരകേസ് കള്ളകേസ് ആണെന്നുള്ളത് ചാരക്കേസ് കൊണ്ടുണ്ടായ ഫലവും അറിയാമല്ലോ. നിയമത്തിന് മുമ്പിൽ ഇവരെകൊണ്ടു വരുന്നതിനു മുമ്പോ, അവർ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അതിനുമുമ്പോ ഇത് സൃഷ്ടിച്ചവരെ നിങ്ങൾ ഏതെങ്കിലും രീതിയിൽ outcaste ചെയ്തിട്ടുണ്ടോ. അതാണ് എനിക്കു ചോദിക്കാനുള്ളത്.

I feel that I don't want to go into the personal aspects. കാരണം അതിന്റെ ആവശ്യം ഇല്ല. സാധാരണ ഗതിയിൽ ഒരു നല്ല കാര്യം നമ്മൾ ഓർമ്മിക്കുകയോ ചർച്ച ചെയ്യുകയോ അല്ലെങ്കിൽ ആലോചിക്കുകയോ ചെയ്യും. കഴിഞ്ഞുപോയ ചില മോശപ്പെട്ട കാര്യങ്ങളെക്കുറിച്ച് വിവരിക്കാനോ ഓർമ്മിക്കാനോ നമുക്ക് ഒരു ആഗ്രഹവും ഉണ്ടാകില്ല. കാരണം അത് ഒരു സുഖമുള്ള കാര്യമല്ല. It will bring bad memories. So I dont want to go into those details. So this is what I essentially wanted to communicate but with one more addition. ഞാൻ ഇതിനുവേണ്ടി fight ചെയ്തു. സത്യം പറഞ്ഞാൽ തുടക്കത്തിൽ ഒറ്റക്കാണ് fight ചെയ്തത്. പിന്നെ എന്റെ കൂടെ ഓരോരുത്തരായിട്ട് ചേർന്നു. 24 വർഷത്തെ fight ൽ കുറേശ്ശ കുറേശ്ശ നല്ല good hearted people joined me. അതിന്റെ റിസൾട്ട് ആണ് നമ്മൾ ഇന്നു കാണുന്ന സുപ്രീം കോടതിയുടെ ജഡ്ജ്മെന്റ്. Supreme Court has ordered atleast very clearly that it is a malicious prosecution and Nambi Narayanan was tortured. Nambi Narayanan's arrest was unwarrented and they have constituted a committee. ആ കമ്മിറ്റി കണ്ടുപിടിക്കണം ആരെക്കെ ഇതിനകത്ത് എന്തൊക്കെ ചെയ്തു എന്നുള്ള കാര്യം. ഓർഡർ വന്നിട്ടുണ്ട്. ഇതിനകത്ത് എനിക്കു പറയാനുള്ളത് ഒരു നല്ല ജഡ്ജ്മെന്റിന് വേണ്ടി I had to fight for 24 years. അപ്പോൾ ഇതിനിടയ്ക്ക് one of the victim is dead, is not even alive to see the result and others are not well. As time goes by people are becoming old and thinks like that. ഇതിനിടയ്ക്ക് എന്തൊക്കെയാണ് നമ്മൾക്ക് കഷ്ടനഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായതെന്ന് പറയുന്നതിൽ ഒരു സുഖവുമില്ല. But I am happy. എന്തൊക്കെയാണ് ഉണ്ടായത് എന്ന് നിങ്ങളുടെ മുമ്പിൽ സംസാരിക്കു

ന്നതിലും മുഖ്യമായിട്ട് എനിക്കുണ്ടായിരുന്നത് ഇത് കള്ളക്കേസാണ് എന്നുള്ളത് വളരെ ക്ലിയർ ആയിട്ട്, with the not supreme Court Judgement, നിങ്ങൾക്ക് മനസ്സിലാക്കി ത്തരണമെന്നുള്ളതായിരുന്നു. I think I used very simple language to communicate to you. ഇത് കള്ളകേസാണ് എന്ന് നിങ്ങളു വിശ്വസിക്കണം എന്നു മാത്രമല്ല, മനസ്സിലാക്കണം എന്നുകൂടി എനിക്കുണ്ടായിരുന്നു. അതുകൊണ്ടാണ് നിങ്ങൾക്ക് മനസ്സിലാവുന്ന ഭാഷയിൽ ഞാൻ പറഞ്ഞു എന്നു വിചാരിക്കുന്നത്. ഇതിനിടയ്ക്ക് I must mention Mr. Unnikrishnan Nair who actually took pain in arguing for the case and Mr. M.R. Rajendran Nair whom I used to trouble at the middle of the nights. എന്തെങ്കിലും ഒരു സംശയം ഉണ്ടാകുമ്പോൾ ആ മനുഷ്യനെ വിളിച്ച് ചോദിക്കും ഇതു ചെയ്യാമോ എന്ന്. അങ്ങനെ അവരൊക്കെ എന്നെ സഹായിച്ചിട്ടുണ്ട്. ഒന്നു രണ്ടുപേർ ഇവിടെ ഇരിക്കുന്നുണ്ട്. രാജശേഖരൻ നായർ, മൈത്രേയൻ തുടങ്ങി ഏറെപ്പേർ എല്ലാവരുടേയും പേര് എടുത്തു പറയുന്നില്ല.

See I have attended many meetings and many such areas, press interviews, television interviews and and so on. Here I see a very strange composition of people who are really genuine and you really wanted to know something about it , barring one or two, almost all of you were eager to know what really had happened. I think one more question remains in your mind, for which I am not going to give an answer, because I don't have an answer to be shared is that who is the culprit? Who did all those things ? Ok, but I am really happy that at least I have convinced all of you, that this is a കള്ളകേസ്, this is a fabricated case, it was a cooked up case. അതിൽ എനിക്ക് ഒരു സന്തോഷമുണ്ട്. I must thank all of you for your patient hearing.

## എറണാകുളം കരയോഗം കലാസാഹിത്യവിഭാഗം താഴെ പറയുന്ന ക്ലാസ്സുകൾ വിദ്യാരംഭ ദിവസം ആരംഭിക്കുന്നു.

**ഡാൻസ് ക്ലാസ്സ്** : ഭരതനാട്യം, മോഹിനിയാട്ടം,എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു. അദ്ധ്യാപിക ആർ.എൽ.വി ശ്രീമതി. ഷിൽന ജിപ്സൺ. വ്യാഴം, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 5.00 മണി മുതൽ ഫോൺ : 9539075123

**വയലിൻ** : ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നുവരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മണി മുതൽ ഫോൺ : 9447573320

**കരാട്ടെ** : ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടന്നുവരുന്ന കരാട്ടെ ക്ലാസ്സിലേക്ക് പുതിയ ബാച്ചുകൾ ആരംഭിച്ചിരിക്കുന്നു. തിങ്കളാഴ്ചയും, ശനിയാഴ്ചയും വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. ഫോൺ : 9946202889, 9072922995

**യോഗ** : ശ്രീ.ടി.ജി.തുളസിദാസിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന യോഗാക്ലാസ്സുകളുടെ പുതിയ ബാച്ചുകൾ ആരംഭിച്ചിരിക്കുന്നു. ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 6.00 മണി മുതൽ 7.30 വരെ, ഫോൺ : 9495366253, 9539815944

വിദ്യാരംഭദിവസമായ ഒക്ടോബർ 19 ന് രാവിലെ 10 മണിക്ക് എല്ലാ വിഭാഗം ക്ലാസ്സുകളുടെയും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. ചേരുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

***ഫോൺ : 0484 2361160***

## ചൈത്രം 11-ാം വാർഷികത്തിലേക്ക്

**ആത്മഹത്യാ പ്രതിരോധ രംഗത്ത് പ്രവർത്തിക്കുന്ന ചൈത്രത്തിന്റെ 11-ാം വാർഷിക ആഘോഷം ഒക്ടോബർ 22ന് ഉച്ചയ്ക്ക് 2.00ന് കരയോഗം കാവേരി ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. കൊച്ചിൻ ഷിപ്പ് യാർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മധു എസ്. നായർ ഉദ്ഘാടനം ചെയ്യുന്നു. പ്രമുഖ മന:ശാസ്ത്രജ്ഞൻ ഡോ. ടി. ജെ. ജോൺ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ Working together to prevent suicide എന്ന വിഷയം അവതരിപ്പിക്കും. എല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.**





# ഹരിസുധാലഹരി

**നന്ദകുമാർ മേനോൻ, ഫോ:9895981809**

**ശ്ലോകം 26**

കാലത്തിന്നു വിധേയനായ് തവപദം പൂകുന്നു പത്മോത്ഭവൻ

ഫുല്ലാക്ഷൻ വിലയിച്ചിടുന്നിതമരന്മാരും നശിപ്പൂ ഹരേ

ആലസ്യം കലരാതെ ശേഷനവശേഷിക്കുന്നു ധന്യൻ സദാ-

കാലം ഹാ തവദേഹസംഗഫലമാം മാഹാത്മ്യമത്യത്ഭുതം

**പദാർത്ഥം :**

| | |
|---|---|
| കാലത്തിന്നു വിധേയനായ് | = കാലത്തിന്നു കീഴടങ്ങി |
| തവ പദം | = അവിടുത്തെ കാലുകൾ |
| പൂകുന്നു | = പ്രാപിക്കുന്നു |
| പത്മോത്ഭവൻ | = ബ്രഹ്മാവ് |
| ഫുല്ലാക്ഷൻ | = ശിവൻ |
| വിലയിച്ചിടുന്നു | = ഇല്ലാതാവുന്നു |
| അമരന്മാരും നശിപ്പൂ | = ദേവന്മാരും ഇല്ലാതാവുന്നു |
| ഹരേ | = അല്ലയോ മഹാവിഷ്ണൂ |
| ആലസ്യം കലരാതെ | = മടിയില്ലാതെ |
| ശേഷനവശേഷിക്കുന്നു ക്കുന്നു | = അനന്തൻ ബാക്കിനിൽ |
| ധന്യൻ | = കൃതാർത്ഥൻ, സംതൃപ്തൻ |
| സദാകാലം | = എല്ലായ്പ്പോഴും |
| ഹാ | = ആശ്ചര്യദ്യോതകം |
| തവദേഹസംഗഫലമാം | = അവിടുത്തെ ദേഹവുമായുള്ള എല്ലാ വിധത്തിലുമുള്ള ബന്ധം കൊണ്ടുണ്ടാവുന്ന |
| മാഹാത്മ്യം | = വിശിഷ്ടമായ അവസ്ഥ |
| അത്യത്ഭുതം | = വളരെയധികം ആശ്ചര്യം |

**വ്യാഖ്യാ :**

പത്മോത്ഭവൻ. താമരപ്പൂവിൽ ജനിച്ചവൻ ബ്രഹ്മാവ്. സൃഷ്ടികർത്താവ്./ കാലത്തിന്നു വിധേയനായ്. മുപ്പത്താറ് തത്ത്വങ്ങളിൽ പത്താമത്തേതായ കാലം. പരബ്രഹ്മത്തിന്റെ നിത്യത, ജനന, വർദ്ധന, വിപരിണാമ, അപക്ഷയ, വിനാശാദികളുടെ യോഗംകൊണ്ട് ചെറുതാകുമ്പോളുണ്ടാവുന്നതത്രേ./ തവ പദം പൂകുന്നു. അവിടുത്തെ പദങ്ങളിൽ എത്തിച്ചേരുന്നു. കാലത്തിന് വിധേയനാവുന്ന വിരിഞ്ചൻ, ശിവൻ സംഹാരതാണ്ഡവമാടുന്ന അവിടുത്തെ പദത്തിൽത്തന്നെ ചേരുന്നത് സ്വാഭാവികം. അതുകൊണ്ട് ബ്രഹ്മാവ് നാശത്തിനു വിധേയൻ./ ഫുല്ലാക്ഷൻ, വിടർന്ന കണ്ണുള്ളവൻ. വിഷ്ണുവിനു പര്യായമായുപയോഗിക്കാറുണ്ടെങ്കിലും ഇവിടെ വിഷ്ണുവിനെ വർണ്ണിക്കുന്നതാകകൊണ്ട്, വിടർന്ന കണ്ണുള്ളവൻ എന്നത് സംഹാരാത്മകനായ രുദ്രനു ചേർക്കാം. കണ്ണിന്റെ സ്വാഭാവികാവസ്ഥ വിടർത്തിയതാണെന്നതിനാൽ, വിടർന്ന കണ്ണുള്ളവൻ എന്നത് സംഹാരത്തിനായി മാത്രം വിടർത്തുന്ന അഗ്നിനേത്രയുക്തനായ ശിവനെ ദ്യോതിപ്പിക്കുന്നതാവണം. ഈ സന്ദർഭത്തിൽ. വിലയിച്ചിടുന്നത്, വിശേഷേണ ലയിക്കുന്നു. ലയം എന്നതു തന്നെ പലതായതെല്ലാം അലിഞ്ഞ് ഒന്നായിത്തീരുന്ന പ്രക്രിയയാണ്. അതിനു വിശേഷം കൽപ്പിക്കുക വഴി നിശ്ശേഷം ഇല്ലാതാവുന്നതിനെ വിവരിക്കുന്നു./അമരന്മാരും നശിപ്പൂ. അമരൻ മരണമില്ലാത്തവൻ. ദേവന്മാർ. അവരും നശിക്കും എന്നത് വൈരുദ്ധ്യമായി തോന്നാം. എന്നാൽ ദേവന്മാരുടെ അമരത്വം. മനുഷ്യരെ സംബന്ധിച്ചാണെങ്കിൽ, അവരുടെ നാശം, വിലയം, ബ്രഹ്മസംബന്ധമാണ്. മരണമില്ലാത്തവരും മരിക്കുന്നു എന്ന പ്രയോഗത്തിന്റെ സൗകുമാര്യം , അസാമാന്യകവിത്വം പ്രതിഫലിപ്പിക്കുന്നു./ ഹരേ. ഹരി : എന്നതിന്റെ സംബോധന 'ഹര' : എന്ന അകാരന്തം ശക്തി വ്യഞ്ജകമായ 'ഇ' കാരം ചേർന്ന് ഹരി ആവുന്നു. ഹരനുപോലും, സംഹരിക്കാനുള്ള ശക്തി പ്രദാനം ചെയ്യുന്നവൻ ഹരി എന്ന് സൂചിപ്പിക്കാനാവാം ഗുരുനാഥൻ ഇവിടെ ഹരേ എന്നു വിളിച്ചത്. ആലസ്യം കലരാതെ, അലസത ചേരാതെ, കർമ്മനിരതനായി ചുറ്റും സകലതും നശിക്കുമ്പോഴും പ്രവർത്തനക്ഷമനായിരിക്കുന്ന അവസ്ഥ.

ശേഷൻ അനന്തൻ. അന്തമില്ലാത്തവൻ. സഹസ്രനാമത്തിൽ, മഹോരഗ, എന്നു പറയുന്നു. ഉരഗങ്ങളിൽ ശ്രേഷ്ഠൻ. അനന്തൻ. ആ അനന്തൻ തന്നെ വിഷ്ണു. ഇവിടെയും വിഷ്ണുവിന്റെയും അനന്തന്റെയും അംഗസംഗം കൊണ്ടുണ്ടാകുന്ന ഏകത്വം വിവക്ഷിതം. അവശേഷിക്കുന്നു ധന്യൻ, ശേഷനെ ധന്യൻ എന്നു വിശേഷിപ്പിക്കുന്നു. 'സുകൃതീ പുണ്യവാൻ ധന്യ ....' എന്ന അമരം കൊണ്ട് ധന്യൻ ചെയ്യേണ്ടതെല്ലാം വേണ്ടവണ്ണം ചെയ്തവൻ. അതുകൊണ്ടു തന്നെയാവണം മുൻപിൽ ആലസ്യം കലരാതെ എന്നും വിശേഷിപ്പിച്ചത്. ശേഷൻ എന്നത് സംസ്കൃതത്തിലെ 'ശേഷ'. സൗന്ദര്യലഹരിയിലെ മുപ്പത്തിനാലാമത്തെ ശ്ലോകത്തിൽ, ഇത് ശങ്കരൻ അപ്രധാനം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അവിടെത്തന്നെ, ശേഷി എന്നത് പ്രധാനം

എന്നും, ശിവനും, ശക്തിയും, രണ്ടും ശേഷനും ശേഷിയുമാണ്. സൃഷ്ടിയിങ്കൽ കർമ്മോൽസുകയായ ശക്തി പ്രധാനം, ശിവൻ അപ്രധാനം. സംഹാരത്തിൽ, ശക്തിപോലും നിർഗ്ഗുണ ശിവനിൽ ചെന്നു ലയിക്കുന്നതുകൊണ്ട് ശിവൻ പ്രധാനം. ശക്തി അപ്രധാനം. അങ്ങനെ ശേഷനെന്നും ശേഷിയെന്നും പരസ്പരം സമാന ധർമ്മത്തോടുകൂടി പരബ്രഹ്മം നിലക്കൊള്ളുന്നു. ഇവിടെയും 'ശേഷി'ക്കുന്നത് 'ശേഷ'നാണെന്ന് പറഞ്ഞതിലൂടെ ആ ശിവശക്തിസമരസപരാനന്ദം പ്രകടമാക്കി.

സദാകാലം. എല്ലാ കാലത്തും. കാലത്തിനുമതീതമായി, അല്ലെങ്കിലും മുപ്പത്താറു തത്വങ്ങളും ബ്രഹ്മത്തിലേക്ക് വിലയം പ്രാപിക്കുമ്പോൾ, കാലവും ലയിക്കുമല്ലോ. അതുകൊണ്ടാണ്, പത്മോത്ഭവൻ കാലത്തിന്നു വിധേയനാവുമ്പോഴും, ശേഷൻ സദാകാലം ശേഷിക്കുന്നു എന്നു പറഞ്ഞുവച്ചത്. ഹാ, ഒരൊറ്റ അക്ഷരത്തിൽ വിഷ്ണുവിന്റെ അത്ഭുതസത്വത്തെ നോക്കി കാണുന്നു. അതിനുമപ്പുറം ഹ എന്നത് അവസാനത്തെ അക്ഷരമായതുകൊണ്ട് അത് സംഹാരത്തെ പ്രതിനിധാനം ചെയ്യുന്നു. അതിനുമപ്പുറം അവശേഷിക്കുന്നവനാണ് ശേഷൻ. ഈ മാഹാത്മ്യത്തിന് അനന്തനെ പ്രാപ്തനാക്കുന്നതെന്തെന്നു തുടർന്നു പറയുന്നു. തവദേഹസംഗഫലം. അവിടുത്തെ ദേഹവുമായുള്ള സംഗം ചേർച്ച. ഒന്നാവൽ. ആ സംഗത്തിന്റെ മാഹാത്മ്യം. അത്യത്ഭുതമത്രേ. കഴിഞ്ഞ ശ്ലോകത്തിൽ, ഹരിയോട്, 'അംഗസംഗമിവനും നാഥാ കനിഞ്ഞേകണേ' എന്ന് പ്രാർത്ഥിച്ചതിന്റെ സാംഗത്യം സാർത്ഥകമാവുന്നു.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## അഭിനന്ദനങ്ങൾ



**നമ്മുടെ കരയോഗാംഗമായ ഡോ. എ.ജി. ഹരിശങ്കർ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നു ജനറൽ സർജറിയിൽ എം.എസ്. ഡിഗ്രി സെക്കന്റ് ക്ലാസ്സോടുകൂടി പാസ്സായി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സേവനം നടത്തുന്ന ഡോ. ഹരിശങ്കർ നമ്മുടെ എറണാകുളം കരയോഗം എക്സിക്യൂട്ടിവ് കമ്മറ്റി അംഗമായ ശ്രീ. ഗിരിജാ വല്ലഭന്റെയും ശ്രീമതി. ഗിരിജയുടെയും മകനാണ്. ഡോ. ഹരിശങ്കറിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ**





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

പതഞ്ജലിമുനി തന്റെ യോഗദർശനത്തിൽ ഒന്നാം അദ്ധ്യായമായ സമാധിപാദത്തിൽ ഉത്തമ സാധകന് സമാധിയിലെത്താൻ ഉള്ള ഉപായങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ശ്രദ്ധ, വീര്യം മുതലായവയൊക്കെ ആവശ്യമാണെന്ന് പറഞ്ഞു. ഇവയൊക്കെ ശ്രമസാധ്യമാണ്. മറ്റെന്തെങ്കിലും മാർഗമുണ്ടോ? ഈ സംശയത്തിന് യുക്തമായ പരിഹാരം കാണുന്നു. മുനി അടുത്ത സൂത്രത്തിലൂടെ. 23. ഈശ്വരപ്രണിധാനാദ്വാ.

ഈശ്വരന് അടിപണിയുന്നതിലൂടെയും (ശീഘ്ര സമാധി ലഭിക്കും)

വളരെ പ്രധാനപ്പെട്ട ഒരു സൂത്രമാണിത്. പതഞ്ജലി, കപില മുനിയുടെ സാംഖ്യ ദർശനത്തിലെ തത്വങ്ങളാണ് യോഗദർശനത്തിൽ പിന്തുടർന്നിട്ടുള്ളത്. പ്രകൃതി പുരുഷൻ മുതലായ 25 തത്ത്വങ്ങൾ തന്നെയാണ് രണ്ടു മുനിമാരും അംഗീകരിക്കുന്നത്. പക്ഷെ ഒരു കാര്യത്തിൽ മാത്രം വ്യത്യാസം ഉള്ളതായി പണ്ഡിതർ ചൂണ്ടിക്കാട്ടുന്നു – സാംഖ്യത്തിൽ ഈശ്വര സങ്കല്പമില്ല, യോഗത്തിലുണ്ട് എന്ന്. അതിനാൽ യോഗദർശനത്തെ സേശ്വര (ഈശ്വരനോടു കൂടിയ ) സാംഖ്യം എന്നു വിളിക്കുന്നവരും ഉണ്ട്.

'വാ' എന്നാൽ 'അതുകൊണ്ടോ' എന്നാണർത്ഥം. മുമ്പു പറഞ്ഞവ കൊണ്ട് സമാധി ലഭിക്കും. ഈശ്വര പ്രണിധാനം കൊണ്ടും കിട്ടും എന്നർത്ഥം. തനിക്ക് വിധിക്കപ്പെട്ട കടമകൾ ഫലചിന്തകൂടാതെ ഈശ്വരാർപ്പണമായി ചെയ്യുന്നതു തന്നെ ഈശ്വരപ്രണിധാനം.

കാമതോ കാമതോ വാപി
യത് കരോമി ശുഭാശുഭം
തത്സർവം ത്വയി സന്യസ്തം
ത്വത് പ്രയുക്ത : കരോമ്യഹം.

ആഗ്രഹംകൊണ്ടോ അല്ലാതെയോ ഞാനെന്തു നന്മതിന്മകൾ ചെയ്താലും അതെല്ലാം ഞാൻ നിന്നിൽ അർപ്പിക്കുന്നു. അങ്ങ് കൽപിക്കുന്നു; ഞാൻ ചെയ്യുന്നു. അത്രതന്നെ എന്ന ചിന്തയോടെ കർമം ചെയ്യണം. അതു തന്നെ ഈശ്വരപ്രണിധാനം.

യോഗാംഗങ്ങളെ അനുഷ്ഠിക്കുന്നത് അശുദ്ധി ക്ഷയിക്കാനാണ്. ഈശ്വരപ്രണിധാനം നിയമങ്ങളുടെ ഭാഗമായും വരുന്നുണ്ട്. ക്രിയായോഗത്തിന്റെ ഭാഗമായും വരുന്നുണ്ട്. അതിന്റെ പ്രാധാന്യമാണ് ഇതിൽ വ്യക്തമാകുന്നത്. ഈശ്വരപ്രണിധാനം കൊണ്ട് സമാധി കിട്ടും. (2 – 45) എന്ന് ഇനി പറയാൻ പോകുന്നുമുണ്ട്.

ഭക്തി യോഗം മുഴുവൻ ഈ സൂത്രത്തിൽ അടങ്ങിയിട്ടുണ്ട്. നാരദർ തന്റെ ഭക്തിസൂത്രത്തിൽ ഭക്തിയെ നിർവചിക്കുന്നത് 'സാ തു അസ്മിൻ പരമ പ്രേമരൂപാ അമൃതരൂപാ ച' എന്നാണ്. ഈശ്വരനിൽ പരമ പ്രേമമാണ് ഭക്തി. അത് അമൃതത്വത്തെ തരും. 'സാ പരാനുരക്തി : ഈശ്വരേ' ഈശ്വരനിലുള്ള പരമമായ ഇഷ്ടമാണ് ഭക്തി എന്നു ശാണ്ഡില്യ മുനിയും പ്രഖ്യാപിക്കുന്നു. അങ്ങിനെ ഈശ്വരനിൽ ഭക്തി വർധിക്കുമ്പോൾ സ്വാഭാവികമായും മറ്റുള്ളവയെല്ലാം അപ്രസക്തമാവും. വിഷയങ്ങളോടൊക്കെ വിരക്തി വരും. പരമ വൈരാഗ്യമാണ് ഫലം.

കർമഫല സമർപ്പണവും ഭക്തി തന്നെ.

അദ്വൈതാചാര്യനായ ശങ്കരാചാര്യർ തന്റെ സൗന്ദര്യലഹരിയിൽ 'ജപോ ജല്പ ശില്പം...........' എന്ന സ്തുതിയിൽ പറയുന്നു. ഞാൻ പിറുപിറുക്കുന്നത് ജപമായിത്തീരണം. നടക്കുന്നത് പ്രദക്ഷിണമാകണം. ഭക്ഷണം നൈവേദ്യമാകണം. കിടക്കുന്നത് നമസ്കാരമാവണം. നമ്മുടെ ദുർബലമായ ബുദ്ധി കൊണ്ടുള്ള സങ്കല്പങ്ങളെയൊക്കെ ഉപേക്ഷിച്ച് ആ ബുദ്ധിയുടെ കൂടി നാഥനായ ഈശ്വരനിൽ എല്ലാം അർപ്പിക്കുന്നതല്ലെ ബുദ്ധി ?

മഹാന്മാരുടെ മാർഗം അതാണ്. അത് എളുപ്പമായതുകൊണ്ടു മാത്രമല്ല, ആത്യന്തികമായി ഈശ്വരകൃപയില്ലാതെ ജ്ഞാനപ്രാപ്തി സാധ്യമല്ല. ഗുരുവിന്റെ സഹായം പോലും ഈശ്വരകൃപയാണ്.

കാമം അഥവാ ആഗ്രഹം പ്രകൃത്യാ ഉള്ള ഒരു ചോദനയാണ്. സസ്യലതാദികൾക്കും പക്ഷിമൃഗാദികൾക്കും മനുഷ്യർക്കും ഒക്കെ ഈ വികാരമുണ്ട്. കർമങ്ങളൊക്കെ ഉത്ഭവിക്കുന്നത് ഇതിൽ നിന്നാണ്. മനുഷ്യർക്കൊഴികെ ഒന്നിനും പ്രാകൃതികമായ പരിമിതിയിൽ നിന്നുയരാനുള്ള വിശേഷബുദ്ധിയില്ല. 'ബുദ്ധിർ ഹി തേഷാം അധികോ വിശേഷോ' എന്നാണ് ചൊല്ല്. മനുഷ്യന് ബുദ്ധിയുണ്ട് എന്നതാണ് വിശേഷം. അതില്ലാത്തവൻ പശുവിന് തുല്യം.

കാമവികാരം തനി സ്വാർഥപരമാണ്. എന്റെ ആഗ്രഹം സാധിക്കണം. മറ്റുള്ളവർക്ക് അതുകൊണ്ട് എന്തു സംഭവിച്ചാലും എനിക്കു പ്രശ്നമല്ല എന്നത് അല്പം മൃ

ഗീയം തന്നെ. മറ്റുള്ളവരെയും കൂടി പരിഗണിക്കാനുള്ള ബുദ്ധി ചേരുമ്പോഴാണ് അത് ഉയരുന്നത്. ത്യാഗത്തിന്റെ ഈ അംശം ചേരുമ്പോഴാണ് ഉദാത്തമായ സ്നേഹമായി അതു വളരുന്നത്. ഭോഗത്തിൽ നിന്ന് ത്യാഗത്തിലേക്കുള്ള ഈ പാത മനസ്സിനെ നന്മയിലേക്കു നയിക്കും. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്നു പാടുന്നതപ്പോഴാണ്. സ്വാർഥതയിൽ നിന്ന് നിസ്വാർത്ഥതയിലേക്കുള്ള ഒരു ഒഴിഞ്ഞു പോക്കാണിത്. തീർച്ചയായും ഈ പാത പൂർണ്ണ നിസ്വാർഥതയിലേക്കെത്തും. അവിടെ ഞാനില്ല, മറ്റുള്ളവരേയുള്ളൂ. അവരുടെ ഹിതം തന്നെ എന്റെ മതം. പ്രപഞ്ചത്തിന്റെ മുഴുവൻ നാഥനായ ഒരു ശക്തിവിശേഷത്തിലേക്ക് അന്വേഷണം ചെന്നെത്തും. എല്ലാം അവിടെ സമർപ്പിക്കാനുള്ള തരത്തിൽ നിസ്വാർഥതയുടെ പാരമ്യത്തിൽ അത് എത്തിച്ചേരും. ഇതാണ് ഭക്തി. ഈശ്വരപ്രണിധാനം ഇതു തന്നെ. തന്റെ സർവ്വ കർമ്മങ്ങളും കാമനകളും ഈശ്വരനിലർപ്പിക്കു. ഭാരതീയ ശാസ്ത്രങ്ങളെല്ലാം എത്തി നില്ക്കുക ഈ ഒരു ബിന്ദുവിലാണ്. 'മന്മനാഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കരു' എന്ന് ഭഗവാൻ പറയുന്നു. രാവണനിഗ്രഹത്തിനു ശേഷം അയോധ്യയിലെത്തി രാജാവായ രാമൻ ഹനുമാനോട് ചോദിച്ചു.

'മാരുത നന്ദന ! വേണ്ടും വരത്തെ നീ
വീരാ വരിച്ചുകൊൽകേതും മടിയാതെ'

ഹനുമാൻ ഒട്ടും ആലോചിക്കാതെ തന്നെ മറുപടി പറഞ്ഞു. നിന്തിരുവടി തന്നുടെ നാമവും ചാരു ചരിത്രവുമുള്ള നാൾ ഭൂമിയിൽ വാഴാനനുഗ്രഹിച്ചീടണം. രാമൻ നിറഞ്ഞ മനസ്സോടെ അവനെ അനുഗ്രഹിച്ചു. 'ഭക്തി കൊണ്ടേ വരൂ ബ്രഹ്മത്വവും സഖേ'. എന്ന് ഓർമിപ്പിക്കുകയും ചെയ്തു. അവൻ ആനന്ദബാഷ്പ പരീതാക്ഷനായി പിന്നെയും പിന്നെയും വീണു നമസ്കരിച്ചു. ദാസഭാവനയിലുള്ള ഈശ്വര പ്രണിധാനത്തിന്റെ മകുടോദാഹരണമാണ് ഹനുമാൻ.

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ : 09867179480**

# ഊതിക്കാച്ചിയ ചിന്തകൾ

എളുപ്പം മറക്കുന്നതും മറക്കാത്തതും എന്ത് എന്നാണ് അയാളുടെ ചോദ്യം.

പലരും പറഞ്ഞ ഉത്തരങ്ങൾ പലതാണ്. ഉപകാരങ്ങളും ദു:ഖങ്ങളും എന്നതാണത്രെ ശരിയായ ഉത്തരങ്ങൾ! എളുപ്പം മറക്കേണ്ടത് ദു:ഖങ്ങളും മറക്കാതിരിക്കേണ്ടത്

ഉപകാരങ്ങളുമായാൽ ജീവിതം ശാന്തസുന്ദരമാകുമെന്നും അയാൾ കൂട്ടിച്ചേർക്കും.

ഊതിക്കാച്ചിയ ചിന്തകൾ സ്വന്തമായുള്ള അയാൾ ആരായാലും വന്ദിക്കപ്പെടേണ്ടതാണ്.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ





# ചില പ്രകൃതി നിയമങ്ങൾ

**യു. എസ്. രവീന്ദ്രൻ ഫോൺ : 9496120978**

## എർവിൻ പറഞ്ഞ കഥ

കുറേ വർഷങ്ങൾക്കുമുമ്പ് അങ്ങകലെ ഭൂമിയുടെ ഉത്തുരധ്രുവത്തിനടുത്ത് അലാസ്കയിൽ നടന്ന സംഭവമാണിത്. ഞാൻ കുപ്രിനോഫ് ദ്വീപിലെ പൈൻമരങ്ങളും കുറ്റിച്ചെടികളും നിറഞ്ഞ കാട്ടിലൂടെ മഞ്ഞിന്റെ മുകളിലൂടെ നടന്നു വരികയായിരുന്നു. പെട്ടെന്ന് കണ്ട കാഴ്ചയിൽ ഞാൻ തരിച്ച് നിന്നു പോയി. എന്റെ മുൻപിൽ കഷ്ടിച്ച് ഇരുപതടിയോളം മാത്രം അടുത്ത് ഒരു അലാസ്ക്കൻ ചെന്നായ് നിൽക്കുന്നു. എന്റെ ജീവിതം ഇവിടെ വച്ച് ഇപ്പോൾ തീരാൻ പോകുകയാണ്. സമനില തിരിച്ചു കിട്ടി. സൂക്ഷിച്ച് നോക്കിയപ്പോഴാണ് അതിന്റെ ഒരു കാൽ ആരോ വച്ച കെണിയിൽ പെട്ടിരിക്കുകയാണെന്ന് മനസ്സിലായത്. ആ ചെന്നായ് വീണ കെണിയുടെ ചങ്ങലയുടെ നീളം കഷ്ടിച്ച് ആറടി ആയതുകൊണ്ട് അത്രയ്ക്കു ചുറ്റും മാത്രമേ നടക്കുവാൻ കഴിയുകയുള്ളു. കെണിവച്ചതാരാണാവോ. എന്നെ കണ്ട മാത്രയിൽ ആ ചെന്നായ ചങ്ങല വലിച്ചുകൊണ്ട് ഒന്നു പിന്നിലേക്കു വലിഞ്ഞു. എനിക്ക് ഒരു കാര്യം മനസ്സിലായി. നിറയെ പാലു വന്ന് വീർത്ത അകിടുള്ളതായതുകൊണ്ട് എവിടെയോ ഈ ചെന്നായയുടെ കുഞ്ഞുങ്ങൾ പാലിനുവേണ്ടി അമ്മയേയും കാത്ത് വിശന്നിരുപ്പുണ്ടാവും. അമ്മചെന്നായവല്ലാത്ത അവശാവസ്ഥയിലല്ലാത്തതുകൊണ്ട് കഴിഞ്ഞ ഒന്നോ രണ്ടോ ദിവസത്തിന് മുൻപാണ് കെണിയിൽ ചവിട്ടി കുടുങ്ങിയിട്ടുണ്ടാകുക എന്നു തോന്നി. കുഞ്ഞുങ്ങൾ എവിടെയെങ്കിലും മടകളിൽ ജീവിച്ചിരിപ്പുണ്ടാകും. ഇപ്പോൾ ഞാൻ ആ ചെന്നായയെ സ്വതന്ത്രയാക്കാൻ ശ്രമിച്ചാൽ കാട്ടുചെന്നായയുടെ സ്വഭാവമനുസരിച്ച് എന്നെ കടിച്ചു കീറി തുണ്ടങ്ങളാക്കി കളയും. അതുകൊണ്ട് ആ അമ്മ ചെന്നായയുടെ കുഞ്ഞുങ്ങളെ കണ്ടു പിടിക്കാൻ പറ്റുമോ എന്ന് നോക്കി കളയാം എന്ന് വിചാരിച്ചു. ഭാഗ്യമെന്നു പറയട്ടെ അധികം അകലെയല്ലാതെ ചെന്നായ് പാദങ്ങളുടെ അടയാളങ്ങൾ മഞ്ഞുപാളികളിൽ പതിഞ്ഞിരിക്കുന്നതു കണ്ടു. അവിടിവിടെയുള്ള കാലടയാളങ്ങൾ പിൻതുടർന്ന് ഒരു കിലോമീറ്ററോളം കാട്ടിനുള്ളി ലൂടെ പോയിക്കാണും. അവിടെ ഒരു പാറയിടു ക്കിൽ ഈ അടയാളങ്ങൾ അവസാനിക്കുന്നു. ഒരു വലിയ പൈൻമരത്തിന്റെ വേരുകൾക്കിടയിലൂടെയുള്ള ഒരു ചെറിയ ഗുഹ കണ്ടു. അകത്തു നിന്നും ഒച്ചകളൊന്നും കേട്ടില്ല. ചെന്നായ് കുഞ്ഞുങ്ങൾ പൊതുവെ ഒതുങ്ങി ക്കൂടുന്നവരും രക്ഷാബോധമുള്ളവരുമായതു കൊണ്ട് ഗുഹയിൽ നിന്നും അവരെ പുറത്തു കൊണ്ടു വരാൻ സാധിക്കുമെന്ന് എനിക്ക് പ്രതീക്ഷയില്ലായിരുന്നു. എങ്കിലും ശ്രമിച്ചു നോക്കാം എന്നു വിചാരിച്ചു. ഒരു അമ്മ ചെന്നായ് മക്കളെ വിളിക്കാൻ ഉറക്കെ ഓരിയിടുന്നതുപോലെ ഞാൻ രണ്ടു മൂന്ന് പ്രാവശ്യം ഓരിയിട്ടു. പക്ഷേ ഫലം ഒന്നും കണ്ടില്ല.

കുറച്ചു മിനുട്ടുകൾക്കുശേഷം ഞാൻ ഓരിയിടൽ ആവർത്തിച്ചു. രണ്ടാമത്തെ ഓരിയിടൽ കഴിഞ്ഞപ്പോൾ എന്നെ അത്ഭുതപരവശനാക്കികൊണ്ട് ഭംഗിയുള്ള നാല് ചെന്നായ്കുഞ്ഞുങ്ങൾ ഗുഹക്കുള്ളിൽ നിന്നും പുറത്തു വന്നു. കഷ്ടിച്ച് ഒരാഴ്ച പ്രായം മാത്രമേ അവർക്ക് ഉണ്ടാകുകയുള്ളു. ഞാൻ എന്റെ കൈകൾ നീട്ടി. അവർ എന്റെ വിരലുകൾ ചപ്പി കുടിക്കുവാൻ തുടങ്ങി. ഒരു പക്ഷേ വിശപ്പിന്റെ മൂർദ്ധന്യാവസ്ഥ അവരുടെ എല്ലാ പേടികളേയും അതിവർത്തിച്ചിട്ടുണ്ടാകും. അവരെ ഓരോരുത്തരേയും എന്റെ തോൾ സഞ്ചിയിൽ എടുത്തുവച്ച് കെണിയിൽപ്പെട്ടു കിടക്കുന്ന അമ്മ ചെന്നായയുടെ അടുത്തേയ്ക്ക് കാട്ടിലൂടെ ഞാൻ നടന്നു.

അകലെ കിടക്കുകയായിരുന്ന അമ്മ ചെന്നായ എന്നെ കണ്ട മാത്രയിൽ എഴുന്നേറ്റ് നിന്നു. ഒരു പക്ഷേ തന്റെ കുഞ്ഞുങ്ങളുടെ മണം കാറ്റിലൂടെ ആ അമ്മയ്ക്ക് കിട്ടിക്കാണും. അമ്മ മനസ്സല്ലേ. ഉച്ചസ്ഥായിയിലുള്ള ഒരു ആവലാതി മൂളൽ ആ അമ്മ ചെന്നായയിൽ നിന്നും പുറത്തു വന്നു. ഞാൻ എന്റെ ബാഗിൽ നിന്നും കുഞ്ഞുങ്ങളെ ഓരോരു ത്തരെയായി എടുത്ത് താഴെ വച്ചു. എല്ലാവരും കൂടെ അമ്മയുടെ അടുത്തേക്ക് കുതിച്ചു. സെക്കന്റുകൾക്കുള്ളിൽ അമ്മ ചെന്നായയുടെ വീർത്ത അകിട് കുഞ്ഞുങ്ങൾ കുടിച്ചു തീർത്തു. എല്ലാവർക്കും സന്തോഷം !

ഇനിയെന്ത് ? ഞാൻ വിചാരിച്ചു. കാലിൽ മൂർച്ചയുള്ള കെണിയുണ്ടാക്കിയ മുറിവുമൂലം ദുരിതം അനുഭവിക്കുകയാണ് ആ അമ്മ എന്നെനിക്ക് മനസ്സിലായി. കെണിയിൽ നിന്നും രക്ഷപ്പെടുത്താൻ വേണ്ടി ഓരോ തവണ ഞാൻ ചങ്ങലക്കടുക്കുന്തോറും എന്നെ ഭീതിപ്പെടുത്തുന്ന വിധം ആ അമ്മ ചെന്നായ മുരളുകയായിരുന്നു. കുഞ്ഞുങ്ങൾ കൂടെ യുള്ളതുകൊണ്ട് അവരെ രക്ഷിക്കേണ്ട ചുമതലകൂടി ഏറ്റെടുത്തപ്പോൾ അമ്മ ചെന്നായയുടെ ശൗര്യം കൂടിയപോലെ തോന്നി.

ഈ അമ്മ ചെന്നായ ഭക്ഷണം കഴിച്ചിട്ട് രണ്ടു മൂന്നു ദിവസമായിട്ടുണ്ടാകും. എന്തെങ്കിലും ഭക്ഷണം സംഘടിപ്പിച്ച് കൊടുക്കേ ണ്ടതുണ്ട് എന്ന് എനിക്ക് തോന്നി. ഞാൻ മഞ്ഞു പാതയിലൂടെ താഴേക്ക് നടന്നു. കുറേ ദൂരം പോയിക്കാണും. അങ്ങകലെ തവിട്ടു നിറത്തിലുള്ള വിറകിൻ കഷ്ണം പോലെ എന്തോ കിടക്കുന്നതു കണ്ടു. അടുത്തു ചെന്നു നോക്കിയപ്പോഴാണ് അത് അതിശൈത്യം കൊണ്ട് മരിച്ചു വീണു മഞ്ഞ് മൂടിയ ഒരു മാനിന്റെ കാലാണ് എന്ന് മനസ്സിലായത്. പ്രകൃതി ഫ്രീസറിൽ സൂക്ഷിച്ചിരുന്ന ആ മാനിന്റെ പകുതിയോളം ഞാൻ മുറിച്ചെടുത്തു. തിരിച്ചു നടന്നു ആ അമ്മചെന്നായ്ക്ക് കൊണ്ടു കൊടുത്തു. എന്നിട്ട് ഞാൻ പറഞ്ഞു, 'അമ്മേ, അമ്മയുടെ ഭക്ഷണം ഞാൻ വിളമ്പി തരുന്നു. ഇനി ദയവു ചെയ്ത് എന്നെ പേടിപ്പെടുത്തുന്ന വിധത്തിൽ മുരളരുത്. സമാധാനമായിരിക്കൂ'. ഞാൻ കുറേകൂടി മാനിറച്ചിയുടെ കഷ്ണങ്ങൾ എറിഞ്ഞു കൊടുത്തു. എല്ലാം ആ അമ്മ മണത്തു നോക്കി ആർത്തിയോടെ അകത്താക്കി.

കുറച്ചടുത്തു തന്നെ രണ്ടു മൂന്നു പൈൻ തൈകൾ മുറിച്ച് ഒരു ഷെഡ് ഉണ്ടാക്കി ഞാൻ എനിക്ക് ഉറങ്ങാൻ ഒരു മറ തീർത്തു. ക്ഷീണിതനായ ഞാൻ വേഗം ഉറങ്ങിപ്പോയി. കാലത്ത് എന്നെ ഉണർത്തിയത് എന്റെ മുഖം നക്കുകയും മണപ്പിച്ച് നോക്കുകയും ചെയ്യുന്ന നാലു ചെന്നായ് കുഞ്ഞുങ്ങളായിരുന്നു. കുഞ്ഞുങ്ങളുടെ സുരക്ഷി തത്തെ ഓർത്ത് ചങ്ങലക്കെണിയിൽ കുടുങ്ങി കിടന്ന അമ്മ ചെന്നായ് എന്നെ നോക്കി ഗൗരവത്തോടെ മുരളാൻ തുടങ്ങി. എന്നെ ഭയപ്പെടേണ്ടതില്ലെന്ന വിശ്വാസം ഉണ്ടാക്കിയാൽ മാത്രമേ എനിക്ക് അമ്മ ചെന്നായയുടെ അടുത്ത് പോയി അവരെ കെണിക്കുരുക്കിൽ നിന്നും രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

അടുത്ത കുറച്ചു ദിവസങ്ങളിൽ ഞാൻ എന്റെ ഭൂരിഭാഗം സമയവും അവർക്ക് എന്നിലുള്ള മിത്രതയും വിശ്വാസ്യതയും വളർത്തികൊണ്ടു വരാൻ ഉപയോഗപ്പെടുത്തി. ഞാൻ വളരെ മൃദുവായി അമ്മ ചെന്നായയോട് സംസാരിച്ചു. കുറേ മാംസകഷ്ണങ്ങൾ കൊണ്ട് സൽക്കരിച്ചു. ചെന്നായ് കുഞ്ഞുങ്ങളുടെ കൂടെ കളിച്ചു. കുരേശ്ശെയായി അമ്മ ചെന്നായയുടെ അരിക ത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. എങ്കിലും ആ കെണിചങ്ങലയുടെ നീളപരിധിക്ക് ഉള്ളിൽ കടക്കാതെ ശ്രദ്ധിച്ചു. ആ വലിയ മൃഗം കണ്ണ് എന്നിൽനിന്നും ഒരിക്കലും പിൻവലിച്ചിരുന്നില്ല. ഞാൻ പതുക്കെ പറഞ്ഞു. അമ്മേ കുഞ്ഞു ങ്ങളുടെ കൂടെ പഴയ തറവാട്ടിലേക്ക് പോകേണ്ടേ എന്നെ വിശ്വസിക്കൂ.

അഞ്ചാമത്തെ ദിവസം വൈകിട്ട് ഞാൻ അമ്മ ചെന്നായ്ക്ക് അന്നത്തെ അത്താഴമായ മാനിറച്ചി കഷ്ണങ്ങൾ ഇട്ടുകൊടുക്കുക യായിരുന്നു. 'ഇതാ അമ്മേ അത്താഴം ഞാൻ പതുക്കെ പറഞ്ഞു വരൂ പേടിക്കേണ്ട'. ചെന്നായ കുഞ്ഞുങ്ങൾ എന്റെ ചുറ്റും അണിനിരന്നു. അവരെങ്കിലും എന്നെ വിശ്വസിച്ചല്ലോ. അമ്മയും ഒരു ദിവസം എന്നെ വിശ്വസിക്കും എന്ന പ്രതീക്ഷ കുറേശെ എന്നിൽ നിന്നും മങ്ങി തുടങ്ങി. പെട്ടെന്ന് എനിക്കു തോന്നി ആ അമ്മ ചെന്നായ വാൽ പതുക്കെ ആട്ടാൻ തുടങ്ങിയെന്ന് .ഞാൻ ആ കെണി ചങ്ങലയുടെ നീളപരിധിയിൽ എത്തി. അമ്മ ചെന്നായ അനങ്ങാതെ നിൽക്കുകയായി രുന്നു. എന്റെ ഹൃദയം ഇപ്പോൾ വായിലൂടെ തള്ളി പുറത്തു വരുമെന്ന് തോന്നി. അമ്മ ചെന്നായയുടെ രണ്ടു മീറ്ററോളം അടുത്തെത്തി ഞാൻ. ഒറ്റ ചാട്ടത്തിന് എന്റെ കൈകൾ എന്റെ കഴുത്ത് ആ ചെന്നായയുടെ വായിലായേക്കാം. എന്റെ കയ്യിലുള്ള കമ്പിളികൊണ്ട് ഞാൻ ശരീരമാകെ മൂടി. അവിടെ കിടന്നു. വളരെ സമയം കഴിഞ്ഞാണ് ഞാൻ ഉറങ്ങിയത്.

പിറ്റേന്നു ചെന്നായ് കുഞ്ഞുങ്ങൾ മണപ്പിച്ചും നക്കിയുമാണെന്നെ ഉണർത്തിയത്. ഞാൻ അവരെ കൈകൊണ്ട് താലോലിച്ചു കൊണ്ടു പറഞ്ഞു. ഗുഡ് മോണിങ്ങ് ഫ്രണ്ട്സ്. എന്റെ കൈ പതുക്കെ പതുക്കെ അമ്മ ചെന്നായയുടെ മുറിവേറ്റ കാലിൽ വച്ചു. കാല് പതുക്കെ അനക്കിയെങ്കിലും ഗൗരവമായ പ്രതികരണങ്ങളൊന്നും അമ്മ ചെന്നായ കാണിച്ചില്ല. കെണിയുടെ മൂർച്ചയേറിയ ഇരുമ്പു പല്ലുകൾ അമ്മ ചെന്നായയുടെ കാലിലെ രണ്ടു വിരലുകളെ ഗ്രസിച്ചിരിക്കുന്നു. അവ രണ്ടും നല്ലപോലെ കീറിയിട്ടുണ്ട്. നല്ലപോലെ വീർത്തി ട്ടുമുണ്ട്. എങ്കിലും ഇപ്പോൾ രക്ഷപ്പെടുത്തിയാൽ മുറിവ് പഴുത്തു ചീഞ്ഞ് കാൽ നഷ്ടപ്പെട്ടേക്കുകയില്ല. ഞാൻ പതുക്കെ പറഞ്ഞു. 'ഒരു മിനിട്ടു തരൂ ഞാൻ രക്ഷപ്പെടുത്താം'. രണ്ടു കയ്യും ഉപയോഗിച്ച് ആ കെണിയുടെ രണ്ടു ഭാഗങ്ങൾ അകത്തി. സ്പ്രിങ്ങിന്റെ മദ്ധ്യത്തിൽ നിന്നും സ്വതന്ത്രമായപ്പോൾ അമ്മ ചെന്നായ് കാല് വലിച്ചെടുത്തു. തലതാഴ്ത്തി മുറിവേറ്റ ഭാഗം നക്കി തുടങ്ങി.

ഞാൻ വിചാരിച്ചത് കാട്ടുമൃഗങ്ങളുടെ സ്വഭാവമനുസരിച്ച് അമ്മ ചെന്നായ് കുഞ്ഞു ങ്ങളേയും കൊണ്ട് കാട്ടിലേക്ക് ഓടിപ്പോകു മെന്നാണ്. എന്നാൽ ആ അമ്മ സംശയിച്ച് സംശയിച്ച് എന്റെ അടുത്തേയ്ക്ക് നടന്നു വന്നു. എന്റെ കൈമുട്ടും കൈകളും മണപ്പിച്ചുകൊണ്ട് നിന്നു. വിശ്വസിക്കാൻ കൊള്ളാവുന്ന മനുഷ്യനാണ് എന്ന് തോന്നിയതുകൊണ്ടാകാം എന്റെ കൈവിരലുകൾ അമ്മയും മക്കളും കൂടി നക്കാൻ തുടങ്ങി. എനിക്ക് അത്ഭുതമായി . കാട്ടുചെന്നായ്ക്കളുടെ സ്വഭാവരീതികളെപ്പറ്റി കേട്ടിട്ടുള്ളതിന് വിപരീതമായ ഈ പെരുമാറ്റങ്ങൾ ഒരു സാധാരണ വീട്ടുമൃഗത്തിന്റെ പെരുമാറ്റത്തേക്കാൾ ഹൃദ്യമായി തോന്നി. കുറച്ചു സമയം കഴിഞ്ഞപ്പോൾ കുഞ്ഞുങ്ങളേയും കൂട്ടി ആ അമ്മ കാട്ടിലേക്ക് യാത്രയായി. കുറേ നടന്നകന്നതിനുശേഷം ഒന്നു നിന്നു. തിരിഞ്ഞു നോക്കി. ഞാൻ കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് ചോദിച്ചു എന്താ എന്റെ കൂടെ പോരുന്നോ? കണ്ണീർ തുടച്ചുകൊണ്ട് ഞാൻ ബാഗെല്ലാം പാക്കു ചെയ്ത് ക്യാമ്പിലേക്ക് മടങ്ങി.

നാലു കൊല്ലങ്ങൾക്കുശേഷം ജോലി ത്തിരക്കെല്ലാം കുറഞ്ഞപ്പോൾ ഒരിക്കൽ കൂടി പഴയസ്ഥലം സന്ദർശിക്കണമെന്നു തോന്നി. കുപ്രിനോഫ് മലയുടെ താഴ്വരയിലുള്ള പ്രദേശത്ത് ആ അമ്മയെ രക്ഷപ്പെടുത്തിയ കാട്ടിൽ തുരുമ്പ് പിടിച്ചു കിടന്നിരുന്ന ആ കെണി ചങ്ങലയുടെ അടുത്തുനിന്നുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഓരിയിട്ടു. പണ്ട് ചെന്നായ് കുഞ്ഞുങ്ങൾ കഴിഞ്ഞിരുന്ന ഗുഹയുടെ മുൻപിൽ വച്ച് ചെയ്തപോലെ. അതിന്റെ പ്രതിദ്ധ്വനി എന്റെ കാതുകളിൽ മുഴങ്ങി . ഞാൻ ഒരിക്കൽ കൂടി ഓരിയിട്ടു. എന്നാൽ ഇത്തവണ എന്റെ കാതുകളിൽ മുഴങ്ങിയത് യഥാർത്ഥ ചെന്നായയുടെ ശബ്ദമായിരുന്നു. അകലെ ഏതോ ഒരു ഇരുണ്ട രൂപം സാവധാനം എനിക്കു നേരെ വരുന്നത് ഞാൻ ശ്രദ്ധിച്ചു. അത് കുറ്റിച്ചെടികൾക്കിടയിലൂടെ എന്റെ നേർക്കുതന്നെ വരുന്നു. അത് ഒരു കാട്ടു ചെന്നായ ആയിരുന്നു. പരിചയമുള്ള രൂപം. എന്റെ ശരീരമാകെ കുളിരുകോരി. ആ രൂപം നാലുകൊല്ലം മുൻപ് ഞാൻ രക്ഷപ്പെടുത്തിയ അമ്മ ചെന്നായ ആയിരുന്നു.

ഹല്ലോ ആ പഴയ അമ്മയല്ലേ ഇത്? ഞാൻ പതുക്കെ ചോദിച്ചു. ആ അമ്മ കുറച്ചു കൂടി അടുത്തു വന്നു. ചെവികൾ കൂർപ്പിച്ച് പിടിച്ച് വാലാട്ടാൻ തുടങ്ങി. കുറച്ചു മിനുട്ടുകൾക്കു ശേഷം തിരിച്ചു പോയി.

കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ കുപ്രിനോഫ് ദ്വീപ് വിട്ടു. ഇതിനിടയിൽ ആ അമ്മചെന്നായയെ ഒരിക്കലും കണ്ടില്ല. എന്നാൽ ആ അമ്മയും കുഞ്ഞുങ്ങളും എന്നിൽ അവശേഷിപ്പിച്ച ഓർമ്മകൾ ഇന്നും നിലനിൽക്കുന്നു.

പ്രകൃതിയിൽ മനുഷ്യന്റെ ബുദ്ധിക്കും ഭാവനയ്ക്കും പിടികിട്ടാത്ത ചില നിയമങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. അവസാനമായി കണ്ട ആ നിമിഷങ്ങളിൽ ആ ചെന്നായയുടെയും എന്റെയും ലോകങ്ങൾ പരസ്പരം ഇഴുകി ചേർന്ന് ഒന്നായി എന്ന് വേണമെങ്കിൽ പറയാം. മനുഷ്യന്റെ സ്നേഹവും മൃഗത്തിന്റെ സ്നേഹവും തമ്മിലുള്ള അതിർത്തികൾ ലംഘിച്ച് ഐക്യപ്പെടാൻ സാധ്യത വന്നു ചേർന്ന അപൂർവ്വ പ്രതിഭാസം . ഇങ്ങനെയൊരനുഭവം പറഞ്ഞു കേട്ടിട്ടില്ല. ചില ചില നിയോഗങ്ങളായി നമുക്കവയെ കണക്കാക്കാം - എന്തു കൊണ്ടെ ന്നാൽ ഇതെല്ലാം അത്ഭുതങ്ങളുടെയും അസാ ധാരണത്വത്തിന്റെയും പ്രകൃതി നിയമങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു - ചിലർക്കു മാത്രം വന്നു ചേരുന്ന അമൂല്യമായ ഒരു നിധിപോലെ.

(കവിത)

# കണ്ണാ, ചായുറങ്ങൂ

**നന്ദിനി മനോഹരൻ**

രാവേറെ ആയില്ലെ ഉണ്ണിക്കണ്ണാ
പൂമിഴിയിൽ നിദ്ര വന്നതില്ലെ
ഏഴരവെളുപ്പിനുണർന്നതല്ലെ-ഈ
ഏഴഴകുള്ള പൂമിഴികൾ
പ്രാർത്ഥനയും കുറെ പരിഭവങ്ങളും
ആർത്തപരായണാ, ഏറെ കേട്ടതല്ലെ
എല്ലാം ഞാനേറ്റിടാമെന്നോതി, നീ
എല്ലാവരേയും തഴുകിയില്ലെ
ഓരോ പ്രദക്ഷിണവും കൂടെ നടന്നു നിൻ
ഓമന പാദങ്ങൾ തളർന്നു പോയോ?
ഉച്ചയ്ക്കും കൂടി മയങ്ങുവാൻ പറ്റിയോ
ഉച്ചത്തിലുള്ള ജപഘോഷത്താലെ
ദീപാരാധനയും ചുറ്റു വിളക്കും
വാദ്യഘോഷങ്ങളും തീർന്നുവല്ലൊ
ഓടിത്തളർന്ന ആ ഓമനപാദങ്ങൾ
ഒന്നു തഴുകി തലോടീടുവാൻ
ഓമനപൂമുഖം തടവി തണുപ്പിച്ചു
ചാരത്തുമെല്ലെ ചേർത്തു വെച്ചു
വാവാവോ പാടി ഉറക്കീടുവാൻ
എൻമനം വല്ലാതെ കൊതിച്ചീടുന്നു
താമരക്കണ്ണാ നിനക്കുറങ്ങീടുവാൻ
താരാട്ടു പാടാം ഞാൻ ശ്യാമവർണ്ണാ
പൂമിഴി മെല്ലെ പൂട്ടി എന്റുണ്ണീ
വാവുറങ്ങൂ, മെല്ലെ ചായുറങ്ങൂ
ഓമനക്കണ്ണാ, ഉണ്ണിക്കണ്ണാ
രാവേറെ ആയില്ലെ, ചായുറങ്ങൂ.

# മഴയുടെ മണം

ജി. മാധവൻ നായർ

കോരിച്ചൊരിയുന്ന മഴയ്ക്കൊപ്പം, വീശിയടിക്കുന്ന ഉഗ്രൻ കാറ്റും വാഹനത്തിൽ യാത്രചെയ്തിരുന്ന അയാൾക്കനുഭവപ്പെട്ടു. ഇറങ്ങേണ്ടുന്ന സ്ഥലമായപ്പോൾ, ശകടത്തിൽ നിന്നിറങ്ങി കുട നിവർത്തി, നന്നായി നനഞ്ഞു കിടന്നിരുന്ന നിരത്തിലൂടെ മെല്ലെ നടന്നു. മുഖ്യപാതയിൽ നിന്ന്, ഒരുവശത്തുള്ള ചെറു വഴിയിലേക്ക് തിരിഞ്ഞു. പണ്ട് വിജനമായി കിടന്നിരുന്ന, രണ്ടു വശത്തുമുള്ള പറമ്പുകളിൽ ഇപ്പോൾ കെട്ടിടങ്ങൾ ഉയർന്നിരിക്കുന്നു. മണലാരണ്യത്തിൽ പണിയെടുത്തു വരുന്നവരുടെ രമ്യഹർമ്മ്യങ്ങളാണ് മിക്കതും എന്നു തോന്നുന്നു. കാഴ്ചയിൽ വ്യത്യസ്ഥങ്ങളായി പണി തീർത്തിട്ടുള്ള സിമന്റ് കൊട്ടാരങ്ങൾ.

പണ്ട്, മുള്ളുവേലികൊണ്ട് കെട്ടിയിരുന്ന അതിരുകളുടെ സ്ഥാനത്ത് ഇപ്പോൾ കനത്ത മതിലുകളായിരിക്കുന്നു. നടന്ന് ലക്ഷ്യസ്ഥാനമായ പഴയ ആഫീസ്സ് കെട്ടിടത്തിന്റെ കവാടം കടന്ന്, പൂന്തോട്ടവും പിന്നിട്ട് അയാൾ വരാന്തയിലെത്തി. രാവിലെ ആയതിനാൽ ജോലിക്കാരാരും എത്തിയിട്ടില്ല. വാതിലുകളെല്ലാം തന്നെ അടഞ്ഞു കിടക്കുന്നു. അതിനാൽ തിരികെ പടികളിറങ്ങി, വളപ്പിലേക്കു തന്നെ നടന്നു. പൊതുജനാ വശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള പലതരം ചെറിയ പ്രവർത്തന കേന്ദ്രങ്ങൾ അവിടെ കാണാൻ കഴിഞ്ഞു.

വർഷങ്ങൾക്കു മുൻപ്, ഇവിടെ ജോലി ചെയ്തിരുന്ന അവസരത്തിൽ, ആ വലിയ കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളു. ആ മന്ദിരം കാലപഴക്കത്തിൽ പലയിടത്തും പൊട്ടി പൊളിഞ്ഞും, ജനാലകൾ, വാതിലുകൾ എന്നിവയുടെ പലകകൾ ആകെ ദ്രവിച്ച നിലയിലുമാണ് കണ്ടത്. അറ്റകുറ്റപണികൾ ചെയ്തിട്ട് വർഷങ്ങളായ ലക്ഷണമാണ്. എന്നാലും കുറച്ചു മനുഷ്യജീവികൾ, അവിടെ പണിയെടുക്കുന്നു. ആ ജോലിയാണ് അവരുടെ ജീവവായു.

ആദ്യമായി അവിടെ എത്തിയത് ഒരു മധ്യവയസ്കയാണ്. യൗവ്വനക്കാലത്ത് ഒരു സുന്ദരിയായിരിക്കണം. ഭേദപ്പെട്ട രീതിയിൽ വസ്ത്രം ധരിച്ച്, ഒരു വലിയ സഞ്ചിയും പിടിച്ചാണ് വരവ്. വന്ന പാടേ ചുറ്റും നോക്കിയശേഷം, സഞ്ചിയിൽ നിന്ന് ഒരു താക്കോൽ കൂട്ടമെടുത്ത് മുഖ്യവാതിലിലെ പൂട്ട്, വലിയ ഒരു താക്കോലെടുത്ത് തുറന്നു. വാതിൽ പാളികൾ മുഴുവൻ തുറന്നു വയ്ക്കുവാൻ ഏറെ ബുദ്ധിമുട്ടി. അതിനുശേഷം, ഉള്ളിൽ കടന്ന് മറ്റു വാതിലുകളും, ജനാലകളു മെല്ലാം തുറന്നിട്ടു.

വെളിയിലേക്കിറങ്ങിയ, അവർ അയാളെ കണ്ട് ഒന്നും മിണ്ടാതെ പുഞ്ചിരിച്ചുകൊണ്ട്, ആഫീസ്സിന്റെ പുറകിലേക്കു പോയി. പിന്നീടു കണ്ടത് വലിയ ഒരു ചൂലും, അതിനോടൊപ്പം ഒരു പ്ലാസ്റ്റിക് മുറവുമായിട്ടുള്ള വരവാണ്. മുൻവശത്തെ മുറ്റം, മുഴുവൻ വെടിപ്പാക്കിയ ശേഷം വരാന്തയിലേക്ക് കയറി. അവിടെയെല്ലാം വൃത്തിയാക്കി കഴിഞ്ഞ്, പുറകിലത്തെ വരാന്ത യിലേക്കു കടന്നു. അവിടെ നിന്നായിരിക്കണം ആഫിസ്സിന്റെ ഉള്ളിൽ കടന്ന്, ശുചീകരണം നിർവ്വഹിച്ചത്. അല്പസമയം പിന്നിട്ട്, അവർ ചൂലും, അനുസാരികളുമായി പുറത്തേയ്ക്ക് വന്നു. പുറകിലുള്ള എവിടെയോ, അത് വച്ചിട്ടു മുറ്റത്തു തന്നെയുള്ള കിണറിനടുത്തെത്തി.

കപ്പിയും, കയറുമുപയോഗിച്ച്, കിണറ്റിൽ നിന്ന് വെള്ളം അടുത്തു തന്നെ വച്ചിരുന്ന പാത്രത്തിൽ കോരിയെടുത്തു. കൈയ്യും, കാലും, മുഖവുമെല്ലാം കഴുകിയശേഷം, പടിഞ്ഞാറു വശത്തുള്ള തുറന്നു കിടക്കുന്ന വാതിലിലൂടെ ഹാളിലേക്ക് പ്രവേശിച്ചു. അവിടെ വച്ചിരിക്കുന്ന ഒരു വലിയ പ്ലാസ്റ്റിക്ക് തൊട്ടിയെടുത്തുകൊണ്ട് വന്ന്, വീണ്ടും ഉറവിടൽ ഭാഗത്തു ചെന്നു. വെള്ളമെടുത്ത്, പാത്രം നിറച്ച് ഹാളിൽ കൊണ്ടു വന്ന് അടച്ചു വച്ചു. ഇതു കഴിഞ്ഞ് പല മൺകൂജകളിൽ ജലം കൊണ്ടു വന്ന്, ഹാളിന്റെ നടുഭാഗത്തും, മറ്റു മുറികളിലും കൊണ്ടു വയ്ക്കുന്നത് കാണാമായിരുന്നു.

കിണറിനരികെ ചെന്ന് അയാൾ പരിശോധിച്ചപ്പോൾ, പരിസരത്തു തന്നെ ഒരു വൈദ്യുതമോട്ടോർ തുരുമ്പു പിടിച്ച് ഉപയോഗിക്കാത്ത രീതിയിൽ കണ്ടു. അത് പ്രവർത്തിക്കാനിടയില്ല. അതിനാലായിരിക്കും ജലം കോരിയെടുക്കുന്ന പ്രക്രിയയിലേർപ്പെട്ടി രിക്കുന്നത്. ഇതൊന്നും ശ്രദ്ധിക്കാൻ ആ സ്ഥാപനത്തിലെ ജീവനക്കാർ തയ്യാറായി രുന്നില്ല എന്നു വേണം കരുതാൻ.

അല്പസമയം കഴിഞ്ഞപ്പോൾ ഒരു യുവാവ് സൈക്കിളിൽ വന്നെത്തി. നേരെ, ആഫീസിനുള്ളിൽ കടന്ന്, വൃത്തിയാക്കൽ ജോലിയിലേർപ്പെട്ടിരുന്ന സ്ത്രീയോടു എന്തോ, കുശലം പറഞ്ഞു. അതിനു ശേഷം പുറത്തേയ്ക്കു വന്ന് , അയാളോട് അത്രയ്ക്ക് മയമില്ലാതെ ചോദിച്ചു.

'എന്താണിത്ര രാവിലെ ? ബാബു സാറിനെ കാണാനാണോ' ? അയാൾക്ക് , അവിടെ, ആരേയും അറിയില്ല. വർഷങ്ങ ൾക്കു മുൻപ് പണിയെടുത്ത സ്ഥലത്ത് ഒരാവേശത്തിന്റെ പുറത്തു വന്നതാണ്. 'അല്ല, വളരെ കാലം മുൻപ് ഇവിടെ ജോലി ചെയ്തിരുന്ന ആളാണ്, പഴയ ആഫീസൊന്നു കാണാനെത്തിയതാണ്. അത്രയെ ഉള്ളൂ.'

ആവശ്യങ്ങൾക്ക് വേണ്ടി, വന്നതല്ല എന്ന് മനസ്സി ലാക്കിയ യുവാവ് ഒരു പുഞ്ചിരിയോടെ മൊഴിഞ്ഞു.

'സാറിനു അകത്ത് കയറി ഇരിയ്ക്കാമല്ലോ'!

ശരി, 'ഇവിടുത്തെ ആൾക്കാരൊക്കെ വരട്ടെ. അതുവരെ ഞാനിവിടെ ഇരുന്നു കൊള്ളാം' എന്നു പറഞ്ഞു, വരാന്തയിലിട്ടിരുന്ന ബഞ്ചിൽ ഉപവിഷ്ടനായി.

അയാളുടെ മനസ്സ് അൻപത്തിയാറു വർഷം പുറകോട്ടു പോയി. ആദ്യമായി ഒരു ജോലി കിട്ടി വന്നതിവിടെയാണ്. ശ്രീ പത്മനാഭന്റെ പത്തു കാശ് എന്ന പ്രമാണം അന്വർത്ഥമാക്കികൊണ്ടുള്ള സർക്കാർ ജോലി. അന്ന് കോരിച്ചൊരിയുന്ന മഴയായിരുന്നു. സ്നേഹിതനുമായിട്ടാണ് വന്നത്. ടൗണിൽ ബസ്സിറങ്ങി. അവിടെ നിന്നും രണ്ടു മൈലോളം നടന്നാണ് എത്തിയത്. അന്ന് മറ്റു വാഹനസൗകര്യങ്ങളൊ ന്നുമില്ല. ഇടയ്ക്ക് വല്ലപ്പോഴും കടത്തു കടവ് വരെ ഒരു ബസ്സുണ്ടാകും. അതിനുവേണ്ടി കുറച്ചു നേരം കാത്തിരുന്നിട്ടും, കാണാത്തതിനാലാണ്, കാൽ നടയായി വന്നത്.

തൃശൂർ നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒല്ലൂർ ഭാഗത്തെ ഒരു ദീർഘകായനായിരുന്നു അന്ന് മുഖ്യ ഉദ്യോഗസ്ഥൻ, അദ്ദേഹത്തിന്റെ സവിധത്തിൽ ചെന്ന് നിയമനോത്തരവു കാട്ടി. ഭാഗ്യത്തിനു അതിന്റെ ഒരു പകർപ്പ് അവിടെ ലഭിച്ചിരുന്നു. കൂടെ വന്ന സ്നേഹിതനാണ് അത്രയും നാൾ ചുമതല വഹിച്ചിരുന്നത്. അദ്ദേഹം അതൊഴിഞ്ഞിട്ട് പൂർണ്ണ ഉത്തരവാദിത്വം തനിക്കു തന്നതിലേയ്ക്കുള്ള കടലാസ്സുകളെല്ലാം ശരിയാക്കി തുല്യം ചാർത്തി തന്നു. അതിന്റെ ഒരു പകർപ്പ് മേധാവിക്കു നല്കിയിട്ട്, പിറ്റേന്ന് എത്തികൊള്ളാമെന്നു പറഞ്ഞ് അവിടെ നിന്നും പിരിഞ്ഞു.

മറ്റുള്ള ജോലിക്കാരെ പരിചയപ്പെടുന്നതിലേക്ക് ആഫീസ്സിന്റെ വലിയ ഹാളിലേക്ക് പ്രവേശിച്ചു. മിക്കവാറും പേർ അവിടെയുണ്ടായിരുന്നു. മറ്റു ചിലർ തെക്കും, വടക്കുമുള്ള മുറികളിലാണ് സ്ഥലം പിടിച്ചിരുന്നത്. എല്ലാവരുമായി കുശലം പറഞ്ഞു. ഇതിനിടയ്ക്ക് മുഖ്യഗുമസ്ഥൻ ചായയ്ക്ക് പറഞ്ഞിരുന്നു. കുറച്ചകലെയുള്ള ചായക്കടയിൽ നിന്ന്, ആഫീസ് വാച്ചറാണ് അത് കൊണ്ടു വന്നത്. പാനീയത്തിനോടൊപ്പം, പരിപ്പു വടയും , പഴവും കഴിച്ച് എല്ലാവരോടും തല്കാലം യാത്ര പറഞ്ഞു.

ആഫീസ്സിലെ വാഹനസാരഥിയുടെ, വാക്കനുസരിച്ച്, ഉടനെ ഒരു യാത്രാവാഹനം അവിടെ നിന്നുമുണ്ടാകുമെന്നറിഞ്ഞു. വേഗത്തിൽ പുറ ത്തിറങ്ങി. ഇടവഴിയിലൂടെ പ്രധാന നിരത്തി ലെത്തി, ഒരു പീടികയുടെ മുൻപിൽ കാത്ത് നിന്നു. ഏതാണ്ട് പത്തു മിനിട്ടു കഴിഞ്ഞപ്പോൾ വളരെ ചെറുതായ ഒരു മൂട്ട ബസ്സു വന്നു. അതിനുള്ളിൽ ചാള അടുക്കുമ്പോലെ ജനം തിങ്ങി നിറഞ്ഞി രുന്നു. കടത്തു ഭാഗത്ത് നിന്നും കമ്പിനി ജോലി കഴിഞ്ഞു വരുന്നവരാണ് ഏറിയ പേരും അവരുടെയെല്ലാം ദേഹത്തിൽ നിന്ന്, ധരിച്ച വസ്ത്രത്തിലൂടെ അതിരൂക്ഷമായ ഒരു ഗന്ധം പരക്കുന്നു. സംസ്ഥാനത്തെ ഏറ്റവും വലിയ വളക്കമ്പിനിയിലെ ജീവനക്കാരാണ് . വീട്ടിൽ ചെന്ന് വസ്ത്രങ്ങളെല്ലാം അഴിച്ചുമാറ്റി, നല്ല സോപ്പുപയോഗിച്ചു തേച്ചു കുളിച്ചാലും, ആ ഗന്ധം മുഴുവൻ പോകാനിടയില്ല.

പട്ടണ പ്രദേശത്ത് ബസ്സിറങ്ങി, അവിടെ നിന്നും സർക്കാർ വക വാഹനത്തിൽ കയറി, കുറച്ചു ദൂരം പോയാലെ വീട്ടിലെത്തുകയുള്ളൂ. സ്നേഹിതൻ ഇടയ്ക്ക് അയാൾ ജോലി ചെയ്യുന്ന സ്ഥലത്തിറങ്ങി. അവിടെ നിന്നും കുറെകൂടി യാത്ര ചെയ്താൽ വീട്ടിലെത്താം.

.....ചുരുങ്ങിയത് മൂന്നു വർഷക്കാലം ഇവിടെ ജോലി ചെയ്തു കാണും. മറ്റൊരു സുഹൃത്തിന്റെ നല്ല മനസ്സുകൊണ്ട്, പരസ്പര മാറ്റത്തിനു സമ്മതിച്ച തിനാൽ നാട്ടിനടുത്ത് ഒരു ആഫീസ്സിലേയ്ക്ക് ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചു.

ചിന്തകളിൽ നിന്ന് മടങ്ങി വന്നപ്പോൾ ആഫീസ്സിലെ, ജോലിക്കാർ ഒന്നും, രണ്ടുമായി വരുന്ന കാഴ്ച കണ്ടു. വരുന്നവരിൽ മിക്കപേരും, അപരിചിതനായ ഒരുവൻ ബഞ്ചിലിരിക്കുന്നത്, സാകൂതം വീക്ഷിച്ചു. അതിനിടയ്ക്ക് കവാടം, കടന്ന് ഒരു ജീപ്പു വരുന്നുണ്ടായിരുന്നു. വലിയ പഴക്കമില്ലാത്ത

**(ശേഷം 37-ാം പേജിൽ)**

# ദശപുത്രസമഃ

പ്രൊഫ. അംബുജാക്ഷി. പി ഫോൺ : 9447577652

ഈയ്യിടെയായിഎന്നും കേൾക്കുന്ന വാക്കുകളാണ് പരിസ്ഥിതി, മലിനീകരണം എന്നിവ. ഒരു കാലത്ത് പ്രകൃതിപൂജകരായിരുന്ന നാം പ്രകൃതിഘാതകരായി മാറി. അതുകൊണ്ടുള്ള ആഘാതങ്ങൾ നമ്മൾ അനുഭവിച്ചുകൊണ്ടേയിരിക്കുന്നു. കാടും കടലും പുഴയും കയ്യേറി നാം ആഹ്ലാദിച്ചു തിമിർക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് നാം ഓർക്കാറില്ല. ആവാസവ്യവസ്ഥയുടെ ആധാരശിലകളാണ് വൃക്ഷങ്ങൾ. അതായത് ഭൂമിയുടെ ശ്വസനേന്ദ്രിയങ്ങൾ തന്നെ. ജീവികളെ അമരന്മാരാക്കുന്നത് മരങ്ങളാണെന്നറിഞ്ഞിട്ടും വൃക്ഷസമ്പത്ത് കാത്തുസൂക്ഷിക്കാൻ ശ്രദ്ധിക്കാറുണ്ടോ ?

സൂര്യതാപത്തെ ശുദ്ധീകരിക്കുന്നതിനു പുറമെ പൂക്കൾ, പഴങ്ങൾ , ഔഷധങ്ങൾ എന്നിങ്ങനെ എണ്ണമറ്റ സഹായങ്ങളാണ് ജീവജാലങ്ങൾക്ക് വൃക്ഷങ്ങൾ നല്കുന്നത്. ആ സഹായങ്ങൾക്കുള്ള കൃതജ്ഞതയാണ് ഭാരതീയ സമ്പ്രദായമായ വൃക്ഷപൂജ, അരയാല്, പേരാല്, അശോകം, അർജ്ജുനം, കരിമ്പ്, കൂവളം, രുദ്രാക്ഷം, മരുത് എന്നിവ ദേവപദവിയിലേക്ക് ഉയർത്തപ്പെട്ട വൃക്ഷങ്ങളാണ്.

വൃക്ഷങ്ങൾക്ക് വിചാരവികാരങ്ങൾ ഉണ്ടെന്ന് മനുസ്മൃതിയിൽ പറയുന്നു. മഹാലക്ഷ്മിക്ക് പരുത്തിയും, വരുണന് തെങ്ങും, ഹനുമാന് മാവും ഏറ്റവും പ്രിയപ്പെട്ട വൃക്ഷങ്ങളാണത്രെ. നന്ദനവനത്തിലെ മന്ദാരം, പാരിജാതം, സന്താനകം, ഹരിചന്ദനം, കല്പതരു എന്നിവ ദിവ്യവൃക്ഷങ്ങളാണ്. സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിക്കുന്ന വൃക്ഷമാണ് അരയാൽ. വൃക്ഷപൂജ ആയിരം യാഗങ്ങൾക്ക് തുല്യമാണെന്ന് പുരാണങ്ങൾ പറയുന്നു. വൃക്ഷക്കൊമ്പുകളോ, വേരുകളോ മുറിക്കുന്നവനെ കഠിനമായി ശിക്ഷിക്കണമെന്ന് കൗടിലീയത്തിൽ കാണുന്നു.

ദശകൂപസമാ മാപി
ദശമാപീ സമോഹ്രദ ഃ
ദശഹ്രദസമ ഃ പുത്രഃ
ദശ പുത്രസമോ ദ്രുമ ഃ

എന്ന, മത്സ്യപുരാണത്തിലെ വൃക്ഷപ്പൊലിമ ഇന്നേറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇന്നത്തെ പരിസ്ഥിതിപ്രശ്നങ്ങൾക്കും മലിനീകരണത്തിനും മാനസീക പ്രശ്നങ്ങൾക്കുമൊക്കെ കാരണം വൃക്ഷഹത്യയിൽത്തന്നെ കണ്ടെത്താം.

ജീവന് അത്യന്താപേക്ഷിതമായ പ്രകൃതി വിഭവമാണ് ജലം. വ്യക്തിക്കും കുടുംബത്തിനും വേണ്ടി ഗൃഹനാഥൻ കിണറു കുഴിക്കുന്നു. വഴിയരികിൽ കിണറു കുഴിക്കുന്നതും അത്താണി പണിയുന്നതും കന്നുകാലികൾക്ക് വെള്ളം കുടിക്കാൻ കൽത്തൊട്ടി സ്ഥാപിക്കലുമൊക്കെ പുണ്യകർമ്മങ്ങളായി കണക്കാക്കിയിരുന്നു. ഇപ്പോൾ കിണറുകൾ മൂടാനാണ് താല്പര്യം. പത്തു കിണറുകൾക്ക് തുല്യമാണ് ഒരു കുളം എന്നും നാം മറന്നു പോകുന്നു. കുളം നികത്തി കൊട്ടാരങ്ങൾ പണിയുമ്പോൾ ശുദ്ധവായുവും ശുദ്ധജലവും നമുക്ക് നഷ്ടപ്പെട്ടു പോകുന്നു. തനിക്കും ചുറ്റുപാടുള്ള മറ്റു ജീവജാലങ്ങൾക്കും ഉപകരിക്കാനാണ് ഒരാൾ കുളം കുഴിക്കുന്നത്. എന്നാൽ കുളം മൂടി പരിസ്ഥിതിയെ കുളം തോണ്ടുന്ന പതിവാണ് ഇപ്പോൾ കണ്ടു വരുന്നത്. പത്തു കുളങ്ങളുടെ ഫലം ചെയ്യുന്നു ഒരു തടാകം.ജലാശയങ്ങളിലെ വെള്ളം മലിനമാക്കിയാൽ വരുണകോപം ഉണ്ടാകുമെന്ന് മുൻ തലമുറ കുഞ്ഞുങ്ങളെ ഭയപ്പെടുത്തിയിരുന്നു. അതിനാൽ വെള്ളത്തിലേക്ക് കല്ലെറിയാൻ പോലും പേടിച്ചിരുന്ന ഒരു ജനത ഇവിടെയുണ്ടായിരുന്നു. ജലമലിനീകരണത്തിന്നുള്ള ശിക്ഷ മരണാനന്തരം ആത്മാവ് അനുഭവിക്കും എന്നായിരുന്നു അന്നത്തെ വിശ്വാസം. ഇന്ന് ജീവിച്ചിരിക്കുമ്പോൾ തന്നെ, നമ്മൾ ചെയ്ത പാപങ്ങളുടെ ശിക്ഷ അനുഭവിക്കുന്നില്ലേ ?

പത്തു തടാകങ്ങൾ ചെയ്യുന്ന പുണ്യമാണ് ഒരു പുത്രലബ്ധി. അതിനെയൊക്കെ നിഷ്പ്രഭമാക്കുന്ന ഒരു ചൊല്ലാണ് 'ദശപുത്രസമനാണ് ഒരു മരം' എന്നത്.

സൂര്യതാപം ചെറുക്കാനും, ശുദ്ധവായു നല്കാനും, ഭക്ഷണവും ഔഷധവും പ്രദാനം ചെയ്യാനും ഭൂമിയിലെ ജലനിരപ്പ് കുറയാതിരിക്കാനുമൊക്കെ വൃക്ഷങ്ങൾ അത്യന്താപേക്ഷിതമാണ്. ഒരു പുത്രൻ ഒരു കുടുംബത്തെ, അല്ലെങ്കിൽ ഒന്നോ രണ്ടോ തലമുറകളെ രക്ഷിക്കുന്നു. എന്നാൽ വൃക്ഷം രക്ഷിക്കുന്നത് ഭൂമിയെയാണ്. വൃക്ഷത്തിനേൽക്കുന്ന ഓരോ ആഘാതവും പ്രത്യാഘാത രൂപത്തിൽ നമുക്കു തന്നെ തിരിച്ചു കിട്ടും എന്ന് നാം ഇനിയും മറന്നു കൂടാ. കാടും കടലും നികത്തി സിമന്റ് കോട്ടകൾ പണിയുന്നു നാം. നമ്മുടെ വൃക്ഷസമ്പത്തിന്റെ പ്രത്യേകതകൾ ഇന്ന് നമുക്കജ്ഞാതമാണ്. രാമായണം യുദ്ധകാണ്ഡത്തിലെ ഔഷധീപർവതവർണ്ണന നമ്മെ അത്ഭുതപ്പെടുത്തുന്നു. മരിച്ചവരെ ജീവിപ്പിക്കുന്ന മൃതസഞ്ജീവനി, ശാരീരികമാനസികപീഡകൾ അകറ്റുന്ന വിശല്യകരണി, നിറം മാറ്റത്തെ പ്രതിരോധിക്കുന്ന സാവർണ്യകരണി, എല്ലുകൾ കൂട്ടി യോജിപ്പിക്കുന്ന സന്ധാനകരണി എന്നിങ്ങനെ പേരുകളിൽ മാത്രം നിലനില്ക്കുന്ന ഔഷധങ്ങളെ - വൃക്ഷങ്ങളെ ഓർത്ത് ദുഃഖിക്കുമ്പോഴും നാം മറക്കരുത്.

'ദശപുത്രസമോ ദ്രുമഃ'

**മഴയുടെ മണം**
**(35-ാം പേജിൽ നിന്ന് തുടർച്ച)**

ആ വാഹനം പൂമുഖത്ത് നിർത്തിയിട്ടു. അതിൽ നിന്നും, മുൻവശത്തെ ഇരിപ്പിടത്തിലിരുന്ന ഒരു മഹിളാരത്നം ഇറങ്ങി. ഗൗരവം സ്ഫുരിക്കുന്ന മുഖം കണ്ടിട്ടു ആഫീസ് മേധാവിയാണെന്നു തോന്നുന്നു. പുറകിലിരുന്ന് ഒരു കൂട്ടം ആളുകൾ ധൃതഗതിയിൽ അതിൽ നിന്ന് പടി ചവിട്ടി താഴേയ്ക്കു വന്നു. ഉത്സാഹ ത്തോടെ എല്ലാവരും കെട്ടിടത്തിനുള്ളിലേയ്ക്ക് പ്രവേശിച്ചു.

പത്തു മിനിട്ട് കഴിഞ്ഞപ്പോൾ , നേരത്തെ ആളുകളുടെ പ്രവാഹത്തോടെ എഴുന്നേറ്റ് നിന്ന അയാൾ, മേലാവിന്റെ വാതില്ക്കൽ ചെന്ന് അകത്തേയ്ക്ക് വരുവാനുള്ള അനുവാദം ചോദിച്ചു. അവർ പുഞ്ചിരിയോടെ സമ്മതം നല്കിയതിനാൽ അയാൾ മുറിയിലേയ്ക്ക് പ്രവേശിച്ചു. തുടർന്ന് പഴയ നാളുകളിൽ ഇവിടെ ജോലി ചെയ്തിരുന്ന കാലഘട്ടത്തെപ്പറ്റി ചെറുതായി ഒന്നു വിവരിച്ചു. മുൻപിൽ കണ്ട വയോധികനെ , ഉറ്റുനോക്കികൊണ്ട് നിറഞ്ഞ ചിരിയോട് എഴുന്നേറ്റു നിന്ന് അവർ മുൻപിലുള്ള ഇരിപ്പിടം ചൂണ്ടി കാട്ടി.

ഹൃദയംഗമമായി നന്ദി പ്രകാശിപ്പിച്ച് കൊണ്ട യാൾ , വളരെ കാലത്തെ പഴക്കമുള്ള ചൂരലുകൾ ദ്രവിച്ചു തുടങ്ങിയ മരകസ്സേരയിൽ അമർന്നിരുന്നു. അപ്പോൾ പുറത്ത് വീണ്ടും മഴ പെയ്യുവാൻ തുടങ്ങി.

## വിശേഷ ദിവസങ്ങൾ

### 2018 ഒക്ടോബർ 15 മുതൽ നവംബർ 15 വരെ

| | | |
|---|---|---|
| ഒക്ടോബർ | 17 | ദുർഗ്ഗാഷ്ടമി |
| | 18 | മഹാനവമി |
| | 19 | വിജയദശമി, കരയോഗം നവരാത്രി സമാപനം |
| | 24 | വാല്മീകിജയന്തി |
| | 26 | തൃപ്പൂണിത്തുറ അമ്പലം കത്തിയ ഉത്സവം |
| | 31 | എൻ. എസ്. എസ് സ്ഥാപകദിനം |
| നവംബർ | 1 | കേരളപ്പിറവി, മണ്ണാറശാല ആയില്യം |
| | 4 | ഗുരുനാനാക് ജയന്തി |
| | 6 | ദീപാവലി |
| | 7 | തുലാവാവ് |
| | 13 | ഉപനിഷദ് വിചാരയജ്ഞം ആരംഭം |

# ശ്രീരാമൻ സുഗ്രീവനെ ഉപദേശിക്കുന്നത്

ഗീതാറാണി ബലരാമൻ ഫോൺ : 8129786589

ശ്രീരാമ പട്ടാഭിഷേകം കഴിഞ്ഞ് രാമൻ എല്ലാവർക്കും സമ്മാനങ്ങൾ നല്കിയതിനുശേഷം സുഗ്രീവനോട് പറഞ്ഞു. നീ സകല വാനരങ്ങൾക്കും ചക്രവർത്തിയും കിഷ്കിന്ധാധിപനുമായതിനാൽ സാധാരണയായി വാനരങ്ങൾക്ക് ഏർപ്പെട്ടിട്ടുള്ള ക്രീഢകളിൽ മതിമറന്നു ദുഷ്പ്രവൃത്തികൾ ചെയ്യരുത്. അതുപോലെ നീതിന്യായപ്രകാരം ചെങ്കോൽ ധരിച്ചു രാജ്യഭാരം ചെയ്യുമ്പോൾ നിന്റെ ധർമ്മ പത്നിയെ ഒഴിച്ച് സകലസ്ത്രീകളെയും മാതാവിനെപ്പോലെ തന്നെ കരുതണം. അല്ലാത്തപക്ഷം അത് നിമിത്തമുള്ള ശിക്ഷ മരണമാകുന്നു. സീതാദേവി നിമിത്തമാണ് മൂന്നരക്കോടി ആയുസ്സ് വരം വാങ്ങിയ രാവണൻ അരക്കോടി ആയുസ്സുമാത്രം തികഞ്ഞപ്പോൾ മരണമടഞ്ഞത്. പിന്നെ നിന്റെ ഭാര്യയായ രുമ നിമിത്തമാണ് മഹാബല പരാക്രമശാലിയായ ബാലി മരണമടഞ്ഞത്. ബാലി സ്വയമറിയാതെ മോഹബദ്ധനായതുമൂലം - പുത്രി, ഭഗിനി, സഹോദര ഭാര്യ, പുത്രകളത്രം, മാതാവ് എന്നിവർ തമ്മിൽ ഭേദമില്ലയെന്ന വേദവാക്യം മറന്ന് ചെയ്ത ഒരു വലിയ പാപമായിരുന്നു നിന്റെ ഭാര്യയെ പരിഗ്രഹിച്ചുവെന്നത് ..........

ബാല്യത്തിൽ എനിക്കു പറ്റിയ ഒരബദ്ധം നിന്നോടു പറയാം. ഞാൻ ലക്ഷ്മണനോടും, ഭരതശത്രുഘ്നന്മാരോടും ഒന്നിച്ചു ചേർന്ന് കളിക്കുക പതിവാണ്. അക്കാലത്താണ് മഹർഷീശ്വരനായ വിശ്വാമിത്രൻ ഞങ്ങളെ അസ്ത്രവിദ്യ, ആയുധവിദ്യ മുതലായ വിദ്യകൾ പഠിപ്പിച്ചു തുടങ്ങിയത്. ഒരു ദിവസം ഞാനും, ലക്ഷ്മണനുമൊന്നിച്ച് അസ്ത്രാഭ്യാസസൂക്ഷ്മം പരിശോധിച്ചു നടക്കുകയായിരുന്നു.

അയോദ്ധ്യയിലെ കൊട്ടാരത്തിൽ കൈകേയി മാതാവിനു ഏറ്റവും പ്രിയങ്കരിയായി മന്ഥരയെന്നൊരു ദാസിയുണ്ട്. കേകയത്തു നിന്നു വന്ന ആ ധാത്രിയുടെ മുതുകിൽ ഒരു കൂനുമുണ്ട്. ദാസി ദിവസേന വെളിയിൽ നിന്നും കൂനി കൂനി കൊട്ടാരത്തിനകത്തു പ്രവേശിക്കുമ്പോൾ ഒരു കുസൃതിക്ക് ഞാൻ ലക്ഷ്മണനോട് എന്റെ അസ്ത്രവിദ്യയുടെ സൂക്ഷ്മം നോക്കുകയെന്നു പറഞ്ഞിട്ട് ഭൂമിയിൽ നിന്നും ഒരു മഞ്ചാടിക്കുരുവിനു സമാനം കളിമണ്ണ് എടുത്തുരുട്ടി ഒരു ഈർക്കിലിൽ വളച്ചു പിടിച്ചു ഏറ്റവും ദൂരത്തുകൂടി നടന്നുപോകുന്ന മന്ഥരയുടെ കൂനിന്റെ മുനയെ ലക്ഷ്യമാക്കി അയയ്ക്കുമായിരുന്നു. ആ കളിമണ്ണ് ഉണ്ടയാകട്ടെ ദാസിയുടെ കൂനിൽ തന്നെ കൃത്യമായി കൊള്ളുകയും ചെയ്യും. ഉടനെ തന്നെ മുതുകിൽ തട്ടിയ ചെറിയ കളിമണ്ണ് ഉണ്ടയെടുത്ത് മന്ഥര, വസ്ത്രത്തിന്റെ തുമ്പത്ത് കെട്ടി. ഭദ്രമായി സൂക്ഷിക്കുന്നത് കാണാം. ഇങ്ങനെ പലപ്പോഴായി പതിനാല് ഉണ്ടകളെ ഞാനയച്ചിട്ടുണ്ട്. ഒടുവിൽ, കൈകേയി മാതാവ് മന്ഥരയോട് ശ്രീരാമനെ എത്ര വർഷമാണ് വനവാസത്തിനയയ്ക്കേണ്ടതെന്ന് ചോദിച്ചപ്പോൾ മന്ഥര തന്റെ വസ്ത്രാഗ്രമഴിച്ച് കളിമണ്ണ് ഉണ്ടകളെ എണ്ണിനോക്കുകയും ആകെ പതിനാല് ഉണ്ടകൾ കണ്ടതിനാൽ ഈരേഴു പതിനാല് വർഷം വനത്തിൽ പോയി വരാൻ പറയണമെന്നു ധരിപ്പിക്കുകയും ചെയ്ത കാരാണത്താലാണ് എനിക്ക് ദണ്ഡകാരണ്യവാസം അനുഭവിക്കാനിടയായത്. അതിനാലാണ് ഈ ലോകത്തിൽ ഭാര്യയെ ഒഴിച്ച് മറ്റ് സ്ത്രീകളെയെല്ലാം മാതാവിനെപ്പോലെ കരുതിക്കൊള്ളണമെന്ന് പറഞ്ഞത്.

നിന്റെ വംശജന്മാർക്ക് അവർ പിടിക്കുന്നതെല്ലാം ഇരുമ്പും കടിക്കുന്നതെല്ലാം കരിമ്പും, കുടിക്കുന്നതെല്ലാം അമൃതുമായി ഭവിക്കും. അംഗദകുമാരനെ നിന്റെ ഇളയരാജാവായിട്ട് വാഴിച്ച് സംരക്ഷിക്കണം. അവനെ വല്ലതും ഉപദ്രവിക്കുന്നതായാൽ അത് എന്നെ ഉപദ്രവിക്കുന്നതിന് തുല്യമാണെന്നത് മറക്കരുത്. സുഖമായി പോയി വരികയെന്ന് കരുണാമൃതരസം തുളുമ്പി ഉപദേശിച്ചു.

സകല സുഖദു:ഖങ്ങളുടേയും പ്രധാന കാരണം പൂർവ്വജന്മകർമ്മ ഫലങ്ങളാണെന്ന് കാണാം. ബാലിയെ ശ്രീരാമൻ ഒളിയമ്പെയ്തു കൊന്നതിന്റെ ഫലം അടുത്ത ജന്മമായ കൃഷ്ണാവതാരത്തിൽ ബാലി ശംബരനെന്ന കാട്ടാളനായി വന്ന് ഭഗവാനെ അമ്പയച്ച് സ്വർഗ്ഗാരോഹണം നടത്തി. ഈശ്വരന്മാരെപ്പോലും കർമ്മഫലം വിടാത്ത സ്ഥിതിക്ക് കേവലം മനുഷ്യരുടെ കർമ്മഫലം പാപമായാലും പുണ്യമായാലും അവരുടെ നിഴലെന്നപോലെ വിട്ടുപിരിയാതെയിരിക്കും. തീ വാരി കൈയ്യിൽ വച്ചുകൊണ്ട് 'അയ്യോ ! കൈ പൊള്ളുന്നേ 'യെന്ന് വിലപിച്ചിട്ട് എന്ത് കാര്യം? പകരം തീ വാരാൻ പോകാതിരിക്കുകയാണ് ഉചിതം. അവരവരുടെ കർമ്മ ഫലം അവരവർ അനുഭവിക്കുമ്പോൾ അന്യരെ കുറ്റം ചുമത്തുന്നത് ഒട്ടും ശരിയല്ല.

സംസാരസാഗരം കടന്ന് മോക്ഷം ലഭിക്കണമെങ്കിൽ ഭക്തി അത്യാവശ്യമാണ്. ഭക്തിയെപ്പറ്റി ശ്രീരാമൻ തന്നെ രാമായണത്തിൽ ഇപ്രകാരമരുളി ചെയ്യുന്നുണ്ട്. 'ഭക്തിഹീനന്മാർക്കു നൂറായിരം ജന്മംകൊണ്ടും സിദ്ധിക്കയില്ലാ മമ തത്ത്വവും കൈവല്യവും ; ഭക്തി സംഭവിക്കിലോ മുക്തിയും നിശ്ചയം'.





## 1-ാം ചരമവാർഷികം

09.10.2018



എ. ലതിക
'അരവള്ളീൽ'
വാരിയം റോഡ്, എറണാകുളം-682016

## 7-ാം ചരമവാർഷികം

04.10.2018



പാരിജാതം ജി. മേനോൻ
മേലങ്ങത്ത്
രവിപുരം, കൊച്ചി - 682016



## 7-ാം ചരമവാർഷികം

11 .10 .2018

ചെറുപറമ്പത്ത് മാലതിയമ്മ
കടവന്ത്ര

# പറയാൻ ബാക്കിവെച്ചത്....

പത്മജ മേനോൻ ഫോൺ : 8289887472

മുത്തുലക്ഷ്മി.... മുത്തുലക്ഷ്മി..... പുള്ളേ....... എരിന്തിരി അമ്മാ............ കോവിലില് വെങ്കിടേശന്റെ പ്രഭാതം കേക്കതില്ലയാ......... പാതി മയക്കത്തിൽ നിന്നുണർന്ന മുത്തുലക്ഷ്മി കണ്ണ് തുറന്ന് ചുറ്റും നോക്കി. ഇല്ല – ആരും ഇല്ല.....തനിക്ക് ഭ്രമം ഉണ്ടായതാണ്. പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല. സമയം അഞ്ചുമണി സാധാരണ ഈ നേരത്ത് താൻ എഴുന്നേൽക്കുക പതിവാണ്. പാട്ടിയുടെ മുത്തുലക്ഷ്മി എന്ന വിളികേട്ടുകൊണ്ട്..... പതിയെ ചാരുപടിയിൽ പോയിരുന്നു. കല്പാത്തി അഗ്രഹാരം ഉണരുവാൻ തുടങ്ങി കഴിഞ്ഞു. കോടമഞ്ഞിൽ കുളിച്ചു നില്ക്കുകയാണ് ഗ്രാമം. നിഴൽപോലെ പത്രക്കാരനും , പാൽക്കാരനും, പൂക്കാരനും എല്ലാം സൈക്കിളിൽ പോകുന്നുണ്ട്. പാലക്കാട് ചുരം കടന്നു വരുന്ന കിഴക്കൻ കാറ്റിൽ രോമകൂപങ്ങൾ എഴുന്നേറ്റ് നിന്നു. അടുത്ത മഠത്തിലെ തൈലാംബാൾമാമി കോലം ഇടുന്നു. തനിക്ക് ഒന്നിനും ഉത്സാഹം തോന്നിയില്ല. അവൾ ചുറ്റും കണ്ണോടിച്ചു. തന്റെ പ്രിയപ്പെട്ട മഠം (വീട്) ഇത് തനിക്ക് അന്യമാകുവാൻ പോകുകയാണ്. തടിയിൽ കൊത്തിയ ശില്പ ചാരുത നിറഞ്ഞ മുകൾ തട്ടും തൂണുകളും അവൾ പതിയെ എഴുന്നേറ്റ് തൂണിനെ കെട്ടിപ്പിടിച്ചു. എനിക്ക് ഇഷ്ടമില്ലാഞ്ഞിട്ടല്ല തന്റെ നിസ്സാഹായവസ്ഥ, അതാണ് തന്നെകൊണ്ട് ഇങ്ങനെയൊക്കെ ചെയ്യിപ്പിക്കുന്നത്. തന്റെ ജീവിത പ്രയാണത്തിലെ എല്ലാ വേളകളിലും നിശബ്ദ പ്രതികരണത്തോടെ സാക്ഷ്യം വഹിച്ച തന്റെ പ്രിയപ്പെട്ട മഠം. സന്തോഷങ്ങൾക്കു പിശുക്കു കാണിച്ച വിധി സങ്കടങ്ങൾ നിർല്ലോഭം തരുവാൻ മടി കാണിച്ചില്ല. വിഷാദ ചിന്തകൾ മനസ്സിൽ ചിറകടിക്കുവാൻ തുടങ്ങിയപ്പോൾ അവൾ അറിയാതെ ഉരുവിട്ടു 'ഹര ഹര മഹാദേവാ' എന്ന് മൗനത്തിന്റെ തേങ്ങലുകൾ അടക്കിപ്പിടിച്ചുകൊണ്ട് തന്റെ മഠം തന്നെ ഉറ്റു നോക്കുന്നതായി അവൾക്ക് തോന്നി.

കൈയ്യിൽ ഫിൽട്ടർ കോഫിയുമായി അവൾ വീണ്ടും ചാരുപടിയിൽ വന്നിരുന്നു. കുട്ടികൾ ബാഗും തൂക്കി സ്കൂളിലേക്ക് പോകുവാൻ തുടങ്ങിയിരിക്കുന്നു. ഓർമ്മകളുടെ അയവിറക്കൽ തന്നെ തേടിയെത്തി. ആമിമോൾ അവളിപ്പോൾ തന്റെ മറുപടിക്കായി കാത്തിരിക്കുകയായിരിക്കും. കാലത്തിന്റെ ഗതിവിഗതികൾ അവളിൽ പ്രകടമായ മാറ്റം വരുത്തിയിരിക്കുന്നു. ഒരിക്കൽ അമ്മ മാത്രമായിരുന്നു അവളുടെ ലോകം. അമ്മ അവൾക്ക് മാത്രം അവകാശപ്പെട്ടതായിരുന്നു. അമ്മയെക്കാൾ സ്ഥാനം മറ്റൊരാൾ കൈയ്യടക്കിയപ്പോൾ അമ്മയ്ക്ക് വഴിമാറികൊടുക്കാനേ കഴിയുമായിരുന്നുള്ളൂ. അതാണല്ലോ 'മായ' എന്ന സംസാരസാഗരം. കലപിലശബ്ദമുണ്ടാക്കി കുട്ടികൾ നടന്നു നീങ്ങുന്നു. താൻ മോളെയും കൊണ്ട് ഇതു പോലെ സ്കൂളിലേക്ക് പോകുമായിരുന്നു. പഠിക്കാൻ മിടുക്കിയായിരുന്നു അവൾ. അവളെ സ്കൂളിൽ വിട്ട് താൻ തന്റെ ജോലിസ്ഥലത്തേയ്ക്ക് പോകും. സ്കൂളിനെ പറ്റി ഓർത്താൽ എത്ര മറക്കാൻ ശ്രമിച്ചാലും മനസ്സിലേയ്ക്ക് ഓടി വരുന്നത് അലൻ സാറാണ്.

ഒരിക്കൽ യു.കെ.ജി യിൽ ആമി പഠിക്കുന്ന സമയത്ത് ഫോട്ടോ എടുക്കുന്നുണ്ടായിരുന്നു. രക്ഷിതാക്കളെയും കുട്ടികളെയും നിറുത്തി ഫോട്ടോ എടുക്കുമ്പോൾ ആമി ഉച്ചത്തിൽ ബഹളം വെച്ച് കരയുവാൻ തുടങ്ങി. എല്ലാ കുട്ടികളെയും അച്ഛനും അമ്മയും കൈയ്യിൽ പിടിച്ചിട്ടുണ്ട്. ആമിയുടെ കൈയ്യിൽ പിടിക്കാൻ അച്ഛൻ വേണമെന്ന് പറഞ്ഞു. എന്ത് പറയണമെന്ന് അറിയാതെ താനാകെ കുഴങ്ങി. കണ്ണുകൾ നിറഞ്ഞു മോൾക്ക് അമ്മ മാത്രമെയുള്ളൂ എന്ന് പറഞ്ഞെങ്കിലും അവൾ നിർത്താതെ കരയുവാൻ തുടങ്ങി. രക്ഷിതാക്കളിൽ ചിലർ അടക്കം പറഞ്ഞ് ചിരിച്ചു. ചിലർ സഹതാപത്തോടെ നോക്കി. ആ വൈകാരിക വേളയിൽ ശിലയായി നിൽക്കുവാനേ തനിക്ക് കഴിഞ്ഞുള്ളൂ. അപ്പോഴാണ് കുറ്റിത്താടിയും കട്ടിമീശയും ഉള്ള വെളുത്ത് ഉയർന്ന ഒരാൾ വന്ന് മോളുടെ കൈയ്യിൽ പിടിച്ച് ചോദിച്ചു 'ഞാൻ കൈയ്യിൽ പിടിച്ചാൽ മതിയോ' എന്ന്. അവൾ കരച്ചിൽ നിർത്തി. അയാളുടെ കൈയ്യിൽ പിടിച്ചു നിന്നു. അങ്ങനെ ആമി ഞങ്ങളുടെ കൈയ്യിൽ പിടിച്ചു നിന്നുകൊണ്ട് ഫോട്ടോ എടുത്തു. ഭാഗ്യത്തിന് ആരും കണ്ടില്ല. രക്ഷിതാക്കൾ എല്ലാം സ്ഥലം വിട്ടിരുന്നു. അയാൾ എന്നെ നോക്കി പറഞ്ഞു ഞാൻ അലൻ പ്ലസ് ടു വിലെ മലയാളം അദ്ധ്യാപകനാണ് . മോളുടെ വാശി കണ്ടപ്പോൾ ചെയ്തതാണ്. ക്ഷമിക്കണം എന്ന് പറഞ്ഞ് ആമിക്ക് ഒരു ഉമ്മയും നൽകി പോകുന്നത് താൻ ഇതികർത്തവ്യമൂഢയായി നോക്കി നിന്നു.

ഒരു ദിവസം സ്കൂളിലേക്ക് പോകുന്ന വഴി അലൻ സാറിനെ കണ്ടു. ആമി തന്റെ കൈയ്യിൽ





നിന്ന് കുതറി ഓടി 'അച്ഛാ' എന്നു വിളിച്ചുകൊണ്ട് സാറിന്റെ കൈയ്യിൽ കടന്നു പിടിച്ചു. സാറിന്റെ മുഖം വിവർണ്ണമായി. താൻ മിണ്ടരുത് എന്നു പറഞ്ഞ് അവളെ പിടിച്ചു. അവൾ ഒച്ച എടുക്കുവാൻ തുടങ്ങി. സാർ സാരമില്ല എന്നു പറഞ്ഞ് അച്ഛനല്ല അങ്കിൾ എന്ന് അവൾക്ക് പറഞ്ഞു കൊടുത്തു. അതെന്താ.....അച്ഛനാവാത്തേ എന്ന അവളുടെ നിഷ്കളങ്കമായ ചോദ്യത്തിന് സാർ പറഞ്ഞു മോൾ വലുതാകുമ്പോൾ അത് മനസ്സിലാവും എന്ന്. അവൾ പറഞ്ഞു മാളുന്റെയും, ശാരിയുടെയും അച്ഛൻ എന്തെല്ലാം സമ്മാനമാണ് വാങ്ങികൊടുക്കുന്നത്. അവരെ പാർക്കിലും കൊണ്ടു പോകും . അതിനെന്താ മോളെ ഇനി മുതൽ അങ്കിൾ പാർക്കിൽ കൊണ്ടു പോകും. സമ്മാനം വാങ്ങിച്ചു തരും.... ഒക്കെ ചെയ്യാം കേട്ടോ എന്ന് പറഞ്ഞപ്പോൾ അവൾ തന്റെ കൊച്ചരി പല്ലുകൾ കാട്ടി ചിരിച്ചു. മോളുടെ പേര് അങ്കിളിനോട് പറഞ്ഞില്ലല്ലോ എന്നു പറഞ്ഞപ്പോൾ അവൾ അഭിരാമി എന്നു പറഞ്ഞു എല്ലാവരും എന്നെ ആമി എന്നാണ് വിളിക്കുക. സാർ ഒരു കുറുപ്പിൽ തന്റെ നമ്പർ എഴുതി അവളെ ഏൽപ്പിച്ചു. ആമിക്ക് ഇഷ്ടമുള്ളപ്പോൾ എല്ലാം വിളിച്ചോളൂ എന്നു പറഞ്ഞു.

അന്നു മുതൽ അവൾ ഏറെ സന്തോഷത്തിലായിരുന്നു. ദിവസവും സാറിനെ വിളിക്കും. അന്ന് ഇന്നത്തെ പോലെ മൊബൈൽ ഫോൺ ഒന്നുമില്ലായിരുന്നു. ലാൻഡ് ഫോണിലായിരുന്നു അവളുടെ വിളികൾ. ആഴ്ചയിൽ ഒരു ദിവസമെങ്കിലും അവളെയുംകൊണ്ട് പുറത്തേയ്ക്ക് പോകും. ഒരിക്കൽ പനി വന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കിയപ്പോഴും അലൻസാർ തന്നെയായിരുന്നു സഹായത്തിന് ഉണ്ടായിരുന്നത്. കൂടുതൽ പരിചയപ്പെടാൻ അവസരം ഉണ്ടായി. സാറിന് ഒരമ്മയുണ്ടെന്നും. വീട് തൃശൂരിലെ പൂന്തോൾ എന്ന സ്ഥലത്ത് ആണെന്നും മനസ്സിലായി. തന്നെ ഏറെ അത്ഭുതപ്പെടുത്തിയത് സാർ ഞങ്ങളെ പറ്റിയൊന്നും ചോദിച്ചില്ലായെന്നുള്ളതാണ്. പറയണം എന്ന് പലവുരു വിചാരിച്ചെങ്കിലും അതിന് കഴിഞ്ഞില്ല. പിന്നെ പിന്നെ അലൻസാർ ഞങ്ങളുടെ ജീവിതത്തിൽ അപരിഹരണീയമായ ഒരാളായി തീർന്നു.

മുത്തുലക്ഷ്മിയെ ......... തൈലാംബാൾ മാമി നീട്ടി വിളിക്കുന്നു. അവൾ ചിന്തയിൽ നിന്നുണർന്നു. എന്നാ മാമി........എന്താച്ച്. ചമയം മുടിഞ്ചിതാ........ഇല്ലൈയ് മാമി ചമയം ആകലേ......ഒടമ്പ് നന്റായി പാത്തുക്കോ...... ഉനക്ക് ആരുമൈയില്ലേയ്......ഏഴകൾക്ക് കടവുൾ തുണൈയ്.......മാമി എന്നു താൻ വിളിച്ചു പറഞ്ഞു. ശരിതാനെ.......ശരിതാനെ എന്നു പറഞ്ഞുകൊണ്ട് മാമി തിരിച്ചു പോയി.

ഇന്ന് ഡിസംബർ 17 . വൈയക്തികമായ ഓർമ്മകൾ തന്നെ വേട്ടയാടുവാൻ തുടങ്ങി. ഒരു ഡിസംബർ പതിനേഴിന് ആയിരുന്നു, തന്റെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തികൊണ്ട്.... മരണം തന്റെ മുന്നിൽ മടിശ്ശീല അഴിച്ച് ഇട്ടത് . തന്റെ ഏട്ടൻ വെങ്കിടേഷ് . അണ്ണന്റെ കൂട്ടുകാരനായിരുന്നു നരേശ്. തന്നെ കണ്ട മാത്രയിൽ തന്നെ വിവാഹം കഴിക്കണം എന്നാഗ്രഹിച്ച നരേശ്, ജർമ്മനിയിലെ എഞ്ചിനീയർ ആയിരുന്നു. തന്റെ ഭാഗ്യത്തെ ഓർത്ത് ഗ്രാമം മുഴുവൻ പാടി പുകഴ്ത്തി. പെട്ടെന്നായിരുന്നു വിവാഹം. നരേശിന്റെ ഒപ്പം തന്നെ ജർമ്മനിക്ക് കൊണ്ടുപോകാനായി കാര്യങ്ങൾ നടത്തുന്ന വേളയിൽ ഏട്ടനും നരേശും കൂടെ വണ്ടിയിൽ പോകുമ്പോൾ ഒരു ആക്സിഡന്റ്. 27 ദിവസത്തെ ദാമ്പത്യബന്ധത്തിന് തിരശ്ശീല വീണു. തന്നെ വളർത്തി വലുതാക്കിയ അണ്ണൻ തനിക്ക് അപ്പാ മാതിരി. എല്ലാം നിമിഷാർദ്ധത്തിൽ അസ്തമിച്ചു. പിന്നീടാണ് മനസ്സിലായത് നരേശ് ഭൂമിയിൽ തന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തിട്ടാണ് തന്നോട് വിട പറഞ്ഞത് എന്ന് അമ്മ എന്ന പദം താൻ അലങ്കരിക്കുവാൻ പോകുന്നു. തനിക്ക് നരേശിനെ കാണാൻ തോന്നിയ നിമിഷം. എത്ര ശ്രമിച്ചിട്ടും നരേശിന്റെ മുഖം ഓർമ്മയിൽ തെളിഞ്ഞ് വരുന്നതെയില്ല. പ്രതീക്ഷിക്കാതെ ജീവിതത്തിലേക്ക് കൈ പിടിച്ച്, ഒരു പാട് പടവുകൾ കയറി, ഒടുവിൽ ഒരു ഗന്ധർവ്വനെ പോലെ മാഞ്ഞു പോയി.

അങ്ങനെ ആ ദിവസവും വന്നെത്തി. താൻ ഒരു പെൺകുഞ്ഞിന് ജന്മം നൽകി. അവളുടെ കളിയിലും ചിരിയിലും ഞങ്ങളുടെ ദു:ഖങ്ങൾ എല്ലാം ഒഴുകി പോയി. ആമിക്ക് മൂന്ന് വയസ്സുള്ളപ്പോളാണ് പാട്ടി ശിവലോകം പ്രാപിച്ചത്. പിന്നെ ജീവിതത്തേരിന്റെ തേരാളിയായി താൻ മാറി. പല ദുർഘട വഴികളിലൂടെയും സഞ്ചരിച്ച തേര് അലൻസാറിന്റെ അടുത്തെത്തിയപ്പോഴാണ് അല്പം ആശ്വാസം കിട്ടിയത്. ജീവിതത്തിന്റെ വിരസതയിൽ വർണ്ണങ്ങൾ വാരിവിതറിക്കൊണ്ട് കലുഷമായ മനസ്സിൽ തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിപ്പിച്ചുകൊണ്ട് അലൻസാർ ഞങ്ങളിൽ ഒരാളായി മാറി.

വർഷങ്ങൾ പോയതറിഞ്ഞില്ല.........വീണ്ടും കൊടുങ്കാറ്റ് ആഞ്ഞു വീശി. കൽവിളക്കിലെ തിരിനാളം അണഞ്ഞു പോയി. ആമി ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ഒരു ദിവസം സ്കൂൾ വിട്ട് വന്നത് വളരെ വിഷമത്തോടെയായിരുന്നു. അവൾ പറഞ്ഞു. ഇന്ന് ക്ലാസ്സിൽ കുട്ടികൾ എന്നെ ഏറെ കളിയാക്കി . അമ്മാ......നമ്മൾക്ക് നമ്മൾ മാത്രം മതി. അലൻ സാറുമായി ഒരു ബന്ധവും വേണ്ട. സാറ് എന്റെ

അച്ഛനൊന്നുമല്ലല്ലോ.... അതിന് ഇപ്പോൾ എന്ത് ഉണ്ടായി. അലൻസാർ സഭ്യത വിട്ട് ഒന്നും നമ്മളോട് പെരുമാറിയിട്ടില്ലല്ലോ. വേണ്ട എനിക്ക് ഇഷ്ടമല്ല എന്ന് പറഞ്ഞ് അവൾ ആക്രോശിച്ചു. നമ്മളുടെ ആപൽഘട്ടങ്ങളിൽ നമ്മളെ സഹായിക്കാൻ എത്തിയ ദൈവത്തിന്റെ പ്രതിരൂപമാണയാൾ.... നീ എത്ര ലാഘവത്തോടെയാണ് എല്ലാം മറന്നത്...അതെയതെ അമ്മയ്ക്ക് ഇപ്പോൾ എന്നെക്കാൾ ഇഷ്ടം സാറിനെയാണ് എന്ന് പറഞ്ഞ് അവൾ ദേഷ്യപ്പെട്ട് റൂമിൽ പോയി വാതിലടച്ചു. തന്റെ ഹൃദയത്തെ കുത്തി മുറിവേൽപ്പിച്ച ആ സംഭവം, താനാകെ പതറിപ്പോയി. രാത്രി മോളെയും കെട്ടിപ്പിടിച്ച് അവളുടെ തലയിൽ തലോടിക്കൊണ്ടു താൻ പറഞ്ഞു. മോൾക്ക് ഇഷ്ടമില്ലാത്തതൊന്നും അമ്മയ്ക്ക് വേണ്ട. മോൾക്ക് വേണ്ടിയിട്ടല്ലേ അമ്മ ജീവിക്കുന്നേ....ആമിക്ക് ഒരിക്കലും അമ്മ നഷ്ടപ്പെടില്ല. ആമിയും, അമ്മയും മാത്രം.... മറ്റാരും നമ്മുടെ ജീവിതത്തിൽ വേണ്ട, സുഖമായി ഉറങ്ങിക്കോളൂ....എന്നു പറഞ്ഞ് അവൾക്ക് ഒരു ഉമ്മ നൽകി. ഹൃദയമുരുകി വരുന്ന ലാവയെ തടഞ്ഞു നിർത്താൻ കഴിയാതെ വിങ്ങലോടെ താൻ നിശബ്ദം തേങ്ങി കരഞ്ഞു. ...ദൈവമേ ....തന്റെ മനസ്സ് കൈവിട്ട് പോയിരുന്നോ....?

(തുടരും )

(കവിത)

# കണ്ണാ വാ വാ....

പറവൂർ രാജഗോപാൽ ഫോൺ : 9847291483

വാ വാ വാ കണ്ണാ
നീ വേഗം വായോ
നിന്നെ വാരിയെടുത്തു
ഞാനോമനിക്കാം.
ഉണ്ണിക്കൈ രണ്ടിലും
വെണ്ണ തരാം , ഉരുള -
യുരുട്ടി ചോറു തരാം.
പാലു തരാം, ഞാൻ
പഴങ്ങൾ നൽകാം
പഞ്ചാരപായസം
വേറെ തരാം.

പൊന്മണി കണ്ണാ
വായോ വായോ
വന്നെന്നെ തൊട്ടി -
രുന്നുമ്മ തായോ.
പാട്ടു പാടി തരാം,
പട്ടുടുപ്പിച്ചീടാം,
പത്മദളങ്ങളാൽ
പൂജചെയ്യാം; നിന്നെ
പത്മനാഭായെന്നു
വാഴ്ത്തി ചൊല്ലാം.

ഓടി വാ കണ്ണാ
ചാഞ്ചാടി വാ നീ
നിൻ ഓമൽപ്പൂമേനി
ഞാൻ കണ്ടീടട്ടേ !
കദളിപ്പഴം തരാം
പഞ്ചാമൃതം തരാം
നന്ദനാ ഒന്നു നീ
വന്നീടുമോ......?
ഒറ്റയ്ക്കിരിക്കുമ്പോൾ
തൊട്ടുതൊട്ടെന്നെ നീ
ഇഷ്ടത്തിൽ മെല്ലെ -
യുണർത്താറില്ലേ ?
പാതിമയക്കത്തിൽ
എന്നൊപ്പം ചേർന്നു നീ
ചേലുകൾ കാട്ടുന്നു,
മായകളും.

ഇന്നെന്നെ കാണാ -
തൊളിപ്പതെന്തേ കൃഷ്ണ -
ഇന്നെന്റെ ചാര-
ത്തണയാഞ്ഞെന്തേ ?
ഞാൻ കാണും മായകൾ ,
മായിക ഭാവങ്ങൾ,
ഒക്കെയും നീ കാട്ടും
ലീല മാത്രം !

ഓടിവന്നെന്നെ -
യുണർത്തൂ കൃഷ്ണാ
ഓമൽ പ്രതീക്ഷപോൽ
വന്നു ചേരൂ.
ഓടിത്തളർന്നിവൻ
ഒട്ടൊന്നിരിക്കവെ,
ഓമൽ വിരൽത്തുമ്പാ -
ലൊന്നുണർത്തൂ !





# പഞ്ചാംഗ വിചാരം

ഡോ. കെ. ഹരിഹരൻ ഫോൺ : 9847313322

'യഥാഖിലേന്ദ്രീയജന്തോ:പഞ്ചേന്ദ്രീയ
മുദീര്യതേ
തഥാ കാലസ്യ സർവ്വാംഗം പഞ്ചാംഗമിതി കഥ്യതേ'

സാരം : ലോകത്താകമാനമുള്ള ജന്തുക്കൾ പഞ്ചേന്ദ്രിയങ്ങളിൽകൂടി എങ്ങനെ വിഷയ ങ്ങളെ ഗ്രഹിക്കുന്നുവോ അപ്രകാരം മനുഷ്യർ കാലപുരുഷന്റെ സർവ്വാംഗത്തേയും ഗുണദോ ഷങ്ങളേയും പഞ്ചാംഗത്തിൽ കൂടി അറിയുന്നു.

കാലം : കാലത്തിനെ വർഷം, അയനം, ഋതു, മാസം, ദിവസം എന്നിങ്ങനെ അഞ്ചായി വിഭജിച്ചിട്ടുണ്ട്. ഒരു വർഷത്തെ ഉത്തരായനം, ദക്ഷിണായനം എന്ന രണ്ട് അയനങ്ങളായി വിഭജിച്ചിരിക്കുന്നു. മകരമാസാരംഭം മുതൽ മിഥുനമാസാവസാനം വരെയുള്ള കാലം ഉത്തരായനം കർക്കിടകമാസാരംഭം മുതൽ ധനുമാസാവസാനം വരെയുള്ള നാളുകൾ ദക്ഷിണായനം. ഒരു വർഷത്തിന് ആറ് ഋതുക്കളുണ്ട്. അവ വസന്തം, ഗ്രീഷ്മം. വർഷം, ശരത്ത്, ഹേമന്തം, ശിശിരം എന്നറിയപ്പെടുന്നു. ഒരു വർഷത്തെ അഞ്ചു വിധത്തിൽ വിവരിക്കുന്നു.

1. സൗരം 2. ബാർഹസ്പത്യം 3. സാവനം, 4. ചാന്ദ്രം 5. നാക്ഷത്രം

സൂര്യന് രാശിചക്രത്തിൽ ഓരോ ഭാഗ (ഡിഗ്രി) കടക്കാനുള്ള കാലമാണ് സൗരദിനം. സൂര്യൻ ഒരു രാശിയിൽ നിന്ന് അടുത്ത രാശിയിലേക്ക് കടക്കുന്നതിന് സൂര്യസംക്രമം എന്നു പറയുന്നു. ഒരു സൂര്യസംക്രമം മുതൽ അടുത്ത സൂര്യസംക്രമം വരെയുള്ള കാലം ഒരു മാസം. സൂര്യന് രാശിചക്രത്തിൽ ഒരു പ്രദക്ഷിണം പൂർത്തീകരിക്കുന്നതിന് (3600 സഞ്ചരിക്കുന്നതിന്) 365 ദിവസം 6 മണിക്കൂർ 9 മിനിട്ട് സമയം വേണ്ടി വരുന്നു. ഈ കാലയളവിനെയാണ് ഒരു സൗരവർഷം എന്നു പറയുന്നത്.

വ്യാഴം ഒരു രാശിയിൽ നിന്നും മറ്റൊരു രാശിയിൽ പ്രവേശിക്കുന്നതിനുള്ള കാലം ഒരു ബാർഹസ്പത്യ വർഷം . ഒരു ബാർഹസ്പത്യ വർഷത്തിന് 361 ദിവസം ഉണ്ട്. വ്യാഴം 12 വർഷം കൊണ്ട് രാശിചക്രം ഒരു പ്രാവശ്യം ചുറ്റുന്നു. ഈ കാലയളവിനെയാണ് നാം ഒരു വ്യാഴവട്ടമെന്നു പറയുന്നത്.

ഒരു ദിവസത്തെ സൂര്യോദയം മുതൽ അടുത്ത ദിവസത്തെ സൂര്യോദയം വരെയുള്ള സമയം ഒരു സാവനദിനം! 30 സാവനദിനം കൂടിയത് ഒരു സാവനമാസം. 360 സാവന ദിവസം കൂടുന്നത് ഒരു സാവന വർഷം.

ഒരു കറുത്ത വാവിന്റെ അന്ത്യം മുതൽ അടുത്ത കറുത്ത വാവിന്റെ അന്ത്യം വരെയുള്ള കാലം ഒരു ചാന്ദ്രമാസം. ഈ കാലയളവിനെ വെളുത്ത പക്ഷം കറുത്ത പക്ഷം എന്ന രണ്ടു പക്ഷമായും ഓരോ പക്ഷത്തിലും 15 തിഥികൾ വീതമായും വിഭജിച്ചിരിക്കുന്നു. ഒരു ചാന്ദ്രമാസ ത്തിന്റെ ദൈർഘ്യം 29 ദിവസം 12 മണിക്കൂർ 44 മിനിറ്റും ആകുന്നു. 12 ചാന്ദ്രമാസങ്ങളുള്ള ഒരു ചാന്ദ്രവർഷത്തിന് 354 ദിവസം 7 മണിക്കൂർ 12 മിനിറ്റ് ആണ്.

സൗരവർഷത്തിന് ചാന്ദ്രവർഷത്തേക്കാൾ 11 ദിവസം കൂടുതലാണ്. അതുകൊണ്ട് 2 വർഷം 8 മാസം കൂടുമ്പോൾ ഒരു ചാന്ദ്രമാസം അധികമായി സംഭവിക്കും. ഇതിനെയാണ് നാം അധിമാസം എന്നു പറയുന്നത്. ആ വർഷം നമ്മൾക്ക് 13 പൂർണ ചന്ദ്രനെ കാണാം.

ചന്ദ്രന് ഒരു രാശിയിൽ നക്ഷത്ര ദൈർഘ്യമായ 13 ഭാഗ 20 കല സഞ്ചരിക്കാനുള്ള സമയം ഒരു നാക്ഷത്രദിവസം ചന്ദ്രൻ 27 ദിവസം 7 മണിക്കൂർ 12 മിനിറ്റ് സമയം കൊണ്ട് ഭൂമിയെ ഒരു പ്രദക്ഷിണം വെയ്ക്കുന്നു. ഇതാണ് ഒരു നാക്ഷത്രമാസം. ഇപ്രകാരം 12 പ്രാവശ്യം ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നതിന് എടുക്കുന്ന കാലം ഒരു നാക്ഷത്ര വർഷം. ഒരു നാക്ഷത്ര വർഷം 327 ദിവസം 14 മണിക്കൂർ 24 മിനിറ്റാണ്.

ഭാരതീയ ജ്യോതിഷ പ്രകാരം 60 വർഷങ്ങളാണ് ആകെ ഉള്ളത്. ഇവയ്ക്ക് പ്രഭവ, വിഭവ, ശുക്ല, പ്രമോദ, പ്രജാപതി, അംഗിരാ, ശ്രീമുഖ, ഭവ, യുവ, ധാതു, ഈശ്വര, ബഹുധാന്യ, പ്രമാഥീ, വിക്രമ, വൃഷ, ചിത്രഭാനു, സുഭാനു താരണ, പാർത്ഥിവ, വ്യയ, സർവ്വജിത്ത്, സർവ്വധാരി, വിരോധീ, വികൃതി, ഖര, നന്ദന, വിജയ, ജയ, മന്മഥ, ദുർമ്മുഖ, ഹേ വിളംബീ, വിളംബീ വികാരി, ശാർവ്വരി, പ്ലവ, ശുഭകൃത്, ക്രോധി, വിശ്വാവസു, പരാഭവ, പ്ലവംഗ, കീലക, സൗമ്യ, സാധാരണ, വീരോധികൃത്, പരിധാവി, പ്രമോദീ, ആനന്ദ, രാക്ഷസ, തള, പിംഗള, കാലയുക്തി, സിദ്ധാർത്ഥ, രൗദ്ര, ദുർമ്മതി, ദുന്ദുഭി, രുധിരോൽഗാരി, രക്താക്ഷി, ക്രോധ, ക്ഷയ എന്നിങ്ങനെ പേരുകൾ നൽകിയിരി ക്കുന്നു. അറുപതു വർഷങ്ങൾ കഴിഞ്ഞാൽ പിന്നേയും ആദ്യം മുതൽ വർഷങ്ങൾ ആവർത്തി ച്ചുകൊണ്ടിരിക്കും.

ക്രിസ്താബ്ദവും ഹിജ്റാ വർഷവും കൂടാതെ

മറ്റു ചില വർഷങ്ങൾ കൂടിയുണ്ട്. ശകവർഷം, പാൺഡവാബ്ദം, കലിവർഷം, വിക്രമാദിത്യവർഷം, ശാലിവാഹന സംവത്സരം, കൃഷ്ണദേവരായവർഷം, ഭോജരാജവർഷം, പ്രതാപരുദ്രീയവർഷം, കൊല്ലവർഷം എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്. ഭാരത സർക്കാരിന്റെ ഔദ്യോഗിക വർഷം ശകാബ്ദ മാണ്. നടപ്പ് കൊല്ലവർഷം 1193 ആണ്. അതി നോടുകൂടി 747 കൂട്ടിയാൽ ഇപ്പോഴത്തെ ശകവർഷം കിട്ടും-1940. വർത്തമാന ശകവർഷ ത്തോടുകൂടി 11 കൂട്ടിയിട്ട് അതിനെ 60 കൊണ്ട് ഹരിച്ച് ഹരണഫലം കളയണം. ശേഷം കിട്ടുന്ന സംഖ്യയോട് ഒന്നുകൂടി കൂട്ടിയാൽ അപ്പോൾ നടക്കുന്ന പ്രഭവാദിസംവത്സരത്തിന്റെ പേരു കിട്ടും. വർത്തമാന ശകവർഷം 1940 അതിനോട് 11 കൂട്ടിയാൽ 1951. അതിനെ 60 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 31 കിട്ടും. 31 നോട് ഒന്നു കൂട്ടിയാൽ 32. മുപ്പത്തിരണ്ടാമത്തെ പ്രഭവാതി സംവത്സരം 'വിളംബി'എന്നപേരിലറിയപ്പെടുന്നു. 2018 മാർച്ച് മുതൽ വിളംബീ വർഷം.ക്രിസ്താബ്ദത്തിൽ നിന്നും 825 കുറച്ചാൽ ഇപ്പോഴത്തെ കൊല്ലവർഷം കിട്ടും. നടപ്പു കൊല്ലവർഷം 1193 ആണ്.

യുഗങ്ങൾ നാലാണ്. കൃതം, , ത്രേതം, ദ്വാപരം, കലി എന്നാണ് അവയുടെ പേരുകൾ. ബി.സി. 3102 മുതൽ കലിയുഗമാണ്. ആകെ 4,32,000 മനുഷ്യ വർഷങ്ങളാണ് കലിയുഗത്തി നുള്ളത്. എ.ഡി. 2018 എന്നത് കലിയുഗ വർഷം 5120 ആണ്.

## പഞ്ചാംഗം, പഞ്ചാംഗഫലം

പണ്ടുകാലത്തെ അമ്മൂമ്മമാരുടേയും അപ്പൂപ്പന്മാരുടേയും അടുത്ത് എപ്പോഴും ഒരു പഞ്ചാംഗ മുണ്ടാകും. കാലം മാറിയപ്പോൾ പലർക്കും പഞ്ചാംഗമെന്താണെന്ന് അറിഞ്ഞു കൂടാ എന്നതാണ് പരമാർത്ഥം. പൊതുവെ ജ്യോത്സ്യ ന്മാരുടെ പ്രധാന കൈകണക്കു പുസ്തകമാണ് ഈ പഞ്ചാംഗം. ഓരോ വർഷവും ഓരോ ഗ്രഹങ്ങളും നക്ഷത്രങ്ങളും എവിടെയെല്ലാം വരുമെന്നും നില്ക്കുന്നു എന്നും മുൻകൂട്ടി സൂക്ഷ്മമായി എഴുതി തിട്ടപ്പെടുത്തിയിട്ടുള്ള അഞ്ചു അംഗങ്ങൾ ചേർന്നതാണ് പഞ്ചാംഗം. ആഴ്ച, നക്ഷത്രം, തിഥി, കരണം, നിത്യയോഗം ഇവ അഞ്ചും ചേർന്നതിനെ യാണ് പഞ്ചാംഗം എന്നു പറയുന്നത്. പഞ്ചാംഗ ങ്ങളിൽ ഏറ്റവും ബലം കുറഞ്ഞത് തിഥിയും, തിഥിയേക്കാൾ ഇരട്ടിബലം കരണത്തിനുമാണ്. കരണത്തിന്റെ ഇരട്ടിബലം നിത്യയോഗത്തിനും അതിന്റെ ഇരട്ടിബലം നക്ഷത്രത്തിനു മാണുള്ളത്. നക്ഷത്രത്തേക്കാൾ ഇരട്ടി ബലമാണ് വാരത്തിനുള്ളത്. ഓരോ ഗ്രഹങ്ങ ളുടേയും ഉഭയാസ്തമയങ്ങളും ദിക്ക് ഗ്രഹപകർച്ചകളും പഞ്ചാംഗ ത്തിൽ വിശദമായി കൊടുത്തിട്ടുണ്ടാകും. സാധാരണ മലയാള വർഷത്തെ (കൊല്ലവർഷം) അടിസ്ഥാനമാക്കി യാണ് പഞ്ചാംഗം നിർമ്മിച്ചി ട്ടുള്ളത്.

## വാരം (ആഴ്ച)

ലോകത്തിന്റെ പല ഭാഗങ്ങളിൽ പല കാലങ്ങളായി ആഴ്ചകൾക്ക് വ്യത്യസ്ത ദിവസങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഭാരതത്തിൽ ആദികാലം മുതൽ ആഴ്ചയിൽ ഏഴു ദിവസം എന്നു തന്നെ കണക്കാക്കി വന്നു. സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നീ സപ്തഗ്രഹ ങ്ങളുടെ നാമങ്ങളാണ് വാരത്തിന് നൽകിയിരി ക്കുന്നത്. ഈ ഗ്രഹങ്ങൾക്ക് ആധിപത്യമുള്ള ദിവസങ്ങൾ കൂടിയതാണ് അതത് ദിനങ്ങൾ. നവഗ്രഹങ്ങളിൽ രാഹുവിനും കേതുവിനും ആധിപത്യമുള്ള ആഴ്ചകൾ ഇല്ലെങ്കിലും ആചാര്യന്മാരുടെ അഭിപ്രായത്തിൽ രാഹു വിന് ആധിപത്യമുള്ള ദിവസം ശനിയും കേതുവിന് ചൊവ്വയുമാണ്. ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി എന്നിങ്ങനെയാണ് ഏഴു വാരങ്ങൾ. ഓരോ ദിവസത്തിനും ഓരോ ദേവതയേയും കല്പിക്കപ്പെട്ടിട്ടുണ്ട്. ഞായറാഴ്ചയ്ക്ക് ശിവൻ, തിങ്കളാഴ്ചയ്ക്ക് ദുർഗ്ഗ, ചൊവ്വാഴ്ചയ്ക്ക് സുബ്രഹ്മണ്യൻ, ബുധനാഴ്ചയ്ക്ക് മഹാ വിഷ്ണു, വ്യാഴാഴ്ചയ്ക്ക് ബ്രഹ്മാവ്, വെള്ളിയാ ഴ്ചയ്ക്ക് ലക്ഷ്മി, ശനിയാഴ്ചയ്ക്ക് കുബേരൻ എന്നിങ്ങനെയാണ് വിധിക്കപ്പെട്ടിട്ടുള്ളത്. ഓരോ ദിവസങ്ങളിൽ ജനിച്ചവർ അതത് ദിവസത്തെ ദേവന്മാരെ ഉപാസിച്ചു കൊള്ളണം.

ഞായറാഴ്ച ദിവസം വിവാഹം, യാത്ര, മന്ത്ര കർമ്മങ്ങൾ, ഔഷധസേവ, യുദ്ധാരംഭം, അഗ്നിസംബന്ധിച്ച കർമ്മങ്ങൾ, സ്വർണ്ണത്തിന്റെ ക്രയവിക്രയം എന്നിവയ്ക്ക് ഉത്തമമാണ്. ശംഖ്, മുത്ത് ഇവയുടെ ക്രയവിക്രയങ്ങൾ, അലങ്കാര വസ്തുക്കൾ കൊടുക്കൽ/ വാങ്ങൽ, യജ്ഞാരംഭം, കൃഷിപണി, ഭരണ കാര്യങ്ങൾ, ജലസേചനം എന്നീ കർമ്മങ്ങൾക്ക് തിങ്കളാഴ്ച ഉത്തമം. പവിഴം, സ്വർണ്ണം എന്നിവയുടെ ക്രയവിക്രയങ്ങൾ, വ്യവഹാരം, വിഷായുധാഗ്നി സംബന്ധിയായ കർമ്മങ്ങൾ, ചതുരുപായങ്ങളിൽ ഭേദദണ്ഡങ്ങൾ പ്രയോഗിക്കൽ എന്നിവയ്ക്ക് ചൊവ്വാഴ്ച ശ്രേഷ്ഠം. കലാപ്രകടനം, കച്ചവടം, സന്ധി സംഭാഷണങ്ങൾ, വേദപഠനം, വേദവ്യാഖ്യാനം, പഠനകർമ്മങ്ങൾ എന്നിവയ്ക്ക് ബുധൻ തിരഞ്ഞെടുക്കാം. യജ്ഞകർമ്മങ്ങൾ, ധാർമ്മിക കാര്യങ്ങൾ, വിദ്യാഭ്യാസം, വിവാഹാദി മംഗളകർമ്മങ്ങൾ, യാത്ര, ഔഷധസേവ എന്നിവയ്ക്ക് വ്യാഴാഴ്ച ശ്രേഷ്ഠമാണ്. സുകുമാര കലകളുടെ പഠനം, പ്രകടനം, സ്ത്രീവിഷയം, കിടപ്പ്, കട്ടിൽ വസ്ത്രം, അലങ്കാരം, ഉത്സവം, ഭൂമി കാര്യങ്ങൾ, കച്ചവടം, കൃഷി , ധനവിഷയങ്ങൾ മുതലായവയ്ക്ക് വെള്ളിയാഴ്ച ഉത്തമമാണ്. ഗൃഹപ്രവേശ കർമ്മങ്ങൾ, ദീക്ഷവരിക്കൽ, ആയുധം മുതലായവയെ സംബന്ധി ക്കുന്ന കാര്യങ്ങൾക്ക് ശനിയാഴ്ച ശ്രേഷ്ഠമാണ്. തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി എന്നീ ആഴ്ചകളെ ശുഭവാരങ്ങൾ എന്നും പാപഗ്രഹങ്ങളുടെ പേരിലുള്ള ഞായർ, ചൊവ്വ, ശനി എന്നീ ആഴ്ചകളെ പാപവാരങ്ങൾ എന്നും പറയുന്നു. ഓരോ ആഴ്ചയും ചില ദിക്കുകളിലേക്ക് യാത്ര പോകുന്നത് ശുഭമായിരിക്കില്ല എന്നാണ് ആചാര്യമതം. ഞായറാഴ്ച കിഴക്കു ദിക്കിലേക്കും തിങ്കളാഴ്ച വടക്കു ദിക്കിലേയ്ക്കും, ചൊവ്വയും, ബുധനും തെക്കു കിഴക്കേ ദിക്കിലേക്കും, വ്യാഴാഴ്ച തെക്കു ദിക്കിലേയ്ക്കും വെള്ളിയാഴ്ച പടിഞ്ഞാറെ ദിക്കിലേയ്ക്കും ശനിയാഴ്ച വടക്കു പടിഞ്ഞാറെ ദിക്കിലേയ്ക്കും യാത്ര പോകുന്നത് നല്ലതല്ല. ഇതേപോലെ ഓരോ ആഴ്ചയിലും ജനിച്ചാലുള്ള ഫലങ്ങളും ജ്യോതിശാസ്ത്രത്തിൽ ആചാര്യന്മാർ വിവരിച്ചിട്ടുണ്ട്.

## നക്ഷത്രം

പഞ്ചാംഗത്തിലെ അടുത്ത അംഗമാണ് നക്ഷത്രം. ജ്യോതിർഗോളങ്ങളാണ് നക്ഷത്രങ്ങൾ. അനേക കോടി നക്ഷത്രങ്ങൾ ആകാശ മണ്ഡലത്തിലുണ്ട്. അവയിൽ 27 നക്ഷത്രങ്ങളെ മാത്രമെ ജ്യോതിഷത്തിൽ പരിഗണിക്കപ്പെട്ടിട്ടുള്ളു.

'നക്ഷരതി ഇതി നക്ഷത്രം'

എന്നതാണ് നക്ഷത്രം എന്ന പദത്തിന് നിർവ്വചനം. ക്ഷയമില്ലാത്തത്, നശിക്കാത്തത് എന്നെല്ലാമർത്ഥം. സഞ്ചാരശീലമാർന്നത്, തന്നെ സേവിക്കുന്നവർക്ക് ശുഭം തരുന്നത് , ഹിംസിക്കാത്തത് തുടങ്ങിയ അർത്ഥങ്ങളും നക്ഷത്രമെന്ന പദത്തിനുണ്ട്. മലയാളത്തിൽ 'നാൾ' എന്ന പദം കൊണ്ടാണ് സാധാരണയായി അറിയുന്നത്. ഇരുപത്തിയേഴു നക്ഷത്രങ്ങളും ദക്ഷപ്രജാപതിയുടെ പെൺമക്കളാ യിരുന്നുവെന്ന് പുരാണങ്ങൾ പറയുന്നു. ഇവരെ ചന്ദ്രൻ വിവാഹം ചെയ്തു എന്നാണ് വിശ്വാസം. ചന്ദ്രൻ ഭൂമിയെ ഒരു പ്രാവശ്യം പ്രദക്ഷിണം ചെയ്യുന്നതിന് 27.3 ദിവസം എടുക്കുന്നു. അപ്പോൾ ഒരു ദിവസം ചന്ദ്രൻ 13 ഡിഗ്രി 20 മിനിറ്റ് സഞ്ചരിക്കുന്നു. ഇതിനെ ഒരു നക്ഷത്രം (നാൾ) എന്നു പറയുന്നു. ചന്ദ്രന്റെ വേഗതയ്ക്ക് വ്യത്യാസം വരുന്നതിനാൽ ഒരു നക്ഷത്രം കടക്കാൻ എടുക്കുന്ന സമയം ഒരുപോലെയല്ല. ചന്ദ്രന് വേഗത കൂടിയ സമയങ്ങളിൽ ഒരു നക്ഷത്രം കട ക്കാൻ 52 നാഴികയും വേഗത കുറഞ്ഞ സമയങ്ങളിൽ 68 നാഴിക വരെയും എടുക്കു ന്നുണ്ട്. ചന്ദ്രൻ ഏതു നക്ഷത്രത്തിലാണോ സ്ഥിതി ചെയ്യുന്നത് ആ നക്ഷത്രത്തിന്റെ പേരിലാണ് ആ ദിവസത്തെ നാൾ അറിയ പ്പെടുന്നത്.

അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങൾ ഉണ്ട്. അവ ഏതൊക്കെ എന്ന് നോക്കാം. അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയീരം, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം, പൂരം, ഉത്രം, അത്തം, ചിത്തിര, ചോതി, വിശാഖം, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, പൂരുരുട്ടാതി , ഉത്രട്ടാതി, രേവതി. ഈ നാളുകളെ മുമ്മൂന്ന് നക്ഷത്രങ്ങൾ വീതമുള്ള ഒൻപത് വിഭാഗങ്ങളായി വേർതിരിച്ചിട്ടുണ്ട്. ഈ ഒൻപതു വിഭാഗങ്ങൾക്ക് ഓരോ ഗ്രഹനാഥ ന്മാരെയും കല്പിച്ചു കൊടുത്തിരിക്കുന്നു. ഓരോ ഗ്രൂപ്പിലും വരുന്ന നക്ഷത്രങ്ങളെ ജന്മ- അനുജന്മ നക്ഷത്രങ്ങളെന്ന് വിവക്ഷിക്ക പ്പെടുന്നു. അശ്വതി- മകം -മൂലം - ആയില്യം - തൃക്കേട്ട - രേവതി എന്നിവ നക്ഷത്രസന്ധി വരുന്ന നാളുകളാണ്. അശ്വതി - മകം - മൂലം എന്നിവയുടെ ആദ്യത്തെ പതിനഞ്ചു നാഴികയും ആയില്യം - തൃക്കേട്ട -രേവതി എന്നിവയുടെ അവസാനത്തെ 15 നാഴിക യുമാണ് ദോഷമുള്ളത്. ഈ ദോഷത്തിന് ഗണ്ഡാന്തദോഷം എന്നു പറയുന്നു. പൂരം അത്തം പൂരാടം എന്നിവയാണ്. കാലുള്ള നക്ഷത്രങ്ങൾ. ഈ നക്ഷത്രങ്ങളുടെ നാലു പാദങ്ങളും ദോഷപ്രദമാണ്. അതുകൊണ്ട് ഇവയെ പാദദോഷമുള്ള നക്ഷത്രങ്ങൾ എന്നു പറയുന്നു. ജനിച്ച നക്ഷത്രം മുതൽ എണ്ണിയാൽ അതിന്റെ മൂന്നാമത്തെ നക്ഷത്രത്തെ വിപത് നക്ഷത്രമെന്നും അഞ്ചാമത്തെ നക്ഷത്രത്തെ പ്രത്യര നക്ഷത്രമെന്നും ഏഴാമത്തെ നക്ഷത്രത്തെ വധ നക്ഷത്രമെന്നും അറിയപ്പെടുന്നു. വിപത്, പ്രത്യര, വധനക്ഷത്രങ്ങൾ വിശേഷകാര്യങ്ങൾക്ക് ദോഷപ്രദമാണ്.

## തിഥികൾ

ചന്ദ്രന്റെ ഉദയാസ്തമയ ദൈർഘ്യ ത്തെയാണ് തിഥി എന്നു പറയുന്നത്. അതായത് ഒരു ചന്ദ്രദിവസമാണ് തിഥി. ഒരു ചാന്ദ്രമാസം 30 തിഥികളുണ്ടായിരിക്കും. തീയതി എന്ന വാക്ക് തിഥിയിൽ നിന്നും ഉണ്ടായതാണെന്നു കരുതാം. കറുത്ത പക്ഷത്തിൽ പതിനഞ്ചും വെളുത്ത പക്ഷ ത്തിൽ പതിനഞ്ചും ആയി ഒരു മാസം 30 തിഥികൾ പ്രഥമ/പ്രതിപഥം, ദ്വിതീയ, തൃതീയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി, അഷ്ടമി, നവമി, ദശമി, ഏകാദശി, ദ്വാദശി, ത്രയോ ദശി, ചതുർദശി, വാവ് (പൗർണമി/ അമാവാസി) അമാവാസി അഥവ കറുത്ത വാവു കഴിഞ്ഞ് തൊട്ടു പിറ്റേ ദിവസം മുതൽ 14 ദിവസം വെളുത്ത എന്നർത്ഥം വരുന്ന ശുക്ലപക്ഷ തിഥികൾ കടന്നു വരുന്നു. ശുക്ലപക്ഷത്തിൽ മാനത്തു നോക്കിയാൽ ചന്ദ്രൻ ഓരോ നാളുതോറും അല്പാല്പമായി വലുതായി വരുന്നതു കാണാം. പതിനഞ്ചാം നാൾ പൗർണമി എത്തുന്നു. അതു കഴിഞ്ഞു അടുത്ത ദിവസം മുതൽ കറുത്ത പക്ഷം തുടങ്ങും. കറുത്ത പക്ഷത്തിൽ മാനത്തു നോക്കിയാൽ പൂർണവൃത്തത്തിൽ

നിന്നും ചന്ദ്രന് അല്പാല്പമായി വലുപ്പം കുറഞ്ഞു കുറഞ്ഞു വരുന്നതു കാണാം.

നാം മുൻപു പറഞ്ഞ 15 തിഥികളെ അഞ്ചു ഗ്രൂപ്പുകളാക്കിയിരിക്കുന്നു. നന്ദാ, ഭദ്രാ, ജയാ, രിക്ത. പൂർണാ എന്നിങ്ങനെയാണ് ഓരോ ഗ്രൂപ്പിന്റേയും പേര്.

നന്ദാതിഥികൾ – പ്രഥമ, ഷഷ്ഠി, ഏകാദശി

ഭദ്രാതിഥികൾ – ദ്വിതിയ, സപ്തമി, ദ്വാദശി

ജയാതിഥികൾ – തൃതീയ, അഷ്ടമി, ത്രയോദശി

രിക്താതിഥികൾ – ചതുർത്ഥി, നവമി, ചതുർദശി

പൂർണാതിഥികൾ – പഞ്ചമി, ദശമി, അമാവാസി/

**പൗർണമി**

ഇവയിൽ കൃഷ്ണശുക്ലപക്ഷങ്ങളിലെ രിക്താ തിഥികൾ ( ചതുർത്ഥി, നവമി, ചതുർദശി ) ശുഭകാര്യങ്ങൾക്ക് വർജ്ജിക്കപ്പെടേണ്ടതാണ്. തിഥികളിൽ അശുഭം കറുത്തവാവാണ് (അമാവാസി ). അന്നു ജനിക്കുന്ന കുട്ടികളെ ഉപേക്ഷിക്കുന്ന പതിവ് പ്രാചീന കാലത്ത് നിലനിന്നിരുന്നു.

ഓരോ തിഥിയിലും ജനിച്ചാലുള്ള ഫലങ്ങളും, അവയിൽ ചെയ്യാവുന്ന കർമ്മങ്ങളും വേർതിരിച്ച് യോഗിവര്യന്മാർ ജ്യോതിഷത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവയുടെ വിഷയാധിക്യംകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

**കരണം :**

'തിഥ്യാർദ്ധം കരണം സ്മൃത' എന്നതാണ് കരണ ത്തിന് നിർവ്വചനം. തിഥിയുടെ പകുതിയാണ് കരണം.

അതിനാൽ ഓരോ തിഥിയിലും രണ്ടു കരണങ്ങൾ വീതമുണ്ടാകും. വെളുത്ത പക്ഷത്തിലും കറുത്ത പക്ഷത്തിലും കരണങ്ങൾ വെവ്വേറെയാണ്. കരണങ്ങൾ രണ്ടു തരമാണ്. അവ ചരകരണങ്ങളെന്നും, സ്ഥിരകരണങ്ങളെന്നും അറിയപ്പെടുന്നു. ശുക്ലപക്ഷത്തിലെ പ്രഥമയുടെ ഉത്തരാർദ്ധം മുതൽ സിംഹം, പുലി, പന്നി, കഴുത, ആന, പശു, വിഷ്ടി എന്നിങ്ങനെ ഏഴ് ചരകരണങ്ങളും കൃഷ്ണപക്ഷത്തിലെ ചതുർദ്ദശിയുടെ ഉത്തരാർദ്ധം വരെ എട്ടു പ്രാവശ്യം ഇവ ആവർത്തിക്കുന്നു. അതിനുശേഷം പുള്ള്, നാൽക്കാലി, പാമ്പ്, പുഴു എന്നീ നാല് സ്ഥിരകരണങ്ങൾ ചതുർദശിയുടെ ഉത്തരാർദ്ധം മുതൽ ശുക്ലപക്ഷപ്രഥയുടെ പൂർവ്വാർദ്ധം വരെ ഒരു പ്രാവശ്യം സ്ഥാനം പിടിക്കുന്നു.

ആചാര്യമതമനുസരിച്ച് ഓരോ കരണത്തിലും ജനിച്ചാലുള്ള ഫലം ചുരുക്കമായി താഴെ ചേർക്കുന്നു.

സിംഹകരണത്തിൽ ജനിക്കുന്നവൻ അഭിമാനിയും ധർമ്മിഷ്ഠനും, മംഗളകർമ്മങ്ങൾ ചെയ്യുന്നവനും കർമ്മത്തിൽ സ്ഥിരതയുള്ളവനു മായിരിക്കും. പുലികരണത്തിൽ ജനിക്കുന്നവൻ ഈശ്വരസേവകനും വിദ്യാധനം സുഖസമ്പത്തുക്കൾ എന്നിവ ഉള്ളവനുമായിരിക്കും, പന്നികരണത്തിൽ ജനിക്കുന്നവനും നല്ലപോലെ ജനപ്രീതിയും സഹകരണവും ഉണ്ടാകും, സുഹൃത്തുക്കൾ ഉള്ളവനും അഭിമാനിയുമായിരിക്കും. കഴുതകരണ ത്തിൽ ജനിച്ചാൽ സൗഭാഗ്യം, ധനം ഇവയുള്ളവനും എല്ലാവരോടും സ്നേഹബന്ധം പുലർത്തുന്നവനു മായിരിക്കും . ഗജകരണത്തിൽ ജനിക്കുന്നവൻ കൃഷി യിലും, ഗൃഹകാര്യങ്ങളിലും തല്പരനും പരിശ്രമിയുമാ യിരിക്കും. പശുകരണത്തിൽ ജനിച്ചാൽ കച്ചവടം കൊണ്ട് ഉപജീവനം നടത്തുന്നവനും അന്യദേശവു മായി ബന്ധം പുലർത്തുന്നവനും ആകും. വിഷ്ടികരണത്തിൽ ജനിക്കുന്നവൻ ശുഭമല്ലാത്ത കാര്യങ്ങൾ ചെയ്യുന്നവനും പരസ്ത്രീസക്തനും വിഷദ്രവ്യങ്ങൾ കൈകാര്യം ചെയ്യുന്നവനുമായിരിക്കും. പുള്ളുകരണത്തിൽ ജനിച്ചവൻ ഈശ്വരഭക്തി, ബ്രാഹ്മണഭക്തി ഇവ ഉള്ളവനും മൃഗസ്നേഹിയും ചികിത്സകനുമാകും. പാമ്പുകരണത്തിൽ ജനിക്കുന്നവൻ നീചജന ങ്ങളുടെ കൂട്ടുകെട്ടുകളും അവരുടെ പ്രീതി സമ്പാദിക്കുന്നവനും ദുഷ്കൃത്യങ്ങൾ ചെയ്യു ന്നവനുമായിരിക്കും. പുഴുകരണ ത്തിൽ ജനിക്കുന്നവൻ സൽപ്രവർത്തികൾ ചെയ്യുന്ന വനും സന്തുഷ്ടചിത്തനും സകല കാര്യസിദ്ധി യുള്ളവനുമായി ഭവിക്കും.

**നിത്യയോഗം**

നിത്യയോഗത്തിന് 'ചന്ദ്രാർക്കയോഗം' എന്നും പേരുണ്ട്. സൂര്യസ്ഫുടവും ചന്ദ്രസ്ഫു ടവും തമ്മിൽ കൂട്ടിയാൽ നിത്യയോഗ സ്ഫുടം കിട്ടും. നിത്യയോഗ സ്ഫുടത്തെ ഡിഗ്രിയാക്കി 13 ഡിഗ്രി 20 മിനിറ്റുകൊണ്ട് ഹരിച്ചാൽ ഹരണഫലം കഴിഞ്ഞ നിത്യയോഗവും, ശിഷ്ടം അടുത്ത നിത്യയോഗത്തിൽ ചെന്ന ഡിഗ്രിയും ആയിരിക്കും. നിത്യയോഗസ്ഫുടം പൂജ്യം ഡിഗ്രി മുതൽ 360 ഡിഗ്രി വരെ ഇരുപത്തിയേഴ് നിത്യയോഗങ്ങൾ ഉണ്ട്. അതിനാൽ നിത്യയോഗത്തിന് 13 ഡിഗ്രി 20 മിനിറ്റ് എന്ന് കിട്ടുന്നു. ഒരു ജാതകത്തിലുള്ള ഗ്രഹങ്ങൾ ഓരോന്നും തങ്ങൾ നില്ക്കുന്ന രാശിയിൽ എത്രമാത്രം മുമ്പോട്ടു കടന്നിട്ടുണ്ട് എന്ന് സൂക്ഷ്മമായി കണ്ടു പിടിക്കുന്ന പ്രക്രീയയാണ് സ്ഫുടക്രിയ. ഒരു രാശിയുടെ ദൈർഘ്യം 30 ഡിഗ്രി ആണ് (360/12). അതിനാൽ എത്രാമത്തെ ഡിഗ്രിയിൽ എത്രാമത്തെ മിനിറ്റിൽ ആണ് ആ രാശിയിലെ ഗ്രഹം നില്ക്കുന്നതെന്ന് സൂക്ഷ്മമായി കണ്ടു പിടിക്കുന്നതാണ് ഗ്രഹസ്ഫുടം. പഞ്ചാംഗ ത്തിൽ അതത് ദിവസത്തെ ഗ്രഹസ്ഫുടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. നിത്യയോഗങ്ങൾ നക്ഷത്രങ്ങൾ എന്നപോലെ 27 എണ്ണമുണ്ട്. അവയുടെ പേരുകൾ താഴെ കൊടുക്കുന്നു.





1. വിഷ്കംഭ, 2. പ്രീതി, 3. ആയുഷ്മാൻ, 4. സൗഭാഗ്യ, 5. ശോഭനം, 6. അതിഗണ്ധ, 7. സുകർമ്മ, 8. ധൃതി, 9. ശൂല, 10. ഗണ്ധ, 11. വൃദ്ധി, 12. ധ്രുവ, 13. വ്യാഘാത, 14. ഹർഷ, 15. വജ്ര, 16. സിദ്ധി, 17. വ്യതിപാത, 18. വരിയാൽ, 19. പരിഘ, 20. ശിവ, 21. സിദ്ധ, 22. സാദ്ധ്യ, 23. ശുഭ, 24. ശുഭ്ര, 25. ബ്രഹ്മ, 26. മഹേന്ദ്ര, 27. വൈധുതി

മുകളിൽ പറഞ്ഞ നിത്യയോഗങ്ങളിൽ വിഷ്ക്കംഭ, അതിഗണ്ധ, ശൂല, ഗണ്ധ , വ്യാഘാത, വജ്ര, വ്യതിപാത, വരിയാൽ എന്നിവ ശുഭകർമ്മങ്ങൾക്ക് വർജ്യമാണ്. വിവിധ നിത്യയോഗങ്ങളിൽ ജനിച്ചാലുള്ള ഫലങ്ങൾ വിശദമായി ജ്യോതിഷത്തിൽ ആചാര്യന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചാംഗം മനസ്സിലാക്കുന്നതും വായിക്കുന്നതും ഒരു ഉത്തമ കർമ്മം തന്നെയാണ്.

തിഥിശ്രവണാദാരോഗ്യം വാരാദായുഷ്യ വർദ്ധനം

നക്ഷത്രാത് പാപമുക്തിശ്ച യോഗാത് രോഗ നിവാരണം

കരണാത് കാര്യസിദ്ധിശ്ച പഞ്ചാംഗഫലമുത്തമം

തിഥി അറിഞ്ഞാൽ ആരോഗ്യം, വാരം അറിഞ്ഞാൽ ആയുസ്സ് എന്നിവ വർദ്ധിക്കും. നക്ഷത്രം അറിഞ്ഞാൽ പാപമുക്തിയും യോഗമറിഞ്ഞാൽ രോഗശമനവും കരണമറിഞ്ഞാൽ കാര്യസിദ്ധിയും ഉണ്ടാകും എന്നതാണ് പഞ്ചാംഗഫലം അറിഞ്ഞാലുള്ള ഗുണങ്ങൾ.

ഇതോടെ പഞ്ചാംഗ പരിജ്ഞാനം ഇവിടെ പൂർത്തീകരിക്കുന്നു.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 ഒക്ടോബർ / നവംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 18.10.18 | എം. രാജലക്ഷ്മി | പി. പ്രഭാകരമേനോൻ | Election & Democracy | 989 |
| 25.10.18 | | ടി.കെ. ശ്രീകുമാരൻ നായർ | ഭോപ്പാൽ ദുരന്തം | 990 |
| 01.11.18 | ആർ.പി. നായർ | ലക്ഷ്മി ദേവി. പി. നായർ | കാവാലം – കുട്ടനാടിന്റെ ജീവതാളം | 991 |
| 08.11.18 | | ജി.ആർ.സി.നായർ | വേദ ഇതിഹാസങ്ങളുടെ ഉല്പത്തി | 992 |

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2018 സെപ്റ്റംബർ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ഹരിനാരായണൻ. എസ്, സി 11 എ, നാഗാർജ്ജുന പേൾ ബേ, കടവന്ത്ര, കൊച്ചി – 682020 | 20,000/- |
| 2. ശ്രീ. ടി. ശിവദാസൻ, സാരംഗ്, 62/4485, മൊണാസ്ട്രി റോഡ്, കാരിക്കാമുറി, കൊച്ചി – 682011 (അച്ഛൻ കെ.പി. രാമൻനായരുടെ സ്മരണയ്ക്ക്) | 15,000/- |
| 3. ശ്രീ. ശ്രീകാന്ത്. എസ്, 6 എഫ് 4, ലക്ഷ്മി അപ്പാർട്ട്മെന്റ്, പൂണിത്തുറ, എറണാകുളം – 682038 | 5,512/- |
| 4. ശ്രീ കണ്ണൻ എം. ജെ | 5,000/- |
| 4. ശ്രീ. രവിശങ്കർ, മാണിക്കത്ത് ഹൗസ്, രവിപുരം, കൊച്ചി– 682016 | 5,000/- |
| 5. ശ്രീ. കെ. കെ. ജഗന്നിവാസൻ, 3 ബി, പാംഗ്രോവ് അപ്പാർട്ട്മെന്റ്, അമ്പാടി റിട്രീറ്റ്, ചിലവന്നൂർ റോഡ്, കൊച്ചി – 682020 | 5,000/- |

# വൻകരകളുടെ നീക്കം

**സി. രാമചന്ദ്രൻ**

ഭൂഖണ്ഡങ്ങളെല്ലാം ഒരിക്കൽ ഒന്നായിരുന്നു എന്നും അവ വേർപെട്ട് പലതായി മാറിയതാണെന്നുമുള്ള ആശയം ശാസ്ത്രജ്ഞന്മാർക്ക് പണ്ടുതന്നെ ഉണ്ടായിരുന്നു. മാപ്പു നിർമ്മാതാക്കളുടെ ശ്രദ്ധയിൽ ഇതുപെട്ടിരുന്നുതാനും. അമേരിക്കയും ആഫ്രിക്കയും യൂറോപ്പുമായി യോജിച്ചു കിടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് ബ്രിട്ടീഷ് ചിന്തകനായിരുന്ന ഫ്രാൻസിസ് ബാക്കൺ പതിനാറാം നൂറ്റാണ്ടിൽത്തന്നെ അഭിപ്രായപ്പെട്ടിരുന്നു. ഫ്രഞ്ചുശാസ്ത്രജ്ഞനായിരുന്ന പെല്ലിഗിനി പത്തൊമ്പതാം നൂറ്റാണ്ടിൽ ഇതിനെക്കുറിച്ചൊരു ഗവേഷണ പ്രബന്ധംതന്നെ പ്രസിദ്ധീകരിച്ചു. എന്നാൽ മൗലികമായ ഒരു സംഭാവനയുണ്ടാകുന്നത് ഇരുപതാം നൂറ്റാണ്ടിൽ ലോതർവെഗ്നർ എന്ന ജർമ്മൻ കാലാവസ്ഥാ ശാസ്ത്രജ്ഞന്റെ സിദ്ധാന്തം വന്നതോടെയാണ്. 'വൻകര ചലനസിദ്ധാന്തം' എന്നാണ് ഇതറിയപ്പെട്ടത് ഇതിനുശേഷമാണ് വിഷയത്തിനു ഗൗരവം ലഭിച്ചത്. അതാകട്ടെ അദ്ദേഹത്തിന്റെ മരണശേഷവും.

വെഗ്നർ ഒരു കാലാവസ്ഥാ ശാസ്ത്രജ്ഞൻ മാത്രമാണെന്നും അദ്ദേഹം ഒരു ഭൂവിജ്ഞാനീയനല്ലെന്നും ആരോപിച്ച് അദ്ദേഹത്തെ അവഗണിച്ചവരുമുണ്ടായിരുന്നു. ഗ്രീൻലാന്റിൽ ഗവേഷണം ചെയ്തുകൊണ്ടിരിക്കെയാണ് അദ്ദേഹം മരിച്ചത്. ഡാർവിന്റെ സിദ്ധാന്തത്തെ മതങ്ങളാണ് എതിർത്തതെങ്കിൽ വെഗ്നറുടേതിനെ ശാസ്ത്രജ്ഞന്മാർ തന്നെയാണ് എതിർത്തത്. ഡാർവിന്റെ വിജയം അദ്ദേഹം തന്റെ ഉത്പത്തി സിദ്ധാന്തത്തെ 'പ്രകൃതി നിർധാരണം' എന്ന മെക്കാനിസം കൊണ്ട് സാധൂകരിച്ചു എന്നതാണ്. വെഗ്നറുടെ സിദ്ധാന്തമാകട്ടെ അദ്ദേഹത്തിന്റെ കാലശേഷമാണ് 'പ്ലേറ്റ് ടെക്ട്രോണിക്സ്' എന്ന മെക്കാനിസം കൊണ്ട് സാധൂകരിക്കപ്പെട്ടത്; ഭൂഖണ്ഡങ്ങളെ വലിച്ചു നീക്കാനുള്ള ശക്തി എവിടുന്നുവന്നു എന്ന ചോദ്യത്തിനുത്തരം നൽകിക്കൊണ്ട്. ഭൂമിയുടെ ഉപരിതലത്തിന്റെ മൂന്നിലൊരുഭാഗം മാത്രമേ കരയായിട്ടുള്ളൂ എന്നു തോന്നാമെങ്കിലും സമുദ്രത്തിനടിയിലും തറയുണ്ടല്ലോ. സമുദ്രത്തറയെക്കുറിച്ചുള്ള അറിവ് ഇരുപതാം നൂറ്റാണ്ടുവരെ തുലോം പൂജ്യമായിരുന്നു. എന്നാൽ തുടർന്നുള്ള അറിവുകളാണ് വെഗ്നർക്ക് തുണയായത്.

ആഫ്രിക്കൻ കരയുടെ പടിഞ്ഞാറെ തീരവും തെക്കേ അമേരിക്കയുടെ കിഴക്കൻ തീരവും തമ്മിൽ നല്ല ചേർച്ചയുണ്ട്. ഇന്നത്തെ സ്ഥാനത്തുനിന്ന് അല്പം അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങിയാൽ എല്ലാ വൻകരകളും തമ്മിൽ തമ്മിൽ ചേരും. ഒറ്റനോട്ടത്തിൽ ചില ചേർച്ചക്കുറവുണ്ടെങ്കിൽ അതിനുകാരണം തീരപ്രദേശങ്ങളിൽ അടിക്കടി മാറുന്ന ജലവിതാനവും കടൽ ക്ഷോഭവും സുനാമിയും മറ്റുമാണ്. എന്നാൽ ഈ ചേർച്ചകളെല്ലാം വെറും യാദൃച്ഛികമാണോ എന്ന് വിവേചിച്ചറിയേണ്ടതുണ്ട്. ഇരുകരകളിലേയും ജൈവഫോസിലുകളുടെ സാമ്യം സിദ്ധാന്തത്തിനു ബലം നൽകി. മാത്രമല്ല ഇരുഭൂഖണ്ഡങ്ങളിലേക്കും കൽക്കരി ഖനികളിൽ നിന്നുള്ള സാമ്പിളുകൾ തമ്മിലുള്ള സാമ്യവും അതിനെ തുണച്ചു.

ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നതനുസരിച്ച് ഇരുപതു കോടി വർഷങ്ങൾക്കുമുമ്പ് 'പാൻജിയ' എന്ന ഒറ്റഭൂഖണ്ഡം മാത്രമേ ഭൂമിയിലുണ്ടായിരുന്നുള്ളൂ. 450 കോടി വർഷം പ്രായമുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം 20 കോടി വർഷം അത്ര പഴയകാര്യമല്ല. അതിനു മുമ്പ് എന്ത് എന്ന ചോദ്യത്തിനുത്തരത്തിനായി പിന്നത്തെ അന്വേഷണം. ഭൂമിയുടെ കാന്തികതയുടെയും ആണവ പദാർത്ഥങ്ങളുടെ വികിരണായുസ്സിന്റെയും, പ്ലേറ്റുകളുടെ സ്വഭാവത്തിന്റെയും പഴയ ഫോസിലുകളുടെയും മറ്റും അടിസ്ഥാനത്തിൽ പിറകോട്ടു സഞ്ചരിക്കുമ്പോൾ ഇരുനൂറുകോടി വർഷങ്ങൾക്കുമുമ്പ് മറ്റൊരു സൂപ്പർ വൻകര ഉണ്ടായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അന്ന് അമേരിക്ക അന്റാർട്ടിക്കയോടും ഇന്ത്യ ആസ്ട്രേലിയയോടും മറ്റും ചേർന്നു കിടന്നിരുന്ന സൂപ്പർ വൻകരയ്ക്ക് ഇന്നു നൽകിയിരിക്കുന്ന പേര് റൊഡീനിയ എന്നാണ്. പിന്നീടൊരുകാലത്ത് റൊഡിനീയ പിളർന്നതിനുശേഷം അതു വീണ്ടും യോജിച്ച് പന്നോഷ്യ എന്ന മറ്റൊരു സൂപ്പർ വൻകരയുണ്ടായി. ഇക്കാലത്താണ് പെസഫിക് സമുദ്രം രൂപപ്പെട്ടത്. ആഫ്രിക്കയും അമേരിക്കയും പിന്നീടു വേർപെട്ടപ്പോഴാണ് അറ്റ്ലാന്റിക് സമുദ്രമുണ്ടായത്. അങ്ങിനെ നോക്കുമ്പോൾ പിളരലുകളും യോജിപ്പുകളും അനവധിയുണ്ടായിരുന്നിരിക്കണം.

ഭൂമിയെ സംബന്ധിച്ച അറിവുകളിൽ ഭൂകമ്പമുണ്ടാക്കിക്കൊണ്ടാണ് പ്ലെയ്റ്റ് ടെക്ട്രോണിക്സ് സിദ്ധാന്തം രംഗത്തുവരുന്നത്. ഭൂവിജ്ഞാനീയത്തിന്റെ നിലപാടുതറയെത്തന്നെ അത് പൊളിച്ചുപണിക്കു വിധേയമാക്കി – ഒരു പാരഡൈംഷിഫ്റ്റ്. ആദ്യമായി ഈ ആശയം അവതരിപ്പിച്ചത് ടുസോ വിൽസൺ എന്ന കനേഡിയൻ ശാസ്ത്രജ്ഞനാണ്. അഗ്നിപർവതങ്ങളുടെയും ഭൂകമ്പങ്ങളുടെയും വിന്യാസത്തിൽ ശ്രദ്ധിക്കപ്പെട്ട പ്രത്യേകതകളാണ് ഇങ്ങനെ ഒരു ആശയത്തിനു വഴിവച്ചത്. അദ്ദേഹത്തിന്റെ ആശയങ്ങളെ ജെയ്സൺ മോർഗൻ, ഡാൻ മെക്കൻസി എന്നീ ശാസ്ത്രജ്ഞന്മാർ പുഷ്കലമാക്കി. പ്ലേറ്റ് ടെക്ട്രോണിക്സിനെ ഇങ്ങനെ വിശദീകരിക്കാം.

ഭൂവല്ക്കത്തിലെ തണുത്തുറച്ച പാറകളും മാന്റിലിന്റെ താരതമ്യേന ചൂടുകുറഞ്ഞ ഉപരിഭാഗവും ചേർന്നതാണ് ലിഥോസ്ഫിയർ. ഇതിനു തൊട്ടുതാഴെയുള്ള അടരാണ് അസ്ഥാനോസ്ഫിയർ. ഇതിലെ പദാർത്ഥങ്ങൾ കുഴമ്പു പരുവത്തിലാണ്. അതുകൊണ്ട് ലിഥോസ്ഫിയറിന് ഇതിനുമുകളിലൂടെ തെന്നിമാറുവാനാകും. ലിഥോസ്ഫിയറിന്റെ പാളി എല്ലായിടത്തും ഒരുപോലെ കട്ടിയുള്ളതല്ല. സമുദ്രത്തിൽ അതിന് കട്ടികുറവാണ്. എന്നാൽ വൻകരയിൽ ഇതിന് 150 കി.മീറ്റർ വരെ കട്ടിയുണ്ടാകാം. ലിഥോസ്ഫിയറാണ് പിളർന്ന് പല ഖണ്ഡങ്ങളായി പല പ്ലേറ്റുകളായി തീർന്നിരിക്കുന്നത്. മുഖ്യമായി ഏഴ് പ്ലേറ്റുകളാണ് ഭൂമിയെ ആവരണം ചെയ്യുന്നത്. ഈ പ്ലേറ്റുകളെല്ലാംതന്നെ പരസ്പരം തെന്നിനീങ്ങുകയോ അടുക്കുകയോ ചെയ്യുന്നുണ്ട്. ചലിയ്ക്കുമ്പോൾ ചിലപ്പോൾ കൂട്ടിമുട്ടാനും സാധ്യതയുണ്ട്. സമുദ്രത്തറ മാത്രമുള്ളതും വൻകരയെ വഹിക്കുന്നതും തമ്മിൽ കൂട്ടുമുട്ടാം. വൻകരയെ വഹിക്കുന്നത് തമ്മിലും കൂട്ടിമുട്ടാം. പ്ലേറ്റുകൾ പാർശ്വങ്ങളിൽ തൊട്ടുരുമ്മി തെന്നിനീങ്ങുകയുമാകാം. ഉദാഹരണങ്ങൾ ഇങ്ങനെ.

ആദ്യത്തേത്, പെസഫിക് സമുദ്രത്തറയുടെ നാസ്കാ പ്ലേറ്റും തെക്കേ അമേരിക്കൻ വൻകരയുടെ പ്ലേറ്റുമായി കൂട്ടിമുട്ടുന്നു. രണ്ടാമത്തേത്, ഇന്ത്യാ ഉപഭൂഖണ്ഡവും ഏഷ്യാ വൻകരയും തമ്മിൽ ഹിമാലയ ഭാഗത്ത് കൂടിച്ചേരുന്നു. മൂന്നാമത്തേത്, വടക്കെ അമേരിക്കയുടെ പടിഞ്ഞാറൻ തീരത്ത് സാഡ്രിയാസിനു പടിഞ്ഞാറുള്ള പ്രദേശം വൻകരയെ ഉരസിക്കൊണ്ടു വടക്കോട്ടു നീങ്ങുന്നു.

പ്ലേയ്റ്റുകളുടെ അതിരുകളിലാണ് സുപ്രധാന സംഭവങ്ങൾ നടക്കുന്നത്. ഭൂകമ്പ പ്രദേശങ്ങളും അഗ്നിപർവതങ്ങളും പർവതനിരകളും പ്ലേറ്റുകൾ ഉരസുന്ന പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സമുദ്രപ്ലേറ്റ് വൻകരയുടേതുമായി കൂട്ടുമുട്ടുമ്പോൾ വൻകരയുടേത് മുകളിൽത്തന്നെ സ്ഥിതിചെയ്യും. അതേസമയം സമുദ്രത്തിന്റെ പ്ലേറ്റ് നുഴഞ്ഞ് കീഴോട്ടിറങ്ങും. ഈ പ്രദേശങ്ങളെ നിമഞ്ജന മേഖല എന്നാണറിയപ്പെടുന്നത്. ഇത്തരം സന്ദർഭങ്ങളിലാണ് ഭൂചലനങ്ങളുണ്ടാകുന്നത്. രണ്ടു പ്ലേറ്റുകൾ തമ്മിൽ ഉരസുന്ന ചൂടുകൊണ്ട് പാറകൾ ഉരുകുകയും അത് വിടവുകളിലൂടെ തുറിച്ചുയർന്നുവന്ന് അഗ്നിപർവതങ്ങളും ലാവാപ്രവാഹവുമുണ്ടാകും. ചിലപ്പോൾ അതു പുറത്തുവരാതെ അകത്തുതന്നെ തണുത്തുറഞ്ഞ് കുമിളയ്ക്കുന്നു. പർവതനിരകൾക്കു താഴെ കാണുന്ന ബാത്തോലിത്തുകൾ ഇതാണ്. പ്ലേറ്റുകൾ കൂട്ടുമുട്ടി ഉയർന്നതാണ് ഹിമാലയപർവതം. രണ്ടു പ്ലേറ്റുകൾ തെന്നിമാറുന്ന ഇടങ്ങളിലും മുഖ്യമായി ഭൂകമ്പങ്ങളുണ്ടാകും.

പ്ലേറ്റുകളുടെ ചലനത്തിനുവേണ്ട ഈർജ്ജം എവിടുന്നുവരുന്നു എന്ന ചോദ്യം ആദ്യകാലത്ത് കുഴക്കിയിരുന്നു. ഇന്നും അതിന് ഭിന്നാഭിപ്രായങ്ങളുണ്ട്. പ്രധാനപ്പെട്ട രണ്ടഭിപ്രായങ്ങളിൽ ഒന്നിതാണ്. മാന്റിലിന്റെ സംവഹനപ്രവാഹമാണ് പ്ലേറ്റുകളുടെ നീക്കത്തിനു കാരണം. രണ്ടാമത്തേത്, സമുദ്ര ഭൂവല്ക്കം ഉടലെടുക്കുന്നതിനു സമീപത്തുള്ള ഉയർന്ന താപനിലകാരണം അതിന് സാന്ദ്രത കുറവായിരിക്കും. സമുദ്രത്തിന്റെ അതിരുകളിലേക്കു നീങ്ങുന്തോറും സാന്ദ്രത കൂടി അത് താഴാൻ തുടങ്ങും. അതാണ് സമുദ്രത്തറയെ ചലിപ്പിക്കുന്നതിന്റെ പ്രേരകശക്തി.

## ഗുരുവായൂരിൽ

**ആർ. രാജൻ**

കണ്ണിന്നാനന്ദപൂരം മനമതിൽമുറുകും
ഭക്തിതൻ മാരി തീർപ്പൂ
വിണ്ണിൽപ്പോലും അലഭ്യം അസുലഭതര
ദിവ്യാനുഭൂതി പ്രവാഹം
ഉണ്ണിക്കണ്ണന്റെ നാമാവലികളലയടി –
ക്കുന്നു കർണ്ണങ്ങളിൽ ഹാ !
വർണ്ണിപ്പാൻപോലുമാകാ പവനപുരപതേ
നിന്റെ സാമീപ്യ സൗഖ്യം.

## ചോറ്റാനിക്കര അമ്മ

**ആർ. രാജൻ**

വറ്റാതുള്ളൊരു പാപസാഗരമതിൽ
നിന്നെന്നെ വേഗം കര –
യ്ക്കേറ്റാനും കനിവാർന്നു മോക്ഷമുടനെൻ
ജന്മത്തിനേകാനുമായ്
മറ്റാരുണ്ടു ജഗൻമയീ, ജഗതല
സംപോഷിണീ, ശാലിനി
ചോറ്റാനിക്കര വാണിടും ജനനി നീ –
യല്ലാതെ മുപ്പാരിതിൽ.

# 99 ലെ വെള്ളപ്പൊക്കം

## ഒരനുഭവസ്ഥൻ ആത്മകഥയിൽ പറഞ്ഞത്...

എറണാകുളത്ത് പ്രശസ്തമായ തോട്ടയ്ക്കാട്ട് കുടുബാംഗവും അഭിഭാഷകനും, പത്രപ്രവർത്തകനും, ഗ്രന്ഥകാരനും ,കൊച്ചി നിയമസഭാ സെക്രട്ടറിയും, കരയോഗത്തിന്റെ സ്ഥാപകാംഗവുമായിരുന്ന ടി.കെ കൃഷ്ണമേനോന്റെ ആത്മകഥാ ഗ്രന്ഥത്തിൽ നിന്നെടുത്ത ഒരേടാണിത്. 1099 കർക്കിടകത്തിലെ (1924 ജൂലൈ) വെള്ളപ്പൊക്കത്തിൽ കൊടുങ്ങല്ലൂർ കോട്ടപ്പുറത്ത് നിന്ന് എറണാകുളത്തേക്ക് സ്പെഷ്യൽ ബോട്ടിൽ യാത്ര ചെയ്യേണ്ടി വന്ന അനുഭവം വായിക്കുമ്പോൾ ഇപ്പോൾ നമ്മൾ അനുഭവിച്ച (2018 ആഗസ്റ്റ്) വെള്ളപ്പൊക്കത്തിന് സമാനമായിരുന്നു അതെന്ന് തിരിച്ചറിയുന്നു.



ടി.കെ.കൃഷ്ണമേനോൻ

കൊച്ചി രാജ്യത്തെ നിരവധി കമ്മറ്റികളിലും , പൊതുപ്രവർത്തനങ്ങളിലും, അഭിഭാഷകവൃത്തിയിലും സജീവമായിരുന്ന ഞാൻ 1924 ജൂലൈ മാസം മദിരാശി സർവ്വകലാശാല സെനറ്റ് യോഗത്തിൽ പങ്കെടുക്കാൻ പോയി. അതേ യോഗത്തിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ തൃശൂരിൽ നിന്നും അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും തീവണ്ടിയിൽ കയറി. സെനറ്റ് ഹൌസിൽ വെച്ചു തിരുമനസ്സിനോട് വിടവാങ്ങിയപ്പോൾ, 'അനിയൻ മേനോൻ വന്ന ദിവസം തന്നെ മദിരാശി വിടാനാണ് വിചാരിക്കുന്നത് അല്ലേ? ഞാനേതായാലും ഒന്നുരണ്ടു ദിവസം കൂടി ഇവിടെ തങ്ങാനാണ് ഭാവം'. എന്ന് അവിടുന്ന് പറയുകയുണ്ടായി. എന്നാൽ ഒന്നുരണ്ടു ദിവസമല്ല , നീണ്ട രണ്ടാഴ്ചകൾക്കുശേഷമേ തിരുമനസ്സിലേക്കു തൃശൂരിൽ തിരിച്ചെത്താൻ കഴിഞ്ഞുള്ളൂ: അതിനു തന്നെ വളഞ്ഞവഴിക്കു യാത്ര ചെയ്യേണ്ടി വന്നു. അടുത്ത ആഴ്ചയുടെ തുടക്കത്തിൽ തന്നെ ഇരിഞ്ഞാലക്കുട മുൻസീഫ് കോടതിയിൽ ഹാജരാകേണ്ടിയിരുന്നതുകൊണ്ടാണ് ഞാൻ ധൃതിയിൽ മടങ്ങിയത്. കോടതിയിലെ ജോലി കഴിഞ്ഞപ്പോഴേക്കും എറണാകുളത്തേയ്ക്കുള്ള തീവണ്ടിപ്പാളം വെള്ളപ്പൊക്കത്തിലൊലിച്ചു പോയിരുന്നു. അതിനാൽ ആ വഴിക്കു മടങ്ങുക അസാദ്ധ്യമായിത്തീർന്നു. തൃശൂരിലേക്കു ടിക്കറ്റു ചോദിച്ചപ്പോൾ അവിടേക്കുള്ള പാളവും തകരാറിലായിരിക്കുകയാണെന്ന അറിവു കിട്ടി. അതിനാൽ ഞാൻ ഇരിങ്ങാലക്കുടയിലേക്കു തിരിച്ചു പോയി അവിടെ അസുഖകരമായ ഒരു രാത്രി കഴിച്ചുകൂട്ടി. പിറ്റേന്നു അതിരാവിലെ ഒരു ജട്ക്ക പിടിച്ചു കരൂപ്പടന്നയിലേക്കു പോയി. റോഡിന്റെ ഇരുവശത്തുമുണ്ടായിരുന്ന ഉയർന്ന പ്രദേശങ്ങളിലൂടെയാണ് നടന്നത്. എന്നിട്ടും ഒന്നുരണ്ടിടത്ത് വെള്ളത്തിലിറങ്ങാതെ വയ്യെന്നു വന്നു.



കരൂപ്പടന്നയിൽ നിന്നും കൊടുങ്ങല്ലൂർക്കു പോകാൻ സാധാരണ വഞ്ചിക്കൂലി നാലണയായിരുന്നു. ആ ദിവസം മൂന്നു രൂപ കൊടുക്കേണ്ടി വന്നു . കഴുക്കോലിനു പകരം അന്നു തണ്ടുകളാണ് ഉപയോഗിച്ചത്. കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റ പരിസരങ്ങളിൽ പോലും വെള്ളം കയറിയിരുന്നു. മി. പയ്യപ്പിള്ളി രാമൻകുട്ടി മേനോനായിരുന്നു അന്നു കൊടുങ്ങല്ലൂരിലെ ഡെപ്യൂട്ടി താസിൽദാർ. അദ്ദേഹ മെനിക്ക് ഹാർദ്ദമായ സ്വീകരണം നല്കുകയും എറണാകുളത്തേക്കു വല്ല ആവിബോട്ടും പോകുന്നുണ്ടോ എന്നറിയാൻ തന്റെ ശിപായിയെ അയക്കുകയും ചെയ്തു. വെള്ളപ്പൊക്കം തീരുന്നതിനുമുമ്പ് ഒരു ബോട്ടും പുറപ്പെടുകയില്ലെന്ന മറുപടിയും കൊണ്ടു ശിപായി മടങ്ങിവന്നു. വെള്ളപ്പൊക്കം കൊണ്ടുണ്ടായ നാശങ്ങൾ ശിപായി വിവരിച്ചു കേൾപ്പിച്ചു. അതു കേട്ടപ്പോൾ, ഒരു കാരണവശാലും ആ ദിവസം കൊടുങ്ങല്ലൂർ വിടാൻ എന്നെ അനുവദിക്കുകയില്ലെന്നു മി. ആർ.കെ.മേനോൻ പറഞ്ഞു.

ഞാൻ എന്റെ രണ്ടു സുഹൃത്തുക്കളായ ശ്രീ. കുഞ്ഞിക്കൊച്ചുവിനും, ശ്രീ .പി. കുഞ്ഞുമുഹമ്മദിനും





ഓരോ കത്ത് ഒരാൾ വശം കൊടുത്തയച്ചു. പക്ഷേ പോയ ആൾക്ക് ഇരുവരുടേയും വാസസ്ഥലങ്ങളിൽ ചെന്നെത്താൻ കഴിഞ്ഞില്ല. രാവിലെ ഡെപ്യൂട്ടി താസിൽദാർ ഉണർന്നെഴുന്നേറ്റതിനുമുമ്പ് ഒരു ശിപായിയുടെ സഹായം കൊണ്ട് എനിക്ക് കോട്ടപ്പുറത്തെത്താൻ കഴിഞ്ഞു. ഭാഗ്യവശാൽ മി. കുഞ്ഞിക്കൊച്ചുവിന്റെ ഒരു വലിയ ആവിബോട്ട് അവിടെയുണ്ടായിരുന്നു. ബോട്ടിന്റെ സ്രാങ്കിന് എന്നെ നല്ലപോലെ പരിചയമുണ്ടായിരുന്നു. എന്നെ എറണാകുളത്തെത്തിക്കാൻ ഞാനയാളോട് പറഞ്ഞു. 'ഏമാന്റെ കല്പന കൂടാതെ ബോട്ടു കൊണ്ടു പോകാൻ കഴിയുകയില്ലെ'ന്നായിരുന്നു സ്രാങ്കിന്റെ മറുപടി. അദ്ദേഹത്തിനുള്ള ഒരു കത്ത് ഞാനീ ശിപായിയെ ഏല്പിക്കാം. ശിപായി കത്ത് അദ്ദേഹത്തിന്റെ പക്കലെത്തിക്കും. വേറെ യാത്രക്കാരെ ബോട്ടു പുറപ്പെട്ട സമയത്ത് അതിലെ ഏകയാത്രക്കാരൻ ഞാനായിരുന്നു. സത്യം പറഞ്ഞാൽ ഒഴുക്കിന്റെ ശക്തിയും വെള്ളത്തിന്റെ അലർച്ചയും എന്നെ വല്ലാതെ ഭയപ്പെടുത്തി. കൊടുങ്ങല്ലൂർ തുറമുഖം പിന്നിട്ട തുവരെ ഞാൻ കണ്ണും പൂട്ടി ഒരിരിപ്പിരുന്നു. രാവിലെ 11.30 ക്കു ബോട്ട് എറണാകുളത്തെത്തിയപ്പോഴേക്കും അതിൽ യാത്രക്കാർ നിറഞ്ഞിരുന്നു. അവരിൽ മിക്കവരും വീടുകളുടെ മേൽക്കൂരകളിൽ നിന്നും ചെറിയ പൊതുമ്പുവള്ളങ്ങളിൽ നിന്നും മരങ്ങളുടെ മുകളിൽ നിന്നുമാണ് ബോട്ടിൽ കയറിയത്. ഓരോ ആളെയും ബോട്ടിൽ കയറ്റാൻ കുറെ സമയമെടുത്തു: പക്ഷേ ആ അവസരത്തിൽ സമയം ഒരു പ്രശ്നമായിരുന്നില്ല. ബോട്ടിൽ കയറ്റിയില്ലായിരുന്നുവെങ്കിൽ അവരിൽ മിക്കവരും വെള്ളം കുടിച്ചു മരിച്ചേനെ.

തങ്ങളുടെ ജീവൻ രക്ഷിച്ചതിനു പലരും സ്രാങ്കിനോടു നന്ദി പറഞ്ഞു. വാസ്തവത്തിൽ നന്ദി പറയേണ്ടത് എന്നോടാണെന്നു സ്രാങ്ക് അവരെ അറിയിച്ചു. അതിനാൽ അവർ എന്റെ അടുക്കൽ വന്നു കൃതജ്ഞതാനിർഭരമായ വാക്കുകൾ മൊഴിഞ്ഞു. ആ യാത്ര വല്ലാത്തൊരു അനുഭവം തന്നെയായിരുന്നു. എങ്കിലും പലരെയും സഹായിക്കാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷം തോന്നി.



എറണാകുളത്തു കടത്തുജെട്ടിയിലോ ഹജ്ജൂർ ജെട്ടിയിലോ കരക്കിറങ്ങുക അസാദ്ധ്യമായിരുന്നു. അതിനാൽ ഞങ്ങൾക്ക് ജെയിൽ ജെട്ടിയിലേക്കു പോകേണ്ടി വന്നു. ഉച്ചക്കു 12 മണിക്കാണ് ഞാൻ വീട്ടിലെത്തിയത്. എന്നെ കോളേജിലേക്കു കൂട്ടിക്കൊണ്ടു പോകുവാൻ പല പ്രാവശ്യം വിദ്യാർത്ഥികൾ വന്നതായറിഞ്ഞു. കുളിക്കാനോ ഭക്ഷണം കഴിക്കാനോ നില്ക്കാതെ ഞാൻ നേരെ കോളേജിലേക്കു പോയി. വെള്ളപ്പൊക്കം കാരണം വീടും തൊഴിലും നഷ്ടപ്പെട്ടവരെ സഹായിക്കാൻ വേണ്ട ഏർപ്പാടുകൾ അവിടെ ചെയ്തിരുന്നു. പട്ടണത്തിന്റെ പരിസരങ്ങളിലെ, വെള്ളം കയറിയ പ്രദേശങ്ങളിൽനിന്ന് ആളുകളെ രക്ഷിക്കാൻ എന്റെ മകൻ ഗോപാലനും മറ്റു ചില സ്കൗട്ടുകളും ഒരു വഞ്ചിയും കൊണ്ടുപോയിരിക്കയായിരുന്നു. ഞാൻ കുളിച്ചു ഭക്ഷണം കഴിച്ചപ്പോൾ രാത്രി 9 മണിയായി വെള്ളപ്പൊക്കം കാരണം നിലാരബരായവരെ സഹായിക്കാൻ ഇവിടെയും മറ്റു സ്ഥലങ്ങളിലും സർക്കാരും പൊതുജനങ്ങളും ചേർന്നു വേണ്ട ഏർപ്പാടുകൾ ചെയ്തതു വരെ എല്ലാവർക്കും കോളേജ് പരിസരത്തിലാണ് ഭക്ഷണം കൊടുത്തിരുന്നത്.

കൊച്ചിയിലെ കേന്ദ്ര വെള്ളപ്പൊക്ക ദുരിതാശ്വാസ കമ്മറ്റിയുടെ റിപ്പോർട്ടിൽനിന്ന് ഉദ്ധരിക്കുകയാണ്. കർക്കിടകമാസം ഈ പ്രദേശത്ത് കള്ളക്കർക്കിടകമെന്ന പേരിലാണറിയപ്പെടുന്നത്. തെക്കു പടിഞ്ഞാറൻ കാലവർഷം ഏറ്റവും ശക്തമായ കാലമായതുകൊണ്ടു കച്ചവടം കുറവും, സാധനങ്ങൾക്ക് വില കൂടുതലും, ആളുകളുടെ ആരോഗ്യം മോശവുമായ കാലമാണത്. 1099 കർക്കിടകത്തിൽ (1924 ജൂലൈ) സ്വതേ പ്രതികൂലമായ ഈ സാഹചര്യങ്ങളിൽ മലബാർ തീരത്തിന്റെ മിക്ക ഭാഗങ്ങളിലും അപ്രതീക്ഷിതവും മുമ്പൊരിക്കലുമുണ്ടാകാത്ത തരത്തിലുള്ളതുമായ വെള്ളപ്പൊക്കം കാരണം സ്ഥിതി കൂടുതൽ വഷളായിത്തീർന്നു.'

'വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ഞെട്ടിക്കുന്ന തരത്തിലുള്ളവയായിരുന്നു...സർക്കാരിന് അത് ഗുരുതരമായ ഉൽക്കണ്ഠക്കു വകനൽകി. ആദ്യം ചെയ്ത ഏർപ്പാടുകൾ തീരെ അപര്യാപ്തമായിരുന്നുവെന്നു താമസിയാതെ തെളിഞ്ഞു. തൃപ്തികരമായ രീതിയിൽ ദുരിതാശ്വാസം നൽകുന്നതിനുവേണ്ട നടപടികൾ ഉടനടി സ്വീകരിക്കേണ്ടത് ആവശ്യമായി വന്നു. ഈ ഉദ്ദേശത്തോടെ കൊ.വ. 1100 ചിങ്ങം 1 -ാംനു ദിവാൻ പി. നാരായണമേനോന്റെ ആദ്ധ്യക്ഷത്തിൽ ഒരു പൊതുയോഗം സംഘടിപ്പിച്ചു' . ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരുമായ അംഗങ്ങളടങ്ങുന്ന ഒരു കേന്ദ്ര വെള്ളപ്പൊക്ക ദുരിതാശ്വാസ കമ്മിറ്റി രൂപീകരിക്കാൻ യോഗത്തിൽവെച്ചു തീരുമാനമെടുത്തു. ദുരിതാശ്വാസ നടപടികളുടെ മേൽനോട്ടം വഹിക്കാൻ കമ്മറ്റിയെ

അധികാരപ്പെടുത്തി.

കമ്മറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് അതിലെ 91 അംഗങ്ങളിൽ നിന്ന് 15 പേരടങ്ങിയ ഒരു പ്രവർത്തക സമിതിയെ തിരഞ്ഞെടുത്തു. പ്രവർത്തകസമിതിയിൽ ഞാൻ അംഗമായിരുന്നു.

വെള്ളപ്പൊക്കം കാരണം കൊച്ചിരാജ്യത്തുണ്ടായ നാശനഷ്ടങ്ങളുടെ സ്വഭാവവും വ്യാപ്തിയും താഴെക്കൊടുക്കുന്ന കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും:-

| | |
|---|---|
| മരിച്ചുപോയവരുടെ എണ്ണം | 25 |
| പാടേ നശിച്ച വീടുകളുടെ എണ്ണം | 10,204 |
| ഭാഗികമായി നശിച്ച വീടുകളുടെ എണ്ണം | 3,138 |
| ആകെ നഷ്ടം | 6,36,642 രൂപ |

